# BLU RAY

LITTLE KITES MAGAZINE | 2K19-20

LITTLE KITES

GHSS MEENANGADI | WAYANAD

# BLU RAY

## മാഗസിൻ 2019-20

## ഗവ.ഹയർ സെക്കണ്ടറി സ്കൂൾ മീനങ്ങാടി

സ്റ്റാഫ് എഡിറ്റർ : അനിൽ കുമാർ.

സ്റ്റുഡന്റ് എഡിറ്റർ : ദിലൻ എ.എൽ.

പത്രാധിപ സമിതി : രാജേന്ദ്രൻ എം, മനോജ് സി
ഷീജ മാത്യു.

കവർപേജ് : : ഫസൽ റഹ്മാൻ.



# Message

It gives me immence pleasure to know that our school Little Kites club is publishing its magazine. The school magazine serves as a medium to satiate the creative yearning of the students. In fact young talents finds its first experience through this medium.The magazine also records the achievements and various activities of our institution. My special accolade go to all those who have worked behind for completion of this venture.

ABDUL NAZAR P A,

PRINCIPAL ,

GHSS MEENANGADI,

WAYANAD.




# ആശംസ

മനുഷ്യന്റെ ശാരീരികവും മാനസികവും ഭൗതികം തുടങ്ങി സർവ്വവിധ വികാസമാണ് വിദ്യാഭ്യസത്തിന്റെ ലക്ഷ്യം. കേവലം പുസ്തകപഠനത്തിൽ നിന്ന് മാറി നൂതനതസങ്കേതിക വിദ്യകളെ ഉപയോഗിച്ചുള്ള പഠനം കുട്ടികളിൽ താൽപര്യവർധനവും പെട്ടന്നുള്ള ആശയ ഗ്രഹണത്തിനും സഹായകമാകുന്നു. മാറിയ സാഹചര്യത്തിൽ ക്ലാസ് മുറികളിലെ അന്തരീക്ഷം സാങ്കേതികവിദ്യകൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ളതായി മാറിരിക്കുകയാണ്. അതോടൊപ്പം അവരുടെ സർഗാത്മകസൃഷ്ടികളെയും പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വിവരവിനിമയ സാങ്കേതിക വിദ്യയിൽ താത്പര്യമുള്ളവരെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകി മികവുറ്റവരാക്കിമാറ്റാനുള്ള പരിപാടിയുടെ ഭാഗമായി "ലിറ്റിൽ കൈറ്റ്സ് " വിദ്യാലയങ്ങളിൽ പ്രവർത്തച്ചുവരികയാണല്ലോ. കുട്ടികളിലെ സർഗാത്മകതയെ കണ്ടെത്തുകയും സൃഷ്ടികളെ ഡിജിറ്റലൈസ് ചെയ്ത് മാഗസിൻ രൂപത്തിലാക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി മീനങ്ങാടി ജി.എച്ച്.എസ്.എസിലെ 'ലിറ്റിൽ കൈറ്റ്സ് 'തയ്യാറാകുന്ന പ്രസ്തുത മാഗസിന് എല്ല വിധ ഭാവുകങ്ങളും നേരുന്നു.

HM

NARAYANAN

G H S S MEENANGADI

## ഉള്ളടക്കം

Message....................................................3
ആശംസ....................................................4
....................................................4
മുഖമൊഴി....................................................8
സന്ദേശം....................................................9
PTA പ്രസിഡന്റ്....................................................9
ആശംസ....................................................10
എസ്.എം.സി ചെയർമാൻ....................................................10
മീനങ്ങാടിയിലെ കുട്ടിപട്ടങ്ങൾ....................................................11
ലിറ്റിൽ കൈറ്റ്സ് ഉയർന്നതലക്യാമ്പിൽ പങ്കെടുക്കുന്നവർ....................................................12
വിജയപഥങ്ങളിലൂടെ....................................................13
ലിറ്റിൽ കൈറ്റ്സ് മീനങ്ങാടി....................................................13
....................................................15
ഒരു തുള്ളി നീരിനായ്....................................................15
FRIEND SHIP....................................................16
COME LET US READ....................................................18
ശ്രുതിയില്ലാത്ത 'തംബുരു'....................................................19
കരുണയുടെ കണ്ണീർ....................................................22
ATAL TINKERING LAB....................................................23
The Women And The Cock....................................................24
Good bye party to EPM....................................................25
അമ്മ....................................................28
ആവർത്തനം....................................................29
ഓരോ കാൽവെപ്പും ഓരോ മാറ്റത്തിനായി....................................................30
HE IS NOT DISABLED HE IS DIFFERENTLY ABLED....................................................32
الثقة بالنفس مفتاح للنجاح....................................................35
AMAZING THOUGHT’S....................................................37
സൂത്രശാലിയായ മുയൽ....................................................38
Little KITEs – അനുഭവക്കുറിപ്പ്....................................................39
BE POSITIVE....................................................44
The Secret....................................................45
NCC....................................................48
भूख....................................................49
spc....................................................51
മീനങ്ങാടിയിലെ അമ്മമാരും ഇനി ഹൈടെക്....................................................54
മഞ്ഞു തുള്ളികൾ....................................................58
Sunset....................................................59

പ്രകൃതിയുടെ നിറവിലേക്ക്.......60
ഇന്ത്യൻ ജ്യോതിശാസ്ത്രത്തിന്റെ നാൾവഴികൾ.......61
കളി.......65
സ്മാർട്ട്-40 ക്യാമ്പ് 2019-20.......66
മനുഷ്യ ശക്തി.......67
സിവി രാമൻ സംസ്ഥാന തല ഉപന്യാസ മത്സരം.......68
.......68
.......69
ദൈവാനുഗ്രഹം.......69
..........അരുത് മാനവരെ.......70
WHAT MAKES A GOOD.......71
? TEACHER.......71
മണ്ണ്.......72
ചന്ദ്രൻ.......73
..........ഇനിയെന്ത്.......74
പ്രളയഗാനം.......75
പൂക്കൾക്ക് പറയാനുള്ളത്.......76
.......79
ജീവിതസായാഹ്നം.......80
തണൽ മരം.......81
ഇന്നും തടങ്കലിൽ.......82
മേരി ക്യൂറി.......83
SAVE NH766 , SAVE WAYANAD.......84
മറക്കാതിരിക്കാം.......86
Dreams.......88
രാത്രിയാത്രാ നിരോധനം ഒരു പാരിസ്ഥിതിക പ്രശ്നം ആണോ.......89
ഇന്നത്തെ ലക്ഷ്യം നാളത്തെ വിജയം.......90
Hope.......92
അത്യാഗ്രഹി.......93
മഴക്കാലം.......95
ഞാറ്റുവേലപൂക്കൾ.......96
സർപ്പക്കാവ്.......97
........എന്റെ ഗ്രാമം.......98
അമ്മ.......99
വരയുടെ വർണ്ണലോകം.......101
STATE SASTROLSAVAM WINNERS.......102

# Blu Ray


മീനങ്ങാടിയുടെ കരുത്ത് ---ജില്ലാ കായികമേള.........103
KALAMELA STATE WINNERS.........104
മീനങ്ങാടിയിലെ നക്ഷത്രങ്ങൾ.........104
.........105

# മുഖമൊഴി

ഇത് 'blu ray'. ഞങ്ങളുടെ കുട്ടി പട്ടങ്ങളുടെ സർഗ സ്പർശം . ഇതിലെ ഓരോ രചനയും നിങ്ങളോട് സംവദിക്കുന്നവ മാത്രം. അറിവും, അനുഭവവും, ഉൺമയും, ഉള്ളുണർവും നന്മയും, വെളിച്ചവും ഏറ്റവും തെളിമയിൽ നമ്മുടെ കുട്ടികൾ വിവർത്തനം ചെയ്തതിന്റെ അക്ഷര സാക്ഷ്യമാണിത് . മരം കിളിയോടും കിളി ആകാശത്തോടും ആകാശം മഴ മേഘങ്ങളോടും അവരവരുടെ ആശകളും ,ആശങ്കകളും ചൊല്ലിയതു പോലെ ഇവിടെ ഈ കോറിയിടലുകൾ നിങ്ങളോടും പലതും മൊഴിഞ്ഞേക്കാം. അറിഞ്ഞ് വായിക്കുമ്പോൾ പട്ടത്തിന്റെ രസചരട് വിട്ട് പോകാതെ നോക്കുക. അക്ഷരങ്ങളിലെ ആർദ്രതയെ ചേർത്ത് പിടിക്കുക.. ആഴങ്ങളിലൊഴുകുന്ന സ്നേഹനിധിയെ വീണ്ടെടുക്കുക. കുട്ടിത്തത്തിന്റെ ചിന്തകൾ വ്യാകുലതകൾ, ആശകൾ ,ആശങ്കകൾ ഇമ്മട്ടിൽ കോർത്തിണക്കാൻ ശ്രമിച്ച എല്ലാ സുമനസ്സുകൾക്കും സ്നേഹത്തിൽ ചാലിച്ച നന്ദി.



സ്റ്റാഫ് എഡിറ്റർ
അനിൽ കുമാർ കെ
എച്ച് എസ് റ്റി മലയാളം.

# സന്ദേശം

പുതിയ പുതിയ ആശയങ്ങൾ കണ്ടെത്തി പരിപോഷിക്കുവാൻ നിങ്ങൾ ഒരോരുത്തരും എടുത്ത പ്രയത്നം വളരെ വലുതാണ്. ഇത്തരം പ്രവർത്തനം നിങ്ങളുടേയും നമ്മുടെ വിദ്യാലയത്തിന്റെയും യശസ്സ് വാനോളം ഉയർത്തും എന്നതിൽ ഞാൻ അഭിമാനിക്കുന്നു. വിദ്യാലയത്തിന്റെ മൂല്യം മനസിലാക്കിയുള്ള നിങ്ങളുടെ ഈ പുതിയ ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങൾ നേരുന്നതോടൊപ്പം ഭാവിയിൽ എല്ലാ പരിശ്രമങ്ങൾക്കും വിജയാശംസകൾ നേരുന്നു.

മനോജ് ചന്ദനക്കാവ്

PTA പ്രസിഡന്റ്



# ആശംസ

മീനങ്ങാടി ഗവ:ഹയർസെക്കണ്ടറി സ്കൂൾ ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ  പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം. വായനക്കാരനെ ആസ്വാദനത്തിന്റെ കൊടുമുടിയിലേറ്റുന്ന രചനകൾകൊണ്ട് സമ്പന്നമാണ് 'ഇ' മാഗസിൻ. കഥയുടേയും കവിതയുടേയും മറ്റ് സർഗ്ഗസൃഷ്ടികളുടേയും പുതിയ സഞ്ചാരവീഥികൾ കണ്ടെത്താൻ ഇളം തലമുറക്ക് കഴിഞ്ഞു എന്നതിൽ അഭിമാനിക്കുന്നു.

ആശംസകളോടെ

ഹൈറുദ്ദീൻ ടി.എം

എസ്.എം.സി ചെയർമാൻ



# മീനങ്ങാടിയിലെ കുട്ടിപട്ടങ്ങൾ



# ലിറ്റിൽ കൈറ്റ്സ് ഉയർന്നതലക്യാമ്പിൽ പങ്കെടുക്കുന്നവർ



# വിജയപഥങ്ങളിലൂടെ

## ലിറ്റിൽ കൈറ്റ്സ് മീനങ്ങാടി





2018 ജൂൺ മാസം 10 ന് ഉദ്ഘാടനം ചെയ്ത GHS മീനങ്ങാടിയിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. 2018-20 ബാച്ചിൽ 40 വിദ്യാർഥികളും 2019-21 ബാച്ചിൽ 38 വിദ്യാർഥികളും സജീവമായി ക്ലബ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. എല്ലാ ബുധനാഴ്ച്ചകളിലും സിലബസ് പ്രകാരമുള്ള ക്ലാസുകൾ നടത്തി വരുന്നു. കൂടാതെ ഒഴിവ് സമയങ്ങളിലും അംഗങ്ങൾ It Lab ൽ സജീവ സാനിധ്യമാണ്. സ്കൂളിലെ പാഠ്യ-പാഠ്യേതര മേഖലകളിലുള്ള പ്രവർത്തനങ്ങൾ SLR Camera യുടെ സഹായത്തോടെ record ചെയത് സൂക്ഷിക്കുന്നത് ഒരു പ്രധാന പ്രവർത്തനമാണ്. സ്കൂളിൽ നടത്തപ്പെട്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങളുടെ പ്രോഗ്രാമുകൾ VICTERS ചാനലിൽ സംപ്രേക്ഷണം ചെയ്യുകയുണ്ടായി. It സാങ്കേതിക വിദ്യയുടെ പ്രവർത്തന മണ്ഡലങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിനായി CIub അംഗങ്ങൾ ഒരു Off set press സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി.

### *Uniform*



കുട്ടപ്പട്ടങ്ങൾക്ക് തങ്ങളുടെ identity തിരിച്ചറിയുന്നതിന്റെ ഭാഗമായി മനോഹരമായ ഓവർകോട്ട് തയ്യാറാക്കി നൽകിയിട്ടുണ്ട്. എല്ലാ ബുധനാഴ്ച്ചകളിലും club അംഗങ്ങൾ ഈ യൂനിഫോം ധരിച്ചാണ് School -ൽ വരുന്നത്. അവരുടെ ആത്മവിശ്വാസം വർദ്ധിക്കുന്നതിന് ഇത് സഹായകമായിട്ടുണ്ട്.



### *IT മേളയിലെ പങ്കാളിത്തം*

സംസ്ഥാന ശാസ്ത്രോൽസവത്തോടനുബന്ധിച്ചുള്ള IT മേളയിൽ Sohool -ന്റെ പ്രകടനം മികവുറ്റതാണ്. 2018-ലും 2019-ലും School സുൽത്താൻ ബത്തേരി സബ്‌ജില്ലയിൽ over all ചാമ്പ്യൻഷിപ്പും വയനാട് ജില്ലയിൽ Second over all ഉം കരസ്ഥമാക്കിയിട്ടുണ്ട്.

2019-20 സംസ്ഥാന It മേളയിൽ മികച്ച സ്കൂൾ പട്ടികയിൽ വിദ്യാലയം ഏഴാം സ്ഥാനത്ത് നിൽക്കുന്നു.

## സംസ്ഥാന അവാർഡ്

2018-19 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി Kite സംസ്ഥാന തലത്തിൽ അവാർഡ് നിശ്ചയിച്ചപ്പോൾ മീനങ്ങാടി GHS ലെ ലിറ്റിൽ കൈറ്റ്സ് , വയനാട് ജില്ലയിലെ മികച്ച വിദ്യാലയത്തിനുള്ള 50000|- രൂപയുടെ പുരസ്കാരവും പ്രശംസ പത്രവും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ രവിന്ദ്രനാഥിൽ നിന്ന് ലഭിക്കുകയുണ്ടായി.



## സ്മാർട്ട് മദർ പരിശീലനം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അമ്മമാരെ ഹൈടെക് ആക്കുന്ന പരിശീലനം നമ്മുടെ സ്കൂളിലും നടന്നു. 500-ൽ കുറയാത്ത അമ്മമാർക്ക് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിശീലനം നൽകി. പുതിയ ക്ലാസ് മുറികൾ, പുതിയ സാങ്കേതിക



വിദ്യ-എങ്ങനെ അമ്മമാരെ ഹൈടെക് ആക്കാം' എന്നതിനെ കുറിച്ച് SITC, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ/മിസ്ട്രസ് ക്ലാസുകൾ നൽകി. കുട്ടികൾ കടന്നു പോകുന്ന ഹൈടെക് ക്ലാസ് മുറികളും ബോധന രീതികളും അമ്മമാർ മനസ്സിലാക്കുന്നതിനും സ്മാർട്ട് ഫോൺ എങ്ങനെ കുട്ടികളുടെ പഠനത്തിന് സഹായകരമായി ഉപയോഗിക്കാം എന്നതിനെകുറിച്ചും പരിശീലനം നടന്നു. തുടർന്ന് QR code Scanning, victers app downloading, സമഗ്രാ app downlođing, സൈബർ സുരക്ഷ എനിവയെ കുറിച്ച് അധ്യാപകരുടെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ class എടുത്തു.

## തുടർ പ്രവർത്തനങ്ങൾ



2020-22 വർഷത്തെ 40 വിദ്യാർഥികളെ അഭിരുചി പരീക്ഷ നടത്തി തിരഞ്ഞെടുത്തു. വരും വർഷങ്ങളിലും GHSS മീനങ്ങാടിയിലെ little Kites മികവുകളോടെ മുന്നേറുമെന്ന പ്രതീക്ഷയോടെ

Sheeja Mathew
Little Kites mistress

# ഒരു തുള്ളി നീരിനായ്

ഒരുപാട് വെള്ളം പാഴാക്കിയോർ നമ്മൾ
ഒരു തുള്ളി നീരിനായ് അലഞ്ഞീടുന്നു....
ഇന്നൊരു തുള്ളി നീരിനായ് അലഞ്ഞീടുന്നു...
മനുജന്റെ കൈകളാൽ വെട്ടേറ്റു വീഴുന്ന
മരങ്ങളും മലകളും എത്രയെത്രാ
മണലിനു വേണ്ടി നാം കുഴികൾ തീർത്തു
പാവം ഒഴുകുന്ന പുഴയയേയും കൊന്നൊടുക്കി
മണ്ണിനെ നമ്മൾ മലിനമാക്കി
വിണ്ണിലെ ജീവിതം ദുരിതമാക്കി
ഈ വിണ്ണിലെ ജീവിതം നരകമാക്കി
പൊള്ളുന്ന വെയിലത്ത് നമ്മളെകാക്കുവാൻ
ഒരുവൃക്ഷമെങ്കിലും ബാക്കിയുണ്ടോ ?
ഇവിടെ ഒരുവൃക്ഷമെങ്കിലും ബാക്കിയുണ്ടോ ?
ചെയ്ത തെറ്റൊക്കെ തിരുത്തുവാനിനിയൊരു
ദിവസമുണ്ടോ എന്നറിഞ്ഞുകൂടാ
എങ്കിലും ഇപ്പോഴും എൻമനം ചൊല്ലൊന്നും
വൈകിയിട്ടില്ലാ കൂട്ടുകാരെ
നമ്മൾ വൈകിയിട്ടില്ലാ കൂട്ടുകാരെ
ഒരു തുള്ളിനീരിനായ് ഒരു തൈ നടാം
നമുക്കൊരു നല്ല നാളെക്കായ്
ഒരു തൈ നടാം

ഒരു തുള്ളിനീരിനായ് ഒരു തൈ നടാം





*നിരഞ്ജ് കെ ഇന്ദ്രൻ*

**9E**

# FRIEND SHIP

Friendship is believing each other. friendship is caring sharing and sticking together too there are many to show friendship.the bus was coming soon and Ram didn't have his stuff packed up .he was having a hard day. Kukoo and Tuttu helped Adhi to pack his stuff up quickly, so he could make it to the bus on time. they were showing their friendship Adhi . Noura's best friend, Nysha was in the hospital. She had all of her class make Nysha get well cards. When she visited her friend in the hospital, Nysha's other friends scared to see her when she was sick, but Noura cared about Nysha and talk with her no matter what!
Noura was a good friend.

How do you show your friendship?



***Anarkali k s***
***VII: A***

# Light

I do not want to have you

To fill the empty parts of me

I want to be full on my own

I want to be so complete

I could light a whole city

And then,

I want to have you

Cause two of us combined

could set it on fire.



***Feba Reji XA***

# COME LET US READ

In today's world, however, they have been supplemented by information technology. Therefore attraction for books has been minimized in general. To aviod newspaper reader may browse through news websites and everyone find it easy to download any information required without going through details in volumes of books. Reading is away you acquire knowledge. It is indeed a blessing when children show love of books and are devoted to reading.


It is through reading that the art of expression and communication enhances. It gives confidence for public speaking and make one articulate.

It is said a man without books, magazines and periodicals is a house without doors, windows and ventilators. Though education is world wide effort along with advancement of science and technology, the value of books and leisure of reading is unique. However it is losing pace. Children generally, who are so familiar with television, video and computer etc. Find reading book a boring and tedious test. Those who read, both children and grown ups, however are well informed and anchor knowledge.

A question arises to improve and give the best to the coming generations.The lines of William words worth echo here 'The child is the father of the man'and we have to mould vivid and perfect personalities by developing reading habits among to face the world.

Books are the keys to wisdom treasure
books are gates to lands of pleasure
Books are paths that upward lead
books are friends....

**COME LET US READ.**



***Gayathri P.B***
***9 G***

# 'ശ്രുതിയില്ലാത്ത 'തംബുരു



ഓർമ്മകളിൽ തേങ്ങലുമായ്
തെരുവിൽ ഉറങ്ങീടും തവ ഗായകൻ താൻ
നമ്മൾതൻ ജന്മത്തിനവകാശങ്ങൾ
മണ്ണിലെയും വിണ്ണിലെയും തവ മനുഷ്യർ.

രാഗം പറന്ന പാട്ടുകൾ
താനേ മറഞ്ഞുപോകുകയോ
ജീവൻ വെടിഞ്ഞ വാക്കുകൾ
സാന്ത്വനമായിന്നണയുകയോ.........

നനയും മിഴിയില് ഉരുകും ജീവിതം
പകരം തരുമോ ചിരിയില് നിമിഷം
നിന്റെ മൗനനേരത്തും എന്നെ മൂടുന്ന
ഏകാന്തത നിമിഷങ്ങളോ.......

സഞ്ചരിക്കുകയാണിന്നുനീയെങ്കിലും
നേടുവാനാകാത്തതൊന്നുമില്ലെങ്കിലും
നേടിയതെന്തെന്ന
ചോദ്യമാണെപ്പോഴും.........



***SNEHA T.K***

***X-H***

# प्रेरणा

श्रीमन्, अवतरतु , प्राप्तञ्च तत् यदवतरणीयम् ।यानचालकस्य मृदुभाषणेन जागरितो सदाशिवः दीर्घिःनिश्वासानन्तरं करवस्त्रेण अश्रूणि अमार्जयत् । जनकः जननी एका कनिष्ठसोदरी , सदाशिवस्य परिवारः अयम् । पिता गोपालः कृषकः, माता गृहिणी च । सोदरी पञ्चमकक्षायां पठति । पठने अत्सुकः सदाशिवः बाल्ये एव स्वपरिवारस्य दैन्यतां दृष्ट्वा स्वामवस्थां प्रत्यभिजानाति स्म । गोपालःप्रतिदिनं केदारं गच्छति स्म । प्रातरारभ्य सायाह्नपर्यन्तं तत्र कृषिकर्माणि कृत्वा श्रान्तःसन् गृहं प्रत्यागच्छति स्म । धनागम-मार्गान्तरं विना गोपालः दैनिकव्ययपरिपूर्तये बहुकष्टमनुभवति स्म । रात्रौ निद्रां गते सति सदाशिवः अनेकवारं पित्रोः भाषणं श्रुणोति स्म यत् परिवारस्य निर्धनतामधिकृत्य । कृषेः लभ्यमान- वार्षिकादायेन एव पठनशुल्कं तथा वस्त्राणि, पुस्तकानि च क्रीणाति । उन्नतकुलजातः इत्यनेन सर्वकारेण दीयमानानि सः न लभते स्म । मित्राणि सर्वे आडम्बरपूर्ण जीवनं यापयति सति सदाशिवः तद्दृष्ट्वा स्वपरिवारस्य निजामवस्थामालोच्य दुःखितो भवति स्म ।

सदाशिवः कक्ष्यायां प्रथमस्थानीयः नासीत् । पठनान्तरीक्षस्याभावेन गृहकार्येषु तथा विद्यालयीयकार्येषु च तस्य इच्छाअल्पा आसीत् । रे सदाशिव त्वं किमेमुपविशसि अलस इव ।संस्कृताध्यापिका रागिणी भगिनी तं सर्वदा पृच्छति स्म । रागिणी सदाशिवस्य प्रियाध्यापिका अस्ति । सा सर्वदा सदाशिवं स्नेहभाषणैः लालयति स्म । सदाशिवस्य मनः भगिन्याः भाषणं आश्वासवर्षरूपेण आनन्दपूर्णं करोति स्म । स्वमनसः वातायनं तस्याः पुरतः उद्घाट्य सः आश्वासमनुभवति स्म । सदाशिवस्य पठनाय आवश्यकानि वस्तूनि रागिणी एव ददाति । रागिण्याः प्रेरणाभाषणं समीपनं सामीप्यञ्च सदाशिवस्य इच्छाशक्तिवर्धनाय अत्यन्तमुपकरोति स्म । गोपालः स्वपुत्रे प्रतीक्षां समर्प्य तस्य पठनाय सः बहुक्लेशं सोढ्वा आवश्यकानि सर्वाणि वस्तूनि क्रेतुं यतते स्म । एकदा विद्यालये स्वातन्त्र्यदिनाघोषवेलायामुद्घाटकत्वेन जिल्लाकलक्टर् समागतः । तस्य प्रौढिः गाम्भीर्यं तं प्रति आदरः इत्येते सदाशिवस्य मनसि चित्रितः इवाभवत् । सः रात्रौ स्वापसमये तमेव अचिन्तयत् । अहमपि तथा भवितुं शक्नोमि वा सः मनसि एवमपृच्छत् । अग्रिमदिने रागिणीभगिनीं स्वमनोविचारं सः जाल्येन प्राकटयत्

सा निःसंशयमवदत् । कुतो न ।त्वयापि शक्यते एव । किन्तु समीचीनपठनमावश्यकम् । अलसता मा भवेत् । इति । ततः परं वर्धतोत्साहः सः स्वपठने व्यापृतोभवत् । स्वेच्छां सः पितरमपि न्यवेदयत् । पितुः मनसि आनन्दः आकांक्षा च समागतः । रात्रौ जायया सह भाषणसमये सः निजस्थितिं तां बोधयति स्म । आगामीवर्षे

इतरेषामपि केदाराणि भाटकरूपेण स्वीकृत्य कृषिःकर्तव्या तेन इधिकरुप्यकाणि सम्पादनीयानि ।
कृषिव्ययाय वित्तकोशात् धनं गृहीतव्यमित्यादि भाविकार्याणि विचिन्त्य तौ निद्रां प्राप्तवन्तौ । एवं गते दशमकक्षायाः वार्षिकपरीक्षा समागता । सदाशिवः अत्युत्साहेन स्वपाठान् पठित्वा वर्धतोत्साहेन शालामगच्छत् । तस्मिन् वर्षे
एव प्रकृतेः संहारताण्डेन अकाले अधिकवृष्टिः आगता । केदारान् कुल्याः नदीःएवं सर्वाण्यपि जलोपप्लवैः प्रपूर्य मानवानां पक्षिमृगादीनां च मनस्सु भीतिमुत्पाद्य बहून् जीवजालान् मृत्युं प्रापिता प्रकृतिः । जलोपप्लवेन गोपालस्यापि कृषिः नाशं गताभवत् । किंकर्तव्यतामूढः सन् सः रात्रौ निद्रां विना स्वपरिवारं , वित्तकोशात् स्वीकृतस्य लक्षाधिकधनस्य प्रत्यर्पणविषयञ्च विचिन्त्य कालं यापयति स्म । प्रभाते स्वमातुः दीनरोदनं श्रुत्वा सदाशिवः मातुः प्रकोष्ठं गते सति सः अपश्यत् स्वपितुः देहान्तशरीरं प्रकोष्ठस्योपरि ।
लघुलेखंलिखित्वा सः स्वबान्धवान् सर्वान् विहाय परलोकमगात् ।

दिनानि अतीतानि । स्वपितुः इच्छापूर्तीकरणाय दृढव्रतो भूत्वा सदाशिवः दशमकक्षामुत्तीर्य उपरिपठनञ्च समाप्य इदानीं जिल्लाकलक्टर् इति रूपेण समागतोस्ति । IAS प्राप्य सः तस्याः एव जिल्लायाः अध्यक्षोस्ति इदानीम् । श्वः तस्य पूर्वविद्यालये स्वातन्त्र्यदिनाघोषः प्रचलति । विशिष्टातिथिः सदाशिवः एव । सदाशिवस्य प्रेरणादायिनी रागिणीभगिनी अपि तत्रैवास्ति । अनुग्रहाशीर्वादाः स्वीकर्तव्याः । सदाशिवस्य मनसि स्वविद्यालयं प्रति स्वगुरून् प्रति स्वबान्धवान् प्रति अभिमानः । आनन्दलभ्धये ततः किम्?

-----------------------------------



*രാജേന്ദ്രൻ എം*

*(ജി എച് എസ് എസ്*

*മീനങ്ങാടി)*

# എന്റെ (പൊതു)വിദ്യാലയം എത്ര സുന്ദരം!!!!!!



ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെ കേന്ദ്രീയ വിദ്യാലയത്തിൽ പഠിച്ച ഞാൻ എട്ടാം ക്ലാസിലാണ് മീനങ്ങാടി ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ ചേർന്നത്. വയനാട് ജില്ലയിൽ മാത്രമല്ല കേരളത്തിലെ തന്നെ അറിയപ്പെടുന്ന ഈ പൊതുവിദ്യാലയത്തിൽ മൂന്നുവർഷം ഒരു വിദ്യാർത്ഥിയായിരിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു.

മുൻപ് ഞാൻ പഠിച്ചിരുന്ന വിദ്യാലയത്തിൽ അക്കാദമിക കാര്യങ്ങൾക്ക് അമിതപ്രാധാന്യം നൽകി കുട്ടികളെ പഠിപ്പിച്ചിരുന്നു. എന്നാൽ ഈ വിദ്യാലയത്തിൽ പാഠ്യ മേഖലയോടൊപ്പം തന്നെ പ്രാധാന്യം പാഠ്യേതര മേഖലകളിലും നൽകുകയുണ്ടായി. ഇതു കൊണ്ട് തന്നെ പൂർണമായും പുസ്തകങ്ങളിൽ മാത്രമൊതുങ്ങാതെ സമൂഹവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ അടുത്തറിയാനും പഠിക്കാനും അവസരം ലഭിച്ചിട്ടുണ്ട്.

ഈ പൊതു വിദ്യാലയം സമൂഹത്തിന്റെ ഒരു പരിഛേദമാണ്. പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും പണക്കാരുടെയും മക്കൾ ഒരുമിച്ച് കളിക്കുകയും പഠിക്കുകയും സഹവസിക്കുകയും ചെയ്യുന്നതിലൂടെ വൈവിധ്യമുള്ള ധാരാളം അറിവുകളും ആശയങ്ങളും ലഭിക്കുകയുണ്ടായി.

NCC, SPC, JRC മുതലായ വിവിധ ക്ലബ്ബുകളിൽ പങ്കെടുക്കാനുള്ള അവസരം അസുലഭ സൗഭാഗ്യമായി വിദ്യാർത്ഥികൾ കാണുന്നു. ഞാനും ഒരു NCC കേഡറ്റ് എന്ന നിലയിൽ പ്രവർത്തിച്ചതിലൂടെ ഉത്തരവാദിത്വബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ള ഒരു വിദ്യാർത്ഥിയായി മാറാൻ ഇടയായി. നല്ല പൗരൻമാരെ വാർത്തെടുക്കാൻ ഇത്തരം

പ്രസ്ഥാനങ്ങളുടെ പങ്ക് നിസ്സാരമല്ല.

വിദ്യാഭ്യാസം എന്ന് പറയുന്നത് ഒരു വ്യക്തിയുടെ സമഗ്രമായ വളർച്ചയും വികാസവും ആണല്ലോ. പാഠപുസ്തകങ്ങളിലെ അറിവിനോടൊപ്പം കലാ, കായിക, ശാസ്ത്ര മേഖലകളിൽ കഴിവ് തെളിയിക്കാൻ ഈ വിദ്യാലയത്തിൽ നിരവധി അവസരങ്ങളുണ്ട്.

കുറേ വർഷങ്ങളായി കായികമേളയിൽ ജില്ലാ ചാമ്പ്യൻമാരായ എന്റെ വിദ്യാലയത്തിലെ കായിക മേളയിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത് ഭാഗ്യമായി കരുതുന്നു. കലോൽസവത്തിലും ജില്ലയിലും സംസ്ഥാനമേളയിലും മുന്നിൽനിൽക്കുന്ന മീനങ്ങാടി സ്കൂളിനെ പ്രതിനിധീകരിച്ച് രണ്ടുവർഷം വൃന്ദവാദ്യ മത്സരത്തിൽ പങ്കെടുക്കാൻ സാധിച്ചത് വിദ്യാർത്ഥി ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണ്.

കഴിഞ്ഞ മൂന്നു വർഷങ്ങളിലും ശാസ്ത്രമേളയിൽ പങ്കെടുത്ത് സബ്ജില്ലാ, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും A ഗ്രേഡ് വാങ്ങാനായതും ഈ പൊതുവിദ്യാലയം നൽകിയ വലിയ അവസരമാണ്. ഈ വിജയങ്ങൾക്കെല്ലാം എന്റെ ഗുരുനാഥൻമാരോട് കടപ്പെട്ടിരിക്കുന്നു.

സ്കൂൾ വാർഷികത്തിന് കുട്ടികളുടെ കഴിവുകൾ പൊതുസമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കാൻ ലഭിച്ച അസുലഭ സൗഭാഗ്യമായി കരുതുന്നു. ആ വേദിയിൽ വച്ച് ലഭിച്ച സമ്മാനങ്ങൾക്ക് മറ്റെല്ലാത്തിനെക്കാളും വിലയുള്ളതായി തോന്നി.

എല്ലാ ക്ലാസ്സുകളും ഹൈടെക് ആയി മാറിയ ഈ അന്താരാഷ്ട്ര വിദ്യാലയത്തിൽ പഠന മേഖലയ്ക്ക് നൽകുന്ന പ്രാധാന്യം എടുത്തുപറയേണ്ടതാണ്. ലാപ്ടോപ്പും കമ്പ്യൂട്ടറുമൊക്കെ ദൂരെ മാറിനിന്ന് നോക്കിക്കാണാൻ മാത്രം കഴിഞ്ഞിരുന്ന കാലത്ത് നിന്നും മാറി ഇവയെല്ലാം അനായാസമായി കൈകാര്യം ചെയ്യാനും, ക്ലാസിൽ പ്രോജക്ടറും സ്പീക്കറുമൊക്കെ കണക്ട് ചെയ്യാൻ ഉപയോഗിക്കാനും സാധിച്ചതിലൂടെ ലഭിച്ച ആത്മവിശ്വാസം ചെറുതല്ല.

വിജ്ഞാനത്തിനും വിനോദത്തിനും വിദ്യാർത്ഥികൾക്ക് ആവശ്യത്തിന് അവസരം നൽകുന്ന ഈ വിദ്യാലയത്തിൽ നിന്നും നടത്തിയ വിനോദയാത്രകളുടെ ഭാഗമാകാൻ എനിക്ക് സാധിച്ചു. കൂട്ടുകാരുമൊത്ത് നടത്തിയ ഈ യാത്രകൾ ജീവിതത്തിലെ തന്നെ മറക്കാനാവാത്ത അനുഭവങ്ങളാണ്.പൊതു വിദ്യാലയങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട

ഗവൺമെൻറ് അനേകം കോടി രൂപ വിദ്യാർഥികൾക്ക് വേണ്ടി ചിലവാക്കുന്നതായി മനസിലാക്കുന്നു. വിദ്യാർത്ഥി സമൂഹം ഇത് പരമാവധി മുതലാക്കാനും ഇതിലൂടെ നമ്മുടെ നാടിനും സമൂഹത്തിനും കൊള്ളാവുന്ന നല്ല വ്യക്തിത്വങ്ങൾ തിങ്ങിനിറഞ്ഞ നല്ല തലമുറകൾ രൂപപ്പെടാൻ ഇതുപോലുള്ള പൊതുവിദ്യാലയങ്ങൾ സാധിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു, സർവ്വവിധ ഭാവുകങ്ങളും നേരുന്നു.



ഡാൻ മാത്യു സാജ്

10 ഐ

# കരുണയുടെ കണ്ണീർ

മായാ മനോഹരിയായിരുന്ന നീ.....
നക്ഷത്ര കണ്ണുകളാൽ വന്ന്
എന്റെ നൊമ്പരങ്ങളെ നീ
നിന്റെ നൊമ്പരങ്ങളാക്കീ



നിന്റെ ആ നക്ഷത്രക്കണ്ണണില
എന്നോടുള്ള സഹതാപത്താ
ലുള്ള മുത്തുകൾ പോലുള്ള
ആ ചുടുകണ്ണീർ........ഹാ!.....

പൂർവ്വജന്മപാപത്താൽ
മലിനമായിരുന്ന
സ്നേഹിക്കുന്ന ജനതയെന്നെ
അവരുടെ നാലിന്യ കുംഭാരമാക്കി

എന്നാൽ നിന്റെ ആ കണ്ണുനീർ
എന്റെ ഹൃദയത്തെ സ്പർശിച്ച്
എനിക്ക് എന്റെ പാപത്തിൽ
നിന്നും മോക്ഷം നൽകി

ഹാ! എത്ര സുന്ദരിയായിരുന്ന
നീ കരുണയുടെ പ്രതിബിംബം .
സർവ്വ ചരാചര പാലിനയായ്
എന്നും വിളങ്ങിടുക നീ......

നിനക്കുമുന്നിൽ അലത്തല്ലി
ഒഴുകാനല്ലാതെ സാധുവാം ഈ
പുഴയ്ക്ക് മറ്റൊന്നും നൽകി
യതില്ല ഈശൻ.........

ഹന്താ നിന്നെ
പ്രണമിക്കുന്നു. എന്റെ
ഈ തുച്ഛ ജന്മത്തെ
നിന്റെ കൈകളാൽ പൂർണ്ണയാക്കിയതിനാൽ.........





*അനഘ ശങ്കർ*

# ATAL TINKERING LAB

I loved electronics since I was very young. When I joined in $8^{th}$ standard in GHSS Meenangadi, I heard about 'Atal Tinkering Lab'. I became very curious when I heard about that. I asked all science teachers and my class teacher about it. At last one day Pushpavally teacher took me to Atal Tinkering Lab. And I become a Lab member.

The lab was very amazing. The lab was flooded with electronic instruments. Most of them were I did’nt see before. There were 3D Printer, Humanoid Robot, Drone, 3D pen and many more. I played a lot with the Robot, Drone and 3D Pen. When I enter to the lab at first, the 3D Printer was printing a 3D hand. I thrilled when I saw that. I learned a lot from there. I learned ‘Arduino programming’ from there and I learned to use ‘Raspperi pi’ and ‘Bibox kit’ and to calculate resistance. The exotie thing use that, I cant belive my self, I made an RC car, smart home and 3D writter myself !! I love electronics and Atal Tinkering Lab very much.





***Ashish Roy 9H***

# The Women And The Cock

A very Pugnacious Women once lived in a village. All She had was only a Cock that used to crow in the morning to wake people up her callousness really exasperated the in habitants there.

One day the Lady decided to leave the village but at the last time she cursed the village that there wouldn't be morning from next day as the cock was being carried away who was the only source to awake the sun. She in other village thought the sun was glowing because of her cock. But after some days she became sad to think that in her earlier village all would living a life of darkness because the day appeared when her cock crowned but she had unknown of the fact that her cock crowned after the sun had risen.



***Muvithra.s VII G***

# Good Bye Party To EPM

As some one has told
“ To see , to know , to love
And then to part as the sad tale
Of many a human being’’.
Yes , now you are parting us
After giving an unseen power.
That was lacking in us for years.
You taught us the mental strength
Is not the strength to wound others
But the strength to console others
The power  of tolerance
The power of smile always on the face
Reminds  the great gift of laughing
By your melodic low voiced laughter
Your cheeks be always adored
By hundreds of rainbows
Your smile always seems
As an ever dancing stream
You have developed the Art
Of having the brightness of truth
You gave us water and food
To grow to its maximum
As  the father to his child
As the mother to her child
As an elder brother as all.
You showed the places  that we haven’t seen
You lead us towards the impossible path
You lead us towards road , water and sky
You  taught us not to be a frog
That must be always in the well
To know the real world

You took us here and there.

(***LAKSHA DWEEP* , *MANAALI (HP) CHENNAI, IDUKKI,HYDERABAAD* ,**
***DELHI* , *PANJAB* , *HARIYANA* , *VAGA BOARDER*** etc...)
Through **SHIP , TRAIN** and **PLANE**
All are only the distant dreams for me
Always you seems to be very happy
Try to make others to be happy
Your child - like innocent face
The blue ocean was there
In your sparkling eyes
That every one was attracted
The sandal paste on the fore head
As the regular visitor in the temple
Always as to be an optimistic physician
I always wanted to keep up
This relation as a never fading dress
The enlightment to see the extent of yourself
You came to SSA as the prince
As the conquerer of all hurdles
The days worked together with you
Feel as if ages and their multiples
You loved us so intensely
The moment at which
I become somebody else
The moment at which
I felt the chariot of time
Had stoped around me
The mind that you keep towards us
As calm as the river that sees the ocean
You entrust the duties to that person
Who is apt and dedicate to it.
Made many things as a Magic effect
You often with us to swim or to sink
In the wings of sweet memories
The innocent face that often seems
As an unclouded full moon
Lucky is the people who owned you
Luckiest are the people who retain you
You have got the gifted tongue

As  sweet voice as a boon
Not to use the rights of a superior
But use the freedom of an elder brother
The man with midas touch
In ***DTPC , SSA , DIET , SHOOLS*** and where else.
If I am alive , I will be remembering you.



**With your blessings – DAMODARAN.T**

# അമ്മ

സ്നേഹമായ് തഴുകുന്നജ്വാലയാണമ്മ
സ്നേഹം ചൊരിയുന്ന ദൈവമാണമ്മ
അമ്മയാൽ ഏറുന്ന സൗന്ദര്യമേകും
ശക്തി സൗന്ദര്യമാണമ്മ
പുസ്തകതാളിലെ അറിവാണമ്മ
ആദ്യാക്ഷരഗുരുവാണമ്മ
പത്തുമാസം ചുമനേകുന്ന അമ്മ
മുലയൂട്ടി വളർത്തിയെൻ അമ്മ
പിച്ചവെച്ച  വിരണ്ടോടി വീണാൽ
വാരിപുണരുന്ന അമ്മ.





**പാർവണ.പി.എം**

**VII C**

# ആവർത്തനം

മരവിച്ച വേരുകളെതിരയുന്ന നേരം
എവിടെയോ നിന്നാ നീർച്ചാലുകൾ എന്നെ
തഴുകിത്തലോടിയപ്പഴുംമർത്യാ....
നിൻ മനസ്സിൽ എന്നും എൻ്റെ അന്ത്യം...

ദാഹിച്ച വലഞ്ഞു തല
മേൽപ്പോട്ടുയർത്തവെ അറിയാതെ
ഞാൻ ചൊന്നു പോയി
"എന്തീ ക്രൂരത എന്നോട്"...

ഉരുകും എൻ ഹൃദയം
അറിഞ്ഞുകൊണ്ടെന്നെപ്പോൽ
മാനം കറുത്തു കരഞ്ഞു
തണുത്ത വെള്ളത്തുള്ളികൾ
തഴുകി തലോടിയപ്പഴും
പ്രതികാരദാഹിയായി ഞാൻ
അണഞ്ഞു രാക്ഷസ രൂപം..

വേരുകൾ തേടി ഞാൻ തിരിച്ച
വെട്ടിക്കീറി ഞാൻ
മർത്യൻെറ അഹന്തയും സ്വാർഥചിന്തയും
അന്നേരം അറിയാതെ മനുഷ്യാ....
നീ ചൊന്നുപ്പോയി
"എന്തിനീ ക്രൂരത എന്നോട്"



***Abida V A***
***9H***

# ഓരോ കാൽവെപ്പും ഓരോ മാറ്റത്തിനായി



സുഖസൗകര്യങ്ങൾക്കു മാത്രം വില നൽകുന്ന ഈ പുതു തലമുറഅവർ പൂർത്തിയാക്കേണ്ട പല കാര്യങ്ങളും മറന്ന് പോവുകയാണ്.എല്ലാവർക്കും ആസ്വദിച്ച് ജീവിക്കണം.അതിനു കൈയ്യിൽ നല്ല പണംവേണം.പണത്തിനായി ഇപ്പോൾ എന്തും ചെയ്യുനം ആർക്കും മടിയില്ല.നാം ചെയ്യുന്ന ഓരോ കാര്യങ്ങളും ബാക്കിയുള്ളവർക്ക് എന്തു സംഭവിച്ചാലും സാരമില്ല എന്ന മനോഭാവമാണ് മനുഷ്യർക്കുള്ളത്.

ജീവിക്കാൻ നമുക്ക് ഏറ്റവും ആവിശ്യമുള്ള ഘടകമായ പ്രകൃതിയെ പോലും ദിനംപ്രതി മനുഷ്യർ നശിപ്പിക്കുകയാണ്. പണ്ട് മനുഷ്യർ പുഴകളിലും തടാകങ്ങളിലും വെള്ളം കണ്ടു.ഇപ്പോൾ നമ്മൾ വെള്ളം കുപ്പിയിൽ കണ്ടു.അടുത്ത തലമുറ വെള്ളം കാണുകപോലുമുണ്ടാവില്ല.എന്ന മനസ്സിൽ തെളിയുന്ന വേവലാധി ഒരു പക്ഷെ ശരിയായിരിക്കും. അങ്ങനെയുള്ള ഒരു അവസ്ഥനമുക്ക് ആലോചിക്കാൻ പോലും കഴിയുന്നില്ല അപ്പോൾ അതുഅനുഭവിക്കണോ......? മാതാ പിതാ


ഗുരു ദൈവം എന്ന തത്ത്വം എല്ലാവരും മറന്ന് പോവുകയാണ്. നാം പഠിച്ച് വലിയ നിലയിൽ എത്തിയാൽ പിന്നെ മാതാ പിതാക്കളുടെ ഒരു ആവിശ്യവുമില്ല. എന്നാണ് എല്ലാവരുടെയും മനസ്സിൽ. ഒരു വയസ്സ് കഴിഞ്ഞാൽ അവരെ അനാഥാലയത്തിൽ കൊണ്ടു പോവുകയാണ് ഇപ്പോഴത്തെ 'ട്രൻട്. നമ്മുടെ സമൂഹം നമ്മുടേതാണ് പുതു തലുമുറ ഇങ്ങനെയായാൽഅടുത്ത തലമുറകൾക്ക് ഇവിടെ ജീവിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാവില്ലേ...?ഒരു നിമിഷം പോലും ആലോചിക്കാതെ എന്തും എടുത്തുചാടി ചെയ്യുന്ന ഈ തലമുറയെയാണോ നമ്മുടെ സമൂഹത്തിന് വേണ്ടത്.....? ഇന്നത്തെ ഈ കൗമാരപ്രായക്കാരാണ് അടുത്തതലമുറയുടെനട്ടെല്ലായി പ്രവർത്തിക്കേണ്ടത്. അവർ സമൂഹത്തെ അറിയണം ,

പ്രകൃതിയെ അറിയണം, മനുഷ്യരെ അറിയണം..... **"സുസ്മേഷ് ചന്ദ്രോത്തിന്റെ"** **'മരണവിദ്യാലയം'** എന്ന കൃതിയിൽസൂചിപ്പിക്കുന്നുണ്ട് ഇപ്പോയുള്ള ആളുകൾ തനിക്ക് ഒരു ശല്യവും ഇല്ലാതിരിക്കാൻ മറ്റുള്ളവരുനായി ഒരു ബന്ധവുമില്ലാതെ വായുദ്വാരങ്ങളിൽ പോലും വർത്തമാന പത്രങ്ങൾ തിരുകിവെച്ചിരിക്കുകയാണ്...... എന്നും വികസനങ്ങളുണ്ടെന്ന് പറയുമ്പോൾ, ഞാൻ കരുതുംഇതിനൊന്നും ഒരു മാറ്റവും ഉണ്ടാവില്ലേയെന്ന്. എന്നാൽ ഇതിനൊക്കെമാറ്റം ഉണ്ടാക്കേണ്ടത് നാം മനുഷ്യരാണ്. നാം ഓരോരുത്തരാണെന്ന്എനിക്ക് വ്യക്തമായി.ഇപ്പോൾ ഒന്നോ രണ്ടോ മഴ കൊണ്ട് പ്രളയം വരുന്നത് എന്ത് കൊണ്ടാണെന്ന് അറിയുമോ.......?

നമ്മുടെ പ്രകൃതിഅത്രയും നാശമായ നിലയിലാണുള്ളത് എന്ന് നമ്മുക്ക് മനസ്സിലാക്കാം. നമ്മുടെ പ്രകൃതി എങ്ങനെ നമുക്ക് കിട്ടിയോ, അതു കിട്ടിയപോലെ നമുക്ക് അടുത്ത തലമുറയ്ക്ക് നൽകാം...........പുതുതലമുറയുടെ കടമകൾ നമുക്ക് പൂർത്തിയാക്കാം. ഈ പുതു തലമുറയെ നല്ലതെല്ലെന്നു പറയുന്ന ആളുകളോട് ഈ പുതു തലമുറമാറ്റത്തിന്റെ തലമുറയാണെന്ന് മാറ്റിയെഴുതാം... നമുക്ക് മാറാം, നമ്മുടെ വീട്ടുകാരെ മാറ്റാം, നമ്മുടെ സമൂഹത്തെ മാറ്റാം, നമ്മുടെ രാജ്യത്തെ മാറ്റാം, അങ്ങനെ നമ്മുടെ ലോകത്തേയും നമുക്ക് മാറ്റി മറിക്കാം... നമ്മുടെ ഓരോ കാൽവെപ്പിലും ഓരോ മാറ്റങ്ങൾ സൃഷ്ടിക്കാം......

# HE IS NOT DISABLED HE IS DIFFERENTLY ABLED






14 Years old boy who hails from Wayanad. He is diagnosed with muscular dystrophy in early childhood. Art is new to him, something that he started experimenting a year back. But he works creative and truly inspiring. It is hard to even hold a brush or mix colours of his choice owing to his poor hand condition movements, but all this has not stopped this youngster from chasing his love and passion towards art. Today Joel has over more than 1000 paintings to his credit, all of this is drawn in a short duration of just one year.

Joel tryst with art began when a teacher visited him, young Joel decided to give her a simple painting on a card painted on his own. The teacher who was impressed spotted

creativity, talent and brilliance in the work. That is Joel got introduced to his art teacher Mr. Ramachandran , popularly known as KRP who is renowned artist. Joel got to learn basic art lessons from him. Today, Joel does not have a dull moment in his life.

Joel’s family comprising of his parents and elder sister are his biggest supporters. Earlier Joel used to get angry and irritated very soon because most of time he was sitting at home. But after he was introduced to the world of art, he became more calm and composed. Even through he finds its difficult to move his hands, he painted his hearts fell.

This youngster has already conducted over 10 exhibitions in various parts of Kerala. Joel who is currently studying in class 9 at GHSS Meenangadi near by his home.

Joel has already exhibited his works in prominent art galleries like Kozhikode Art Gallery and in a few schools as well. The family hopes that with better support Joel can do extra well in life and also became independent through art.

“Joel has been getting a lot of good reviews for his works. We are also helping him a lot. Hopefully, he will became a renowned artist when he grew up. Art and painting are very close to his heart”

Krishnakumar PS is a part of the NGO “MIND” that works towards empowering people with muscular dystrophy. Joel is also an integral part of “MIND”.

Due to his strong will his name being nominated for Shaan E Samaj Award. Which will be awarded on November 1 2019 at Y.W.C.A Auditorium, Ashoka road New Delhi. Congratulation Joel Biju its a proud moment.

“Joel is a true inspiration to all of us, regardless of whether they are disable or not. Painting is a passion for him. And he has

overcome his disability with determination in order to follow his heart. He does with so much of confidence. I would say that he is a role model and a true icon for us". He is not disable he is differently able.....



***FATHIMA DANEEN***
***9H***

# الثقة بالنفس مفتاح للنجاح

يجب أن يتمتع الطلاب بالثقة بالنفس ، فالطالب لا يستطيع التطور والنجاح في حياته إن لم يثق بنفسه وبقدرته على النجاح، ولذلك تعد الثقة بالنفس من أهم الصفات التى يجب على الفرد التدريب للحصول عليها.

ربما نرى في كثير من الطلاب شخصية ضعيفية، هل تفكر كيف تقوي هذه الشخصية ؟ وما هي طرقها؟ . واعملوا أوّلا هذه الشخصية ليست قصورة في التفكير أو في درجة ذكائها، بل هي قصورة في الشخصية نفسها، فهي شخصية تعجز عن الإندماج مع الآخرين مترددة، وتخشى دائما من نظرة الآخرين لها، ومن وقوعها بالحرج أمامهم، فالشخصية الضعيفية هي أسوأ أنواع الشخصيات. فضعيف الشخصية لا يعرف لماذا يعيش؟ وكيف يجب أن يعيش ، هي لا تستطيع إستغلال إمكانياتها وقدراتها، وهي تعيش في تخبّط دائم وتخشى أن تتقدم ، وهي أيضا تتهرّب من تحمّل المسؤوليات.

وأنت أيها الطلاب عليكم أن تخلّصوا من ضعف الشخصية وتقويها ، ولذلك يجب أن تتحكموا في مشاعركم وأفكاركم وسلوككم من خلال كبح جماح ذاتكم، وعدم خضوع للرغبات والنزوات، ومنع النفس من العادات السيّئة، والسيطرة على الغضب والإنفعال.

وإن ترغب أن تكون فيك شخصية حكيمة يجب عليك أن تتخلّص من الأفكار السلبية، وتوقّف عن قول كلمة "لا أستطيع" وتوقّف عن ترديد كلمة " أنا فاشل"، وتوقّف عن قول - أنك لا تصلح لأيّ عمل ، وتوقّف عن السماع آراء الناس فيك وإنتقاداتهم، ولا تسمح للمشاعر السلبية أن تجد مكانا لها في رأسك. ركّز على الجانب الإيجابي من الحياة.

ولتقوية شخصيتك حاجة إلى توسيع دائرة معارفك حتى تتخلّص من حالة الضعف التى تعيش فيها، ولذا إقرأْ وتعلّمْ وتحاولْ أن تبحث عن كلّما هو جديد ، هي ستكون فيك معرفة وخبرة.

وابعد عن التشاؤم، والتفاؤل هو سمات الأقوياء. ولذلك كن متفائلا دوما. وركّز في الأمور الإيجابية الموجودة في حياتك. التفاؤل يقوّي إرادتك مهما كثرت العقبات.

يا بنىّ كن مسؤولا عن أفعالك واعترف بخطئك ويجب عليك أن تكون مستقلا بأفكارك وآرائك حتى أفعالك دون أن تتأثر بأيّ أحد من محيطك، وعليك التحلّى بالصبر حتى تزيد ثقتك بنفسك شيئا فشيئا. وبذلك تصل للنجاح الذى تريد بكلّ ثقة،

التعاطف مع الآخرين هو أحد أهمّ الوسائل التى تقوّي الشخصية وتزيد الثقة بالنفس، قيل " أن مقياس قوّة الشخص هو في كيفية تعامله مع الأشخاص الذين لا يشكلون له أيّة فائدة"

أخيرا وإعلم أن شخصية الضعيفة شخصية غير محبوبة ولذلك حاول أن تتخلّص منها بتقوية شخصيتك من خلال السيطرة على الذات والتخلص من [1] السلبيات. والثقة بالنفس هي أهم مفاتيح للنجاح.



*Ruksana. v (Arabic)*

1 Arabic teacher   G H S S Meenangadi

# AMAZING THOUGHT'S

Never trust the doubted
Never doubt the trusted
God has given us real eyes
To realize the real lies.
Kill tensions before tension kills you.
Reach your goal, before goal kicks you.
Live the life before life leaves you.
Don't choose a friend who is
Ready to cry when you die.
Always choose a friend who is
Ready to die when you cry.
Never design your character
Like a garden where anyone can enter.
But design it like a sky
Where every one desire to reach



**Aavani Vijayakumar**
**9-H**

# സൂത്രശാലിയായ മുയൽ

ഒരിടത്ത് ഒരു വലിയ കാടുണ്ടായിരുന്നു അവിടെ മിട്ടു എന്ന ഒരു മുയലുണ്ടായിരുന്നു. അവൻ വളരെ സൂത്രശാലിയായിരുന്നു. ഒരു ദിവസം അവൻ്റെ അമ്മ ഒരു ദിവസം കുറച്ച് ക്യാരറ്റ് പറിച്ച് കൊണ്ടുവരാൻ പറഞ്ഞു. അവൻ പോകുന്ന വഴിയിൽ ഒരു കടുവ ഒളിച്ചിരിക്കുന്നുണ്ടായിരുന്നു. മട്ടുവിനെ കണ്ട കടുവ അവൻ അറിയാതെ അവനെ പിന്തുടരുന്നുണ്ടായിരുന്നു.മിട്ടു ക്യാരറ്റ് പറിച്ച് കൊണ്ടിരിക്കുമ്പോൾ അവൻ്റെ മുന്നിലേക്ക് കടുവ ചാടിവീണു.കടുവ അവനെ പിടിച്ചു.മിട്ടു വിൻ്റെ കൂട്ടുകാരൻ ആ വഴി വന്നിരുന്നു. ഈ കാഴ്ച്ചയെല്ലാം ആ കൂട്ടുകാരൻ കാണുന്നുണ്ടായിരുന്നു. അവൻ മിട്ടുവിൻ്റെ അടുത്തേക്ക് ഓടിവന്നു.കടുവയോട് പറഞ്ഞു എൻ്റെ കൂട്ടുകാരനെ വെറുതെ വിടണം എന്ന്.എന്നാൽ കടുവ കൂട്ടുകാരനെയും പിടിച്ചുകെട്ടി.മിട്ടുവിനൊരു സൂത്രം തോന്നി അവൻ കടുവയോട് പറഞ്ഞു ഞങ്ങളെ നിങ്ങൾ എന്തായാലും കഴിക്കും അതിന്ന് മുമ്പ് ഞങ്ങൾക്ക് എന്തായാലും ഒന്ന് ആലിംഗനം ചെയ്യണം.അവസാന ആഗ്രഹം സാധിച്ചുകൊടുക്കാൻ കടുവ തീരുമാനിച്ചു. അവൻ അവരുടെ കെട്ടഴിച്ചു വിട്ടു.ആ സമയം കൊണ്ട് അവർ രണ്ട് പേരും കൂടി ഓടി രക്ഷപ്പെട്ടു.



**അജ്മൽ.KS**

**6F**

# Little KITEs – അനുഭവക്കുറിപ്പ്




കേരളത്തിൽ 2018 ജനുവരി 22 നാണ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സ് (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെകനോളജി ഫോർ എജ്യുക്കേഷൻ) തിരുവനന്തപുരത്ത് വെച്ച് ഉദ്ഘാടനം ചെയ്തത്. അന്ന് ഞാൻ 8–ാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. SPC യിൽ ചേരാൻ ആഗ്രഹിച്ച എനിക്ക് അതിൽ സെലക്ഷൻ കിട്ടിയില്ല. ആ നിരാശയിൽ ഇരിക്കുമ്പോഴാണ് കൈറ്റ്സിന്റെ പ്രവേശനപ്പരീക്ഷ എഴുതുകയും അതിൽ നിന്നും ഞാനുൾപ്പെടെ 40 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും ചെയതത്.

എനിക്ക് ഏറ്റവും ഇഷ്ട്ട വിഷയം IT ആയതുകൊണ്ട് വളരെ സന്തോഷത്തോടും കൂടിയാണ് ഞാൻ ലിറ്റിൽ കൈറ്റ്സിന്റെ ഓരോ ക്ലാസ്സിലും പങ്കെടുത്തത്. എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരങ്ങളിലായിരുന്നു ക്ലാസ്സെടുത്തിരുന്നത്. മലയാളം ടൈപ്പിങ്ങ്, സൈബർ സേഫ്റ്റി, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, പ്രോഗ്രാമിങ്ങ്, ആനിമേഷൻ തുടങ്ങിയ കുറേ കാര്യങ്ങളെക്കുറിച്ച് മനോജ് സാറും ഷീജ ടീച്ചറും പഠിപ്പിച്ചുതന്നു. മികച്ച ലാബായിരുന്നു ഞങ്ങളുടേത്. ഒരു വസ്തുവിനെ എങ്ങനെയാണ് ആനിമേഷനിൽ ചലിപ്പിക്കുന്നതെന്ന് എന്ന

അറിവ് എന്നെ ആശ്ചര്യപ്പെടുത്തി.

ഞങ്ങളുടെ സബ്ജില്ലാ ക്യാമ്പ് അമ്പലവയൽ ജി.എച്ച്.എസ്.എസ്സിൽ വെച്ചായിരുന്നു. അതിൽ ഞാനുൾപ്പെടെ എട്ട് പേരാണ് പങ്കെടുത്തത്. ആ രണ്ട് ദിവസത്തെ ക്യാമ്പിൽ നല്ല രീതിയിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചു. അവിടെ നിന്നും ജില്ലാ ക്യാമ്പിലേക്ക് എന്നെയും അഖീഷിനെയും തിരഞ്ഞെടുത്തു.

ബത്തേരി സർവജന ഹൈസ്കൂളിൽ വെച്ച് ഫോട്ടോഗ്രഫിയെപ്പറ്റിയും ന്യൂസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ചും വിശദമായ രണ്ട് ദിവസത്തെ ക്ലാസ്സുണ്ടായിരുന്നു. ആ ക്ലാസ്സിൽ വെച്ചാണ് ക്യാമറ എങ്ങനെയെല്ലാം ഉപയോഗിക്കാമെന്നും ന്യൂസ് റിപ്പോർട്ട് എങ്ങനെയാണ് തയ്യാറാക്കണ്ടതെന്നും എനിക്ക് മനസ്സിലാക്കാനായത്. ഈ ക്യാമ്പിനു ശേഷം സ്കൂളിൽ നടക്കുന്ന പരിപാടികളുടെ ഫോട്ടോകളും വിഡിയോകളും എടുക്കാനും അതിനെപ്പറ്റിയുള്ള ന്യൂസ് റിപ്പോർട്ടുകൾ തയ്യാറാക്കാനും എനിക്ക് കഴിഞ്ഞു. ഞങ്ങളുടെ സ്കൂളിൽ ആദ്യമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'സംഹിത' യുടെ സ്റ്റുഡന്റ് എഡിറ്ററായി പ്രവർത്തിക്കാനും ജോയലിനെ കുറിച്ച് ചെറിയൊരു റിപ്പോർട്ട് അതിൽ തയ്യാറാക്കാനും എനിക്ക് സാധിച്ചു.

ലിറ്റിൽ കൈറ്റ്സിന്റെ ജില്ലാ ആസ്ഥാനമായ പനമരം ജി.എച്ച്.എസ്.എസിൽ ഫെബ്രുവരി 16, 17 തിയ്യതികളിലായിരുന്നു ജില്ലാ ക്യാമ്പ്. ജില്ലാ കോ-ഓർഡിനേറ്റർ തോമസ് സാറിന്റെ നേതൃത്വത്തിൽ നടന്ന സഹവാസക്യാമ്പിൽ വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 50 വിദ്യാർത്ഥികളാണ് പങ്കെടുത്തിരുന്നത്. 3D മോഡലിങ്ങും 3D ആനിമേഷനും 'Blender' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഠിക്കാൻ കഴിഞ്ഞു. സ്വന്തമായി ആനിമേഷൻ എങ്ങനെയാണ് ചെയ്യേണ്ടത് എന്ന് മനസ്സിലായി. ആ ക്യാമ്പിൽ പുതിയതായി കുറേ കൂട്ടുകാരെ പരിചയപ്പെടാനും കുറേ നല്ല അറിവുകളും അനുഭവങ്ങളും എനിക്കുണ്ടായ നേട്ടമായി ഞാൻ കരുതുന്നു. നമ്മുടെ സ്കൂളിൽ നിന്നും അനിമേഷൻ വിഭാഗത്തിൽ ഞാനും പ്രോഗ്രാമിങ്ങ് വിഭാഗത്തിൽ ആഖിഷും ആണ് പങ്കെടുത്തിരുന്നത്. പങ്കെടുത്ത എല്ലാവരും നല്ല പ്രവർത്തനമായിരുന്നു കാഴ്ചവെച്ചത്. ആഖിഷിനെ സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കാത്തത് എനിക്ക് വിഷമമായി. ഞാനുൾപ്പെടെ ആനിമേഷൻ വിഭാഗത്തിൽ അഞ്ചുപേരെയും പ്രോഗ്രാമിങ്ങ് വിഭാഗത്തിൽ അഞ്ചുപേരെയുമാണ് സ്റ്റേറ്റ് ക്യാമ്പിലേക്ക് തിരഞ്ഞെടുത്തത്.

ലിറ്റിൽ കൈറ്റ്സിൽ സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുത്തതിനു ശേഷം എന്റെ ഫോട്ടോ പതിച്ച ഫ്ലക്സ് സ്കൂളിൽ വെക്കുകയും സ്കൂൾ തുറക്കുന്ന ദിവസം എല്ലാവരുടേയും സാന്നിധ്യത്തിൽ സ്റ്റേജിൽ വെച്ച് എനിക്ക് മൊമെന്റോ വാങ്ങാനും സാധിച്ചു.

ലിറ്റിൽ കൈറ്റ് സ്കൂളുകളിൽ നടത്തുന്ന മികവിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ജില്ലാ,

സംസ്ഥാനതല അവാർഡുകളിൽ നമ്മുടെ ജില്ലയിൽ നിന്നും ഒന്നാം സ്ഥാനം മീനങ്ങാടി ജി.എച്.എസ്.എസിന്ന് നേടാൻ കഴിഞ്ഞു. കൈറ്റിന്റെ സ്കൂളിലെ പ്രവർത്തനങ്ങളിൽ എനിക്കും നല്ലൊരു പങ്ക് വഹിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. തിരുവനന്തപുരത്തെ ടാഗോർ തിയേറ്ററിൽ ജൂലൈ 5 ന് മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വിദ്യാഭ്യാസമന്ത്രി ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥിൽ നിന്നും 50,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്ന അവാർഡ് ഏറ്റുവാങ്ങാൻ എന്റെ അധ്യാപകരോടും കൂട്ടുകാരോടുമൊപ്പം എനിക്ക് കഴിഞ്ഞു. എനിക്ക് സ്വപ്നതുല്യമായ ഒരു വേദിയായിരുന്നു അത്. മന്ത്രിയോടൊപ്പം നിന്ന് ഞങ്ങൾ ഫോട്ടോ എടുത്തു. സന്തോഷവും അഭിമാനവും നിറഞ്ഞ നിമിഷങ്ങളായിരുന്നു അത്. തിരുവനന്തപുരത്തെ പ്ലാനറ്റോറിയവും കണ്ടതിന് ശേഷമാണ് ഞങ്ങൾ തിരിച്ചുപോന്നത്.

പിന്നീട് സ്റ്റേറ്റ് ക്യാമ്പിന് വേണ്ടിയുള്ള കാത്തിരിപ്പായിരുന്നു. ഓഗസ്റ്റ് 8, 9 തിയതികളിൽ എറണാകുളം സ്റ്റാർട്ടപ്പ് മിഷനിൽ വെച്ചായിരുന്നു ക്യാമ്പ്. Blender എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഉണ്ടാക്കിയ അനിമേഷൻ വീഡിയോകളുമായി അഞ്ചുപേരും പ്രോഗ്രാമിങ് വിഭാഗത്തിൽ നല്ലകണ്ടുപിടുത്തങ്ങളുമായി അഞ്ചുപേരും ഉൾപ്പടെ ഞങ്ങളുടെ പ്രിയപ്പെട്ട കൈറ്റ്സിന്റെ അധ്യാപകരായ തോമസ് സാറും, ഷാജി സാറും, മുഹമ്മദലി സാറും കൂടി ട്രാവലറിൽ ഓഗസ്റ്റ് 7 ന് ഉച്ചകഴിഞ്ഞ് എറണാകുളത്തേയ്ക്ക് പുറപ്പെട്ടു. അന്ന് രാത്രി എറണാകുളത്തുള്ള കൈറ്റിന്റെ സെന്ററിൽ താമസിച്ച് പിറ്റേന്ന് രാവിലെ സ്റ്റാർട്ടപ്പ് മിഷനിൽ ചെന്നു. വിദ്യാഭ്യാസമന്ത്രി ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ് സാറായിരുന്നു ക്യാമ്പ് ഉദ്ഘാടനം ചെയ്തത്. അവിടെ ഞങ്ങളെ കാത്തിരുന്ന കാഴ്ചകളും അറിവുകളും അവിസ്മരണീയമായിരുന്നു. AI (Artificial Intalligence), VR (Virtual Reality), Maker Village, Fab Lab etc തുടങ്ങിയ സെക്ഷനുകൾ സന്ദർശിക്കാനും അടുത്ത് അറിയാനും ആദ്യത്തെ ദിവസത്തെ ക്യാമ്പിൽ സാധിച്ചു.

അടുത്ത ദിവസത്തെ ക്യാമ്പിനായി ആകാംഷയോടെ കാത്തിരിക്കുമ്പോഴാണ് വീണ്ടും പ്രളയം വന്നത്. മഴ കനത്തതോടുകൂടി കേരളത്തിൽ പല സ്ഥലങ്ങളിലും വെള്ളം കയറാനും ഉരുൾപൊട്ടലുമൊക്കെ ഉണ്ടാവാൻ തുടങ്ങി. അതോടെ ഞങ്ങളുടെ രണ്ടാം ദിവസത്തെ ക്യാമ്പ് ക്യാൻസൽ ചെയ്തതായി അറിയിപ്പ് വന്നു. ഞങ്ങൾ തിരിച്ചുപോരാൻ തീരുമാനിച്ചു. മെട്രോയിൽ കയറി യാത്ര ചെയ്തതിന്ന് ശേഷം വായനാട്ടിലേക്ക് തിരിച്ചു. ആ യാത്ര വളരേ സാഹസികമായിരുന്നു. അപ്പോഴേക്കും പല സ്ഥലങ്ങളിലും വെള്ളം കയറാൻ തുടങ്ങിയിരുന്നു. മഴ കനത്തു. പലസ്ഥലങ്ങളിൽ നിന്നും ഞങ്ങളുടെ വാഹനം വഴിതിരിച്ചുവിട്ടു. ഒടുവിൽ രാത്രി 8-

30 ന് ഞാൻ വീട്ടിലെത്തി. രണ്ടാം ദിവസത്തെ ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാത്തതിന്റെ സങ്കടം ബാക്കിയാക്കി നല്ല കുറേ അറിവുകളും അനുഭവങ്ങളും നൽകിയ സംസ്ഥാന ക്യാമ്പ് അങ്ങനെ കഴിഞ്ഞു.

സെപ്റ്റംബർ 21 ന് കർണാടകയിൽ നിന്നും വിദ്യാഭ്യാസമന്ത്രിയും പ്രമുഖരും ഉൾപ്പടെ കുറേപേർ നമ്മുടെ സ്കൂൾ സന്ദർശിക്കാനിടയായി. ലിറ്റിൽ കൈറ്സിന്റെ പ്രവർത്തനങ്ങളും പഠനവും എങ്ങനെയാണ് എന്ന് നേരിട്ട് കാണാനും അറിയാനും വേണ്ടിയാണ് അവർ വന്നത്. സ്കൂളിലെ ഐടി ലാബും സ്മാർട്ട് ക്ലാസ്സ്മുറികളും അവർ സന്ദർശിച്ചു. ആ സന്ദർഭത്തിലും അവരുടെ ഫോട്ടോ എടുക്കാനും വീഡിയോ എടുക്കാനും റിപ്പോർട്ട് തയ്യാറാക്കി ടി.വി ചാനലിനു കൈമാറാനും എനിക്ക് സാധിച്ചു. ഒരൊറ്റമാസംകൊണ്ട് പതിനൊന്ന് ലക്ഷം വീട്ടമ്മമാർക്ക് QR Code അടക്കമുള്ള ഹൈടെക് വിദ്യകളിൽ പരിശീലനം നൽകുന്ന 'സ്മാർട്ടമ്മ' **കോഴ്സ്** ലിറ്റിൽ കൈറ്സിന്റെ കീഴിലിപ്പോൾ പ്രവർത്തനമാരംഭിക്കുന്നു. അന്താരാഷ്ട്രനിലവാരത്തിലേക്കുയർന്ന നമ്മുടെ സ്കൂളിന്റെ പുതിയ കെട്ടിടോദ്ഘാടനം കൂടി [2]കഴിയുന്നതോടെ ലോകത്തിൽ തന്നെ അറിയപ്പെടുന്ന കേരളത്തിലെ മികച്ച സ്കൂളായി മീനങ്ങാടി ജി.എച്.എസ്.എസ് മാറുമെന്നതിൽ സംശയമില്ല.

ലിറ്റിൽ കൈറ്റിൽ അംഗമായതോടുകൂടി എനിക്ക് ഒരുപാട് മാറ്റങ്ങളും കുറെ നല്ല അറിവുകളും അംഗീകാരങ്ങളും നേടിയെടുക്കാൻ കഴിഞ്ഞു. ഇത് ലിറ്റിൽ കൈറ്റ്സിലെ ഓരോ കൂട്ടുകാർക്കും പുതിയതായി വരും വർഷങ്ങളിൽ വരുന്ന വിദ്യാർഥികൾക്കും പ്രചോദനമാവട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് സന്തോഷത്തോടുകൂടി ഞാൻ നിര്ത്തുന്നു.

എന്ന്,



***Little KITEs Deputy Leader, Fasal Rahman***

2 ലിറ്റിത് കൈറ്റ്സ് സംസ്ഥാന ക്യാമ്പ് -വയനാട് ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

# मातृदेवो भव

भारतीयानां श्रेष्ठवाक्यं भवति मातृदेवो भव। भारतीयाः मातरं देवतुल्यं पश्यन्ति। प्रकृत्याः सर्वचराचराणां मातृरूपेण दर्शयति। गोमाता, गङ्गामाता, भारतमाता इति नामानि प्रसिद्धानि भवन्ति। पृथिवी इव माता सर्वंसहा भवति। तस्याः मनःक्षीरमिव निर्मलं भवति। स्वामी विवेकानन्दस्य माता भुवनेश्वरीदेवी, महात्मागान्ध्याः माता पुतलीबाई च अस्य उदाहरणं भवति। एकः शिशुः तस्य जननसमयात् एव प्रथमं मातुः वदनं पश्यति, मातुः शब्दं श्रुणोति प्रथमं माता इति वदति च। माता लाभेच्छया विना तस्याः पुत्रं पोषयति परिलालयति च। यः मातरं देवसमं पश्यति स्निह्यति तस्य त्रिमूर्तिणामनुग्रहं प्राप्यते इति पुराणे उक्तमस्ति। वयं प्रातः उत्थाय मातुः

पादस्पर्शनं कुर्मः। माता पिता गुरु दैवं इति तत्वे प्रथमस्थानीया, माता एव भवति। लोके श्रेष्ठं पुण्यं च भवति मातृसेवा। अतः वयं मातरं देवतातुल्यं पश्यामः।


. . . . . . . . . . . . . . . . . . . . . . . . . . . . . . .



*അനശ്രീ സാബു 10 I*

# BE POSITIVE


A frog decided to reach the
top of a tree
all frogs shouted,
“its impossible, Its impossible....”
Still the frog reached the top....
How?
Because...
He was DEAF...
And he thought
Everyone was encouraging him into
reach the top...
“Be deaf to negative thoughts...
If your aim is to reach your goal”.



**ABHINAV A.D**
**9.G**

# The Secret

*Almost everyone has herd the phrase "it's all in the mind" but how many have ever tried to understand its importance and implication ? Taught me how to live a peaceful and contented life and be the architect of my own happiness and success .In this book the author reveals a secret which she claims to have been known for countries .In the words of the author "it has been passed throw the years,highly coveted, hidden,lost,stolen brought vast sums of money.The essence of the book is the power of our minds which if identified and unleashed properly can create positive changes in our life. It deals with tuning our thought process which has the capability of making things happen even things things we otherwise would have never have imagined occurring. Every thing that happened to us is directly or indirectly the doing of our own thoughts which is modelled properly can change everything in our lives. The book deals with the mentioned theory scientifically saying that magnetic and a frequencies associated with each one of them and when the are in to universe. They attract like objects which are reflected back to us. In short our thoughts become reality. This books answers questions like why we are asked to culture good and healthy feeling right from our childhood. As a matter of fact these are the things that decide the course of our lives take. The importance and need of feelings and emotions the need of sometimes give in to things that our hearts desire for. The need to prematurely feel the things we want to happen,the need to take good care of our health,the need to treat ourselves with love and respect,the ways to make our relationships,with others work the need and ways of expressing our gratitude the maker as well as everyone and everything that have touched our life- all this have been discussed intricately in detailed mater in the book*







**Dilan A.L**
**IX A**

# അമരവാണിയുടെ അസ്തിത്വം

വർത്തമാനഭാരതത്തിലെ മാനവികതയുടെ മസ്തിഷ്കപ്രക്ഷാളനത്തിനുള്ള സമയമായി. കൊന്നും കൊലവിളിച്ചും കൊണ്ടും കൊടുത്തും നാം എങ്ങോട്ടാണ് പോകുന്നത് ? ഏകോദരസഹോദരങ്ങളെപ്പോലെ വാഴേണ്ട നാം എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരൻമാരാണ് എന്ന് വിദ്യാലയങ്ങളിൽ ഉച്ചൈസ്തരം ഉദ്ഘോഷിച്ച്പുറത്തിറ

ങ്ങുന്ന പുതുതലമുറ സമൂഹത്തിൽ , പ്രസ്താവനക്കു വിരുദ്ധമായ സംഭവവികാസങ്ങൾ കണ്ട് താൻ ആർജ്ജിച്ച സ്വഭാവമഹിമയെ ഉത്തെറിഞ്ഞ് ജീർണ്ണിച്ച സമൂഹത്തിന്റെ ഭാഗമായി മാറാൻ നിർബന്ധിതനാകുന്നു. ഇവിടെ ജാതിക്കും മതത്തിനും സമുദായത്തിനുമാണ് പ്രഥമപരിഗണന. ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്ന ആപ്തവാക്യം സ്മർത്തവ്യം തന്നെ.പൂർവ്വസൂരികളുടെ വിലമതിക്കാനാകാത്ത സാരോപദേശങ്ങൾ നമ്മുടെ കാതുകളിൽ എന്തുകൊണ്ട് വിഷയമാകുന്നില്ല? ഇവിടെയാണ്അമരവാണിയുടെ അസ്തിത്വത്തിന് പ്രസക്തി. ഒരിക്കലും മരിക്കാത്ത , മരണമില്ലാത്ത ദേവവാണിയുടെ ചിന്താധാരയിലെ നീർക്കുമിളകൾ ഓരോ മനുഷ്യരും സ്വീകരിക്കേണ്ടതാണ്. സംസ്കൃതം - സമ്യക്കൃതം നല്ലവണ്ണം മെച്ചപ്പെട്ടത് - എന്ന് ആശയംപറയാവുന്ന ഈ ഗീർവ്വാണിയെ ഇന്ന് എത്രപേർ ദേവഭാഷയെ അറിയാൻ ശ്രമിച്ചിട്ടുണ്ട്? നമ്മുടെ മക്കളെ നാം സുരവാക് പഠനത്തിന് പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ? സാംസ്കാരികോന്നമനത്തിനും സ്വഭാവരൂപീകരണത്തിനും ഉതകുന്ന പ്രസ്തുതഭാഷയെ സംരക്ഷിക്കേണ്ടതും വളർത്തേണ്ടതും നമ്മുടെ ഉത്തരവാദിത്തമല്ലേ? ഇതരഭാഷകളിലും വിജ്ഞാനമേഖലകളിലും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അവയിലെല്ലാം സംസ്കൃതത്തിന്റേതായ ഒരു സ്ഥായീഭാവം ഉണ്ടായിരിക്കുന്നതായി കാണാം. അറിഞ്ഞോ അറിയാതെയോ നാം ഉപയോഗിക്കുന്ന പദങ്ങളിലും നമ്മുടെ ശാസ്ത്രങ്ങളിലും ശാസ്ത്രേതരവിഷയങ്ങളിലും ഈ ഭാഷയു സജീവസാന്നിദ്ധ്യം ഒളിമങ്ങാതെ നിൽക്കുന്നത് കാണാം.സംസ്കൃതം ഒരു ഭാഷ എന്നതിൽ കവിഞ്ഞ് ഭാരതീയവിജ്ഞാനകേദാരം കൂടിയാണെന്നും ഭാരതത്തിന്റെ എല്ലാ വിജ്ഞാനശാഖകളും സംസ്കൃതഭാഷയിലാണ് സൂക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുതയും നാം മറന്നുകൂട.മലയാളഭാ,യുടെ ജനനിയല്ലെങ്കിലും ധാത്രി എന്ന നിലയിൽ സംസ്കൃതം പരിഗണനയർഹിക്കുന്നു.ഭാരതീയഭാഷകളുടെ ജീവാതുവാണ് ഗൈർവ്വാണി.

പാണിനിയും വരരുചിയും പതഞ്ജലിയും സംസ്കൃതത്തെ സാമാന്യജനതയുടെ ഭാഷ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഏതു ഭാഷയും കേട്ടും പറഞ്ഞും വായിച്ചും എഴുതിയുമാണ് വശത്താക്കുന്നത്. ആകാശവാണിയിൽ " സമ്പ്രതി വാർത്താഃ ശ്രൂയന്താം " എന്ന കേൾക്കുമ്പോൾ റേഡിയോ നിർത്തുന്നവരാണ് നമ്മിൽ ഏറിയകൂറും. കേൾക്കാനും വായിക്കാനും മറ്റും ലഭിക്കുന്ന അവസരം നാം പ്രയോജനപ്പെടുത്തിയേ മതിയാകൂ ഗുരുകുലരീതിയിലാണ് പണ്ടുകാലത്ത് സംസ്കൃതാധ്യാപനം നടന്നിരുന്നത്. കുട്ടികളിൽ ആസ്തിക്യബോധം , സദാചാരനിഷ്ഠ , ആത്മസംസ്കാരം , ധാർമ്മികത എന്നിവ നിലനർത്താൻ പണ്ടുള്ളവർ ശ്രദ്ധ ചെലുത്തിയിരുന്നു. കൂടല്ലൂർ , പയ്യൂർ , മേൽപ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിലെ നമ്പൂതിരി ഇല്ലങ്ങൾ ശാസ്ത്രാഭ്യാസകേന്ദ്രങ്ങൾ കൂടിയായിരുന്നു. അബ്രാഹ്മണർക്ക് സംസ്കൃതപഠനം നിഷേധിച്ചിരുന്നു എന്നുള്ള പ്രസ്താവനകൾ തികച്ചും വാസ്തവവിരുദ്ധമാണ്. അബ്രാഹ്മണരായ വാരിയർ , പിഷാരടി , നമ്പ്യാർ മുതലായവർ പാരമ്പര്യസംസ്കൃതപണ്ഡിതൻമാരായി തീർന്നിട്ടുണ്ട്.പലഅബ്രാഹ്മണജാതിക്കാരുടെയും പഴയഭവനങ്ങളിൽ കാണുന്ന താളിയോലഗ്രന്ഥങ്ങളുടെ സമുച്ചയം കാണിക്കുന്നത് അഭ്യസ്തവിദ്യരായ പലരും പണ്ടുകാലത്ത് ഇവിടങ്ങളിൽ ഉണ്ടായിരു ന്നുവെന്നാണ് . ബ്രാഹ്മണർ അബ്രാഹ്മണരുടെയും അവർണരുടെയും വിദ്യാഭ്യാസത്തിന് വിരോധികളായിരുന്നില്ലെന്നാണ്.'' രസികരഞ്ജിനി''എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ബ്രിട്ടീഷ് ആധിപത്യം ഭാരതത്തിൽ വേരോടിയതിന്റെ അലകൾ കെരളത്തിലും വന്നെത്തി.ഈ കാലയളവിൽ ഇംഗ്ലീഷ് ഭാഷക്ക് വലിയ പ്രധാന്യം കൽപ്പിക്കപ്പെടുകയും സംസ്കൃതത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താതിരിക്കുകയും ചെയ്തത് ഭാഷയുടെ അവനതിക്ക് കാരണമായി. ഇത് ബ്രിട്ടീഷുകാരുടെ തന്ത്രമായി കരുതാം. സ്വാതന്ത്ര്യത്തിനു ശേഷം ഹിന്ദി രാഷ്ട്രഭാഷയായത് സംസ്കൃതത്തെ ഒന്നുകൂടി ജനങ്ങളിൽനിന്ന് അകറ്റാൻ കാരണമായി. സംസ്കൃതഭാഷയുടെ പുനരുദ്ധാരണത്തിന് ധാരാളം സമിതികൾ സമർപ്പിച്ച ശുപാർശകളിൽ പലതും വെളിച്ചം കാണാതെ കി



ക്കാർതലത്തിൽപ്രോത്സാഹനവും പഠനസൗകര്യമൊരുക്കലും മറ്റും വേണ പഠിതാക്കൾ ഉണ്ടാകണം.ഇത്തരം പഠിതാക്കളെ സൃഷ്ടിക്കലാണ് ഭാഷാപ ഏറ്റവും അഭികാമ്യം.

---------------------------------------------

രാജേന്ദ്രൻ എം

സംസ്കൃതാധ്യാപകൻ ജി എച് എസ് എസ് മീനങ്ങാടി.

# NCC

ഒരു കുഞ്ഞുകുട്ടിക്ക് അവളുടെ ആഗ്രഹം സാത്ഷാത്കരിക്കാൻ വേണ്ടി അവൾ ഏതു കടമ്പ വേണമെങ്കിലും കടക്കും ഓരോ കുട്ടിക്കും ആഗ്രഹങ്ങളുണ്ട്. ആ ആഗ്രഹങ്ങളിലേക്ക് എത്താൻ ഓരോ മാധ്യമങ്ങളും എൻെറ ആഗ്രഹത്തിൻെറ സാത്ഷാത്ക്കരിക്കാരത്തിനുള്ള ഒരു മാധ്യമമായിരുന്നു NCC.National Cadet Crops.തലനിവർത്തി ഞാൻ എൻെറ രാജ്യത്തോട് പറയും ഞാൻ ഒരു NCC Cadet ആണ്.പല കാര്യങ്ങളും ഞാൻ പഠിച്ചിട്ടുണ്ട് .ഒരു കുട്ടിക്ക് വേണ്ട ഏല്ലാ ഗുണങ്ങളും NCC യിൽ നിന്നും ലഭിക്കും . അടക്കം, ഒതുക്കം, അച്ചടക്കം,അനുസരണ ഇതെല്ലാം എനിക്ക് ലഭിച്ചത് NCC യിൽ നിന്നും ലഭിച്ചതാണ്. എൻെറ രാജ്യത്തിനു വേണ്ടിയാണ് ഞാൻ സേവനം ചെയ്യുന്നത് എന്നു പറയുമ്പോൾ എന്നിൽ നിന്നും അകന്നു പോയ ജീവൻ എന്നിലേക്ക് തിരിച്ച് വന്ന ഒരു പ്രതീതിയാണ് . നിലാവത്തു അഴിച്ച വിട്ട കോഴികൾ പോലെയാണ് ഞങ്ങൾക്ക് NCC. ജീവിത യാത്രയിൽ എനിക്കൊരു

അനുഭവം കൂട്ടയായിരിക്കുകയാണ്.

ഭാരത് മാതാ കീ ജയ്.............



**Aleena Tencey 9 H**

# भूख

आसमान नीले रंग में था । भारीश कुछ-न-कुछ बरसाना चाहता था । पेड़ो धीरे-धीरे से चंचल होने और पतों हिलना था । एक नदी चुपके से धीमा में प्रवाह होता था । इस नदी का पार एक सुन्दर घर था । घर में अबु नामक एक लड़का था । सभी दिनों अबु उसके दोस्तो के साथ खेलना चाहता था । एक दिन एक नया पड़ोसी आ गया । एक पिता, माता और एक लड़का । इस लड़का का नाम था मनु । मनु एक सुन्दर लड़का था । इसके घर अतिगंभीर था । मनु का घर में अनेक घिड़की था । बड़ा बड़ा से अनेक दरवाज़ा था । अबू और बाकी दोस्तों घर देख़ने में आश्चर्य हो गयी । मनु के गंभीर घर देखकर अबू उसके छोटा से घर याद करना ।

"मनु सबसे भाग्यवान था । मेरे इससे घर ले जाओ भगवान ।" अबू ने भगवान से बोला ।

कुछ दिन बात,सूरज के चमक देख कर अबू शय्या में उड़ना । इसने शनिवार था । अबू बहुत घुशी थी का स्कूल थो नहीं जाओ । अबू शीक्र में खिला सकने को इसके मित्रों के साथ आ गया । खेलना शुरू करना और दोपहर में बजे था । अबू भूख चाहता था । अबू उसके याद लिया । घर में खाना को नहीं था । और में भी पहले रात के कुछ राइस था । अबू ने संकड होने लगा । इस समय मनु ने पुछा,

"हे दोस्तों, मेरे घर में माँ एक स्पेशल बूजन तैयार करना था । में बहुत घुशी था ।"

अबू ने इस भोजन खाने का लालज हो गया । मनु ने कुछ से पुछा और घर को दौड़कर आया । अबू धीमा से मनु से घर के अकेला दरवाज़ा के पास आया और एक शब्द सुनिया ।

"मनु शीक्र सॆ आओ। डाइनिंग टेबल में भोजन था।" इसने मनु का माँ था । इससे सुनकर अबू के मुँह में जल आ गयी। अबू धिमार से अन्दर आया और टेबल के उप्पर से एक कडैनेर में एक दोसा हाथ में ले करना।

"क्यों हे तुम्हारा?" । एक भीगार शब्द सुनकर अबू पिछले भाग में देखा । इससे मनु का पिता था ।

अबू रोना शुरू किया और पूछ,"अंकल में एक दरिद्र पडोसी था । इस दिन में 2-3 दिन मैं नहीं थो खाना। इस दिन मैं खेलना और भूख था। भूख का असमतलता तुम्हारें नहीं जाना।

परंतु भूख का संकड मेम जाना ।



**pavitra suresh**
**9 G**

# गांधी का डर

रात बहुत काली थी और मोहन डर हुआ था । गांधी भी भूतों और रात से डर लगता था । वह जब भी अँधेरे में अकेला होता उसे लगता की कोई भूत आस-पास हे और कभी भी उसपे चटपट पड़ेंगा । और आज थो इतना अँधेरा था की कुछ भी स्पष्ट नहीं दीक रहा था ,ऐसे में गांधी को एक कमरे से दुसरे कमरे में जाना था ।

वह हिम्मत करके कमरे से निकला , पर उसका दिल जोर-जोर से धड़कने लगा और चेहरा डर के भाव आ जाए । घर में काम करनेवाली उसका माँ वही दरवाज़ों पर घडी यह सब हस्ती से देख रही थी ।

"क्या हुआ बेटा ?" माँ ने हस्ते हुए पुछा ।

"मुझे डर लगा रहा हे, माँ ", गांधी ने उत्तर दिया ।

"डर ! बेटा, किस चीज़ का डर ?"

"देखो माँ, कितना अँधेरा हे ! मुझे भूतों से डर लगा रहा हे !" मोहन सहमते बुला ।

माँ ने प्यार से मोहन दास का पास आयें और कहा "जो कोई भी अँधेरे से डर था हे वह वह मेरी बात सुने राम जी के बारे में सोचो और कोई भूत तुम्हारा पास में आएँगी । रामजी तुम्हारा रक्षा करेंगे ।

माँ के वाचक ने मोहन को हिम्मत दी । राम नाम लेते हुए वह कमरे से निकला, और उस दिन से मोहन ने कक्षी खुद को अकेला विश्वास था की जब थक राम उसके साथ हे उसे डर ने की कोई ज़रूरत नहीं ।

इस विश्वेस ने गांधीजी को जीवन भर शक्ति थी, और मरते वक्त भी उनके मुख से राम नाम ही निकला ।



Rinsa Anvar

10 H

# Spc



വഴിയിലൂടെ കാണുന്ന പച്ചപ്പിന്റെ സൗന്ദര്യങ്ങൾക്കിടയിൽ ഒരു കാക്കിയുടുപ്പിൽ തിളങ്ങുന്ന മൂന്ന് അക്ഷരങ്ങൾ വളരെ പെട്ടന്ന് എന്റെ ശ്രദ്ധയിൽപ്പെട്ടു . S P C എന്തെന്നോ ഏതെന്നോഎന്നറിയാനുള്ള ആകാംഷകൊണ്ടാകാം കുറച്ചു സമയം എന്റെ കണ്ണുകൾനിശ്ചലമായിത്തന്നെ നിന്നു. കണ്ണുകളിൽ പതിഞ്ഞ ആ കാക്കി ഉടുപ്പിലെ ഓരോ സാധനങ്ങളും സൂഷ്മമായി ഞാൻ നിരീക്ഷിച്ചുകൊണ്ടിരിന്നു.മെല്ലെ ഞാൻ മുഖത്തേയ്ക്ക് ഒന്നു നോകിയപ്പോഴാണ് അതെന്റെ സഹോദരനാണെന്ന് മനസിലായത്. കണ്ണുകൾ അതിൽ നിന്നും പറിച്ചെടുക്കാൻ കഴിയാത്തതുകൊണ്ടാവാം ഞാൻ അതിന്റെ നേരെ നടന്നു..ഞങ്ങൾ കുറെ സംസാരിച്ചെങ്കിലും എന്റെ മുഴുവൻ ശ്രദ്ധയും ആ കാക്കിയുടുപ്പിൽ മാത്രമായിരുന്നു. അന്ന് ഞാൻ മനസിൽ ഉറപ്പിച്ചു , ഞാനും ഇതുപോലെ ഒരു s p c കേഡറ്റ് ആകും. ഇനി എന്റെ ഓരോ കരങ്ങളും ഉയരുന്നത് മറ്റുള്ളവരുടെ സംരക്ഷണത്തിന് വേണ്ടി മാത്രമായിരിക്കും . അന്ന് ആ കാക്കിയോടു തോന്നിയ പ്രണയമാണ് s p c യുടെ സെലക്ഷനിൽ എന്നെ കൊണ്ടെത്തിച്ചതും , എനിക്ക് ഒരു s p c കേഡറ്റ് ആകാൻ സാധിച്ചതും. .രേഡിന്പോകണം ,ഗ്രൗണ്ടിൽ ഇറങ്ങണം ,പല സേവന പ്രവർത്തനങ്ങളും ചെയ്യണം .ഇതൊക്കെ നിനക്ക് കഴിയുമോ ? എന്റെ മാതാപിതാക്കൾ മുന്നോട്ടുവെച്ച ഇത്തരം ചോദ്യങ്ങൾക്കു മുന്നിലും എന്റെ മനസ് പിന്മാറിയില്ല .എന്തുസംഭവിച്ചാലും ഇനിയുള്ള എന്റെ ഓരോ പ്രവർത്തനവും s p c യിൽ ചേരാൻ വേണ്ടിയായിരിക്കും എന്ന് ദൃഢമായി ഞാൻ മനസിലുറപ്പിച്ചിരുന്നു .

എഴുത്തുപരീക്ഷ വലിയ കുഴപ്പമില്ലാതെ കഴിഞ്ഞെങ്കിലുംട കായിക പരീക്ഷ എന്നെ സംബന്ധിചെടുത്തോളം ഒരു കീറാമുട്ടി തന്നെയായിരുന്നു .മനസ്സിൽ അത്രയും നാൾ

കൊണ്ട് നടന്ന സ്വപ്നം പൂവണിയുമോ എന്നെനിക്കു സംശയമായി .റിസൾട് വന്ന ദിവസം എന്റെ പേരും നോട്ടീസ് ബോർഡിൽ കണ്ടപ്പോൾ എനികാശ്വാസമായി . കാക്കിയുടുപ്പിനെ സ്വപ്നം കണ്ടായി പിന്നീടുള്ള എന്റെ ഓരോ രാത്രിയും .

എല്ലാ ബുധനാഴ്ചകളിലും , ശനിയാഴ്ചകളിലും നടന്ന പരേഡുകളും വിവിധതരം ക്ലാസുകളും ഞങ്ങൾക്ക് നല്ലൊരു അനുഭവമായി.ഇങ്ങനെയുള്ള നല്ല നല്ല അനുഭവങ്ങൾ ഞങ്ങള്യിലേക്കു എത്തിക്കാൻ ഞങ്ങളുടെ അധ്യാപകരായ മഹേഷ്സാറും റെജീന ടീച്ചറും ഏറെ കഷ്ട്ട പെടുന്നുണ്ടായിരുന്നു.അതോടൊപ്പം തന്നെ ഞങ്ങളുടെ ഡ്രിൽ ഇൻസ്പെകൂർമാരായ സുരേഷ്സാറും,,സഫിയ മാഡവും മുരളി സാറും,ഷീജ മാഡവും. കാക്കികുപ്പായം ഞങ്ങൾക്കു കിട്ടിയ ദിവസം ഞാനിപ്പോഴും ഓർക്കുന്നു .അന്നെനിക്ക് പറഞ്ഞറിയിക്കാനാകാത്ത,സന്തോഷമായിരുന്നു .പിന്നെ ഈ കാക്കിയുടുപ്പിടേണ്ട ഓരോ ബുധനാഴ്ചയും എനിക്ക് ഏറെ പ്രീയപ്പെട്ടതായി . ധാരാളം ക്ലാസുകളും , അവധി കാലത്തുള്ള ക്യാമ്പുകളും ,സന്നദ്ധപ്രവർത്തനങ്ങളും , ട്രാഫിക്ക് ഡ്യൂട്ടികളും അവിസ്മരണീയമായ അനുഭവങ്ങളാണ് എനിക്ക് പകർന്നുതന്നിട്ടുള്ളത്.

എസ് പി സി യുടെ പത്താം വാർഷികത്തിന്റെ സംസ്ഥാനതല ആഘോഷത്തിൽ പങ്കെടുക്കാൻ തിരഞ്ഞെടുക്കപ്പെട്ട ജില്ലയിലെ 30 പേരിൽ ഒരാളാകാൻ സാധിച്ചതിൽ ഞാനേറെ അഭിമാനം കൊള്ളുന്നു .രസകരമായ തിരുവന്തപുരം യാത്രയും ,നിശാഗന്ധി ഓഡിറ്റോറിയത്തിലെ പ്രൗഢഗംഭീര പരിപാടിയും അധരണീയനായ മുഖ്യമന്ത്രി പിണറായി വിജയം ,ലോക്നാഥ് ബെഹ്റെ ,ശ്രീലേഖ I P S ,S P C യുടെ സ്ഥാപകനായ പോലീസ് മേധാവി വിജയൻ എന്നിവരുടെയെല്ലാം പ്രജോതാത്മകമായ വാക്കുകൾ സ്രാവിക്കാൻ സാധിച്ചത് ഞാൻ ഒരു സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആയതുകൊണ്ട് മാത്രമാണ് .എസ് പി സി യുടെ പത്താം വാർഷികത്തിന്റെ ജില്ലാതല ആഘോഷത്തിന് GHSS MEENANGADI സ്കൂളിലെ എസ് പി സി യൂണിറ്റിന് ആതിഥേയത്വം വഹിക്കാൻ സാധിച്ചതും ഏറെ സന്തോഷകരമായ കാര്യമാണ് .

കേരളം നടുക്കിയ പ്രളയ സമയത്ത് എല്ലാദിവസവും എന്നുതന്നെ പറയാം ദുരിതശാസ ക്യാമ്പുകൾ സംന്ദര്ശിക്കാനും ,പറ്റുന്ന കാര്യങ്ങൾ ചെയ്തു കൊടുക്കാനും സാധിച്ചത് ഞാനൊരു എസ് പി സി കേഡറ്റായതുകൊണ്ടു മാത്രമാണ് . എല്ലാവരും തന്നിലേക്കൊതുങ്ങുന്ന , സ്വന്തം കാര്യം മാത്രം നോക്കുന്ന ഈ കലാത്ത് ,കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിനു വിജയൻസാർ തുടങ്ങിവച്ച ഏറ്റവും അനുയോജ്യമായ ഒരു പദ്ധതിയാണ് സ്റ്റുഡന്റ്സ് പോലീസ് കേഡറ് പദ്ധതി.

സഹജീവിസ്നേഹം സാമൂഹിക പ്രതിബന്ധത തുടങ്ങിയ കാര്യങ്ങൾ എന്നിലുണ്ടാകാൻ s p c വലിയൊരു പങ്കുവഹിച്ചിട്ടുണ്ട് വയനാട്ടിലെ നല്ലൊരു s p c യൂണിറ്റ് ആക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയ മഹേഷ് സാറിനെയും,റെജീന ടീച്ചറെയും .ഞങ്ങളുടെ ആദ്യ കാലത്തെയും ഇപ്പോഴത്തെയുമെല്ലാം ഡ്രിൽ ഇൻസ്ട്രക്ടർമാരെയും ഞാൻ ഒരിക്കൽ കൂടി വണങ്ങുന്നു. .അന്നെനിക്ക് ആ കാക്കിയുടുപ്പിനോട് തോന്നിയ പ്രണയം ഇന്നെനിക് s p c പദ്ധതിയോടായി മാറി .'We learn to serve' എന്ന ശക്തമായ മുദ്രാവാക്യം എന്നും എന്റെ മനസിൽ മായാതെ കിടക്കും. അതുപോലെ ഈ s p c ജീവിതം എന്റെ ജീവിതത്തിലെ മറക്കനാകാത്ത ഒരു ഏടായി മാറുമെന്നും എനിക്ക് ഉറപ്പുണ്ട്.



**pavitra suresh**
**9 G**

# മീനങ്ങാടിയിലെ അമ്മമാരും ഇനി ഹൈടെക്


കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക് ആയതിന് പിന്നാലെ രക്ഷിതാക്കളായ അമ്മമാരെയും ഹൈടെക് ആക്കുന്നതിന്റെ പരിശീലനപരിപാടി **മീനങ്ങാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ** ആരംഭിച്ചു. പരിശീലനം ലഭിച്ച അദ്യാപകരുടെയും വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെയും നേതൃത്ത്വത്തിലാണ് അമ്മമാർക്ക് സ്മാർട്ട്ഫോണിൽ പരിശീലനം നൽകിയത്. പാഠപുസ്തകത്തിലെ ക്യൂ ആര് കോഡുകൾ സ്കാൻ ചെയ്യാനുള്ള ബാർ കോഡ് സ്കാനർ കുട്ടികളുടെ സഹായത്തോടെ സ്മാർട്ട് ഫോണുകളിൽ ഇൻസ്റ്റാൾ ചെയ്ത് അമ്മമാർ റിസോഴ്സുകൾ നേരിട്ട് കണ്ടറിഞ്ഞു. പുതിയ പാഠപുസ്തകങ്ങളിൽ എല്ലാം തന്നെ പാടത്തിന് ഉപയോഗിക്കാവുന്ന റിസോഴ്സുകൾ ക്യൂ ആര് കോഡിലൂടെ ബന്ധപ്പെടുത്തിയിട്ടുണ്ട് പഠന വിഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള വെബ് പോർട്ടലായ സമഗ്ര വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങള് ഉൾപ്പെടെ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയ സമേതം എന്ന പോർട്ടൽ, മുഴുനീള വിദ്യാഭ്യാസ ചാനലായ വിക്ടേഴ്സ് എന്നിവയെക്കുറിച്ചും പരിശീലനം നൽകി. ഇവ സ്മാർട്ട്ഫോൺ വഴി ഉപയോഗിക്കുന്നതിലൂടെ അമ്മമാർക്ക് കുട്ടികളുടെ പഠന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്താനും വിദ്യാലയങ്ങളിൽ നടക്കുന്ന ഹൈടെക് പഠനരീതി സമഗ്രമായി പരിചയപ്പെടാനും സാധിച്ചു സൈബർലോകത്ത് ശ്രദ്ധിക്കേണ്ട സംഗതികളെ കുറിച്ചും പ്രതിപാതിച്ചു. 8 ,9 ,10 ക്ലാസ്സുകളിലെ രക്ഷിതാക്കളായ അമ്മമാർക്കായിരുന്നു പരിശീലനം.



***Neha Biju 9A***

## മരംവെട്ടുകാരൻെറ തിരിച്ചറിവ്

ഒരു ദിവസം ഒരു ദുഷ്ടനായ മരം വെട്ടുകാരനുണ്ടായിരുന്നു. കേശവൻ എന്നായിരുന്നു അദ്ദേഹത്തിൻെറ പേര് . അദ്ദേഹം എന്നും മരം വെട്ടുവാനായി കാട്ടിൽ പോകാറുണ്ടായിരുന്നു. മരം വെട്ടുന്നതുകൊണ്ട് എന്തൊക്കെ ദേഷങ്ങൾ ഉണ്ട് എന്ന് അയാൾക്ക് അറിയാമായിരുന്നു. എങ്കിലും അയാൾ മരം വെട്ടുമായിരുന്നു. എന്തിന് ഈ അടുത്ത് ഉണ്ടായ "പ്രളയം അത് എങ്ങനായ ഉണ്ടായതെന്ന് നിങ്ങൾക്ക് അറിയാമല്ലോ? അതെ അത് പ്രകൃതിയുടെ പകയാണ്. ഇതെല്ലാം അയാളോട് ചില ജനങ്ങളും പറയാറുണ്ടായിരുന്നു."കേശവ എന്നും നീ ഇങ്ങനെ മരം വെട്ടാതെ. അത് ദോഷമാണ് " എവിടുന്ന് ;കേശവൻ അതിന് ഒരു മുൻ ഗണനയും കൊടുത്തില്ല. അങ്ങനെ ഇരിക്കേ ഒരു ദിവസം കേശവൻ മരം വെട്ടുന്നതിനായി ദൂരെ ഒരു കാട്ടിൽ പോയി. അന്നാണെങ്കിൽ ഭയങ്കര വെയിലും. കേശവൻ വെട്ടിതുടങ്ങി കുറെ അങ്ങെത്തി വെയിൽ കടുത്തു. കേശവൻ ഒരു തണൽ കിട്ടിയാൽ എത്ര നന്നായേനെ. ഈ നശിച്ച വെയിൽ.കേശവൻ വെട്ടിവെട്ടി എല്ലാമരവും വെട്ടി ഒരു മരവും കാണാനില്ലല്ലോ. ഇല്ലാ അതാ അങ്ങ് അകലെ ഒരു മരം. ഞാൻ അവിടേക്ക് നടക്കട്ടെ.കേശവൻ ആ മരത്തിൻെറ ചുവട്ടിൽ ഇരുന്ന ഹാവൂ! എന്തൊരു സുഖം. കേശവൻ ഇനി മരത്തിൻ ചുവട്ടിൽ ഇരുന്ന് ആലോചിക്കുന്നു. ഈ കാട്ടിലെ മൃഗങ്ങൾ എന്ത് ചെയ്യും ? ഞാൻ ഇതെല്ലാം വെട്ടി നശിപ്പിച്ചാൽ. ഓ! അത് കഷ്ടം തന്നെ ."പാവങ്ങൾ " അല്ല ഇനി ഇവിടെ ഇപ്പോൾ ഈ മരം ഉണ്ടായിരുന്നില്ലെങ്കിൽ ഞാൻ എന്തുചെയ്യുതേനെ ?എൻെറ അവസ്ഥ എന്തായേനെ?ദൈവമേ നീ എന്നെ രക്ഷിച്ചു. ഇപ്പോൾ എനിക്ക് ജനങ്ങൾ പറ ഞ്ഞതിൻെറ കാര്യം മനസ്സിലായി. മരങ്ങൾ വളരെ ഉപകാരമേറിയതാണ്. ഞാൻ ഇനി മരം വെട്ടില്ലെന്ന് ഇവിടെ വെച്ച് സത്യം ചെയ്യുന്നു. ഇന്നുമുതൽ ഞാനൊരു പ്രകൃതി സ്നേഹിയാണ്. ഇതാണ് അയാൾക്കുണ്ടായ മാറ്റം .



ഇതാണ് മരം വെട്ടുക്കാരൻെറ തിരിച്ചറിവ്

<u>ഗുണപാഠം</u>

**"പ്രകൃതിയെ നശിപ്പിക്കരുതെ**
**അവ വളരെ ഉപകാരമുള്ളതാണ് "**



**ഫാത്തിമ റിൻഷ**

# കടമകളേറെ

'സ്വന്തം കാര്യം സിന്താബാദ്' എന്നതാണ് പുതുതലമുറയുടെ മുദ്രാവാക്യം.സ്വന്തം സുഖം മാത്രം ചിന്തിച്ച് നടക്കുന്ന അവർ തങ്ങൾ ഈ സമൂഹത്തിനായും പ്രകൃതിക്കായും പൂർത്തിയാക്കേണ്ട കടമകളെകുറിച്ച് മറന്നുപോയിരിക്കുന്നു. വീട് എന്ന ചെറിയ ചുറ്റുപാടിൽ നിന്ന് സമൂഹമെന്ന വലിയ ഗോളത്തിലേക്ക് കാലെടുത്തുവെക്കാൻ അവർ മടിക്കുന്നു, . എല്ലാവരും തങ്ങളിലേക്ക് ചുരുങ്ങിയിരിക്കുന്നു.ചുറ്റുമുള്ളതൊന്നും ശ്രദ്ധിക്കാതെ,അറിയാതെ അവർ ജീവിക്കുന്നു. തിരക്കുപിടിച്ച ജീവിതം അവരെ മനുഷ്യനല്ലാതാക്കുന്നു.



പുതുതലമുറ ഈ സമൂഹത്തിന് ചെയ്തുനൽകേണ്ട ഒട്ടേറെ കടമകളുണ്ട്. എന്നാൽ അവർ ഇന്ന് അതൊന്നും ഓർക്കാതെ സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുകയാണ്. ഒട്ടേറെ പ്രതീക്ഷകളോടെയാണ് ഓരോ കുഞ്ഞും ഈ ഭൂമിയിലേക്ക് വീഴുന്നത്. ഈ സമൂഹം അവരിൽ നിന്ന് ഒരുപാട് സംഭാവനകൾ പ്രതീക്ഷിക്കുന്നുണ്ട്. അതിനാലാണ് സൗജന്യ വിദ്യാഭ്യാസമൊക്കെ നൽകി അവരെ വളർത്തി ഉത്തമ പൗരന്മാരാക്കുന്നത്. ഈ സംഭാവനകളുടെ ലിസ്റ്റ് ഒരിക്കലും അവസാനിക്കുന്നില്ല. എന്നാൽ ചിലർ ഇതെല്ലാം മറന്ന് നല്ല സംഭാവകൾ ക്ക് പകരം സമൂഹത്തിനെ ദ്രോഹിക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്.

പ്രകൃതി നമുക്ക് ചെയ്തു തരുന്ന സംഭാവനകൾ എണ്ണിയാലും തീരാത്തതാണ്. പുതുതലമുറയുടെ സങ്കല്പം പ്രകൃതി ഒരു 'അക്ഷയപാത്രമാണ്' എന്നതാണ്. അതിലെ വസ്തുക്കൾ എത്ര എടുത്താലും തീരാത്തതാണ് എന്നാണ് അവർ കരുതിയിരിക്കുന്നത്. എന്നാൽ ഇത് തികച്ചും തെറ്റായ സങ്കൽപ്പമാണ്. നമ്മൾ എടുക്കുംതോറും അതിലെ വസ്തുക്കൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്.്പ്രകൃതി നമ്മുടെ അമ്മയാണ്. അമ്മയെ നമ്മൾ എപ്പോഴും കാത്തുസൂക്ഷിക്കേണ്ടതാണ്. നമ്മുടെ പൂർവികർ നമുക്കായി പ്രകൃതിയെ ബാക്കിവെച്ചതുപോലെ നമ്മളും നമ്മുടെ പിൻഗാമികൾക്കായി ഈ പ്രകൃതി ബാക്കി വയ്ക്കണം അത് നമ്മുടെ കടമയാണ്. എന്നാൽ പുതുതലമുറ ഇത് ശ്രദ്ധിക്കുന്നില്ല. നമ്മൾ ജീവിക്കുന്നത് പ്രകൃതി കാരണമാണ്, പ്രകൃതിയില്ലെങ്കിൽ ഒരു ജീവജാലവും ഉണ്ടാകില്ല. പ്രകൃതി നമ്മുടെ നിലനിൽപ്പിനാവശ്യമായ ജലം, വായു, ഭക്ഷണം തുടങ്ങിയവയെല്ലാം നൽകുന്നു.ഈ പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്യമാണ്.

ഒരു വ്യക്തി സമൂഹത്തിൽ അറിയപ്പെടണമെങ്കിൽ അതിന് കാരണം അവന്റെ മാതാപിതാക്കളാണ്. അവരാണ് അവന് ജന്മം നൽകിയത്. അവനെ വളർത്തി വലുതാക്കിയത്. അവന് വിദ്യാഭ്യാസവും നൽ കിയത്. അവന് വേണ്ടതെല്ലാം നൽകിയതെല്ലാം നൽകിയതവരാണ്. നമ്മുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ വലിയൊരു പങ്ക് വഹിക്കുന്നതവരാണ്. സമൂഹത്തിലെ ചതിക്കുഴികളെ അവർക്ക് മനസ്സിലാക്കി കൊടുത്ത് അവരെ നേർവഴികാണിച്ച് മുമ്പോട്ടു കൊണ്ടുപോകുന്നതവരാണ്. എന്നാൽ നമ്മളെ വലുതായി നമ്മുടെ മാതാപിതാക്കൾ വാർദ്ധക്യത്തിന്റെ അവസ്ഥയിൽ എത്തുമ്പോൾ പുതുതലമുറ അവർ നമുക്ക് നൽകിയതെല്ലാം മറക്കുന്നു. താൻ ഈ നിലയിലെത്താൻ കാരണം അവരാണെന്ന് പുതുതലമുറ ഓർ

മ്മയിൽ നിന്ന് മായിച്ചുകളയുന്നു. വയസ്സായ മാതാപിതാക്കൾ തനിക്കൊരു ഭാരമായി അവർ കണകാക്കുന്നു. വൃദ്ധസധനങ്ങളിലും കൊണ്ടുപോയി ഉപേക്ഷിക്കുന്നു. വൃദ്ധസധനങ്ങളുടെ എണ്ണം കൂടാൻ കാരണവും ഇതാണ് . നമ്മളെ വളർത്തി വലുതാക്കിയ അച്ഛനമ്മമാരെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്യമാണ്.

തിരക്കു പിടിച്ച ജീവിതത്തിന്റെ ഇടയിൽ നമ്മൾ ചെയ്തുതീർക്കേണ്ട ഉത്തരവാദിത്യങ്ങളിൽ നിന്ന് നമുക്കൊരിക്കലും ഓടിയൊളിക്കാനാവില്ല. പുതുതലമുറയെ ഈ സമൂഹം ഒരുപാട് പ്രതീക്ഷയോടെയാണ് ഉറ്റു നോക്കുന്നത്. അവർ നമ്മളിൽനിന്ന് ഒരുപാട് പ്രതീക്ഷിക്കുന്നുണ്ട്. ഈ സമൂഹത്തോടും പ്രകൃതിയോടും നമ്മുടെ മാതാപിതാക്കളോടും നമ്മൾ ഒരുപാട് കടമകൾ ചെയ്തു തീർക്കേണ്ടതായുണ്ട്. സമൂഹത്തിനുപകാരപ്രതമായി പ്രകൃതിയേയും മാതാപിതാക്കളേയും സംരക്ഷിച്ചുകൊണ്ടുമുള്ള ഒരു നല്ല തലമുറയായി നമുക്കു വളരാം. അല്ലെങ്കിൽ സമൂഹത്തേയും പ്രകൃതിയേയും മാതാപിതാക്കളേയും അത് സാരമായി ബാധിക്കുമെന്ന കാര്യം നിസ്സാർക്കമാണ്.



**ദേവ്ന എം ശങ്കർ**

**9 G**

# മഞ്ഞു തുള്ളികൾ

മഞ്ഞു തുള്ളികൾ മൂടികിടക്കും വനത്തിലെ പുഷ്പങ്ങൾ പുഞ്ചിരി തൂകി

കാറ്റിൽ ആടി കളിക്കും വൃക്ഷത്തിന്റെ തണലും ഇന്ന് ഞാൻ നേടി

മധുരമാലുള്ള ചെറു സംഗീതങ്ങൾ കുയില് കുട്ടങ്ങളും പാടി

പുഷ്പങ്ങളിൽ നിന്നും തേൻ നുകരുന്ന വണ്ടിന്റെയും ഗീതം കേട്ടു

തേനീച്ചകൾ തേൻ ഉണ്ടാക്കുമ്പോൾ ആ തേനാകുന്നു സ്നേഹം

മിന്നാമിനുങ്ങും മിന്നിത്തിലാകുമ്പോൾ പുഞ്ചിരി തൂകും

ആകാശത്തിൽ മിന്നിത്തിളകുന്ന താരകത്തെയും ഞാൻ കണ്ടു

ഏഴ നിറത്തിൽ പുഞ്ചിരിതൂകുന്ന മഴവില്ലിനെയും ഞാൻ കണ്ടു

ആമ്പൽ തൻ മൊട്ടുകൾ വിരിയും നേരംസന്ധ്യ തൻ ഗീതം ഓർത്തിടുന്നു .



**Neha fathima 8G**

# Sunset

Oh!what a beautiful sight is it?
Scenery coated with bliss.
The reflection on the sea.
Fills our heart with joy.
When the sun’s shadow shy away into the sea
More beautiful it will be
Spreading its red coloured light waves .
Bringing a gloomy colour to the sky
People flock to the shore to witness it.
They have to walk through the sandy grit through.
To experience the phenomenon so calm.
It may take much more swarm.
The filght of seagull is understood.
They dont have to hunt for food
They scan the shores for crabs.
Or the sea surface for floatting grubs
I am filled with words of praise
To glorify this event in more than two ways
I would like to see this everyday
Cause it would make me feels as if its a holiday
To see a glowing ball of fire
Would make me feel no higher
But the satisfaction that i had in me
Will keep me happy forever.



**Gayathri Manoj**

# പ്രകൃതിയുടെ നിറവിലേക്ക്

എല്ലാ സ്കൂളിലുകളിലും പരിസ്ഥിതി ക്ലബ്ബ് ഉള്ളത് പോലെ ഞങ്ങളുടെ സ്കൂളിലും ഒരു പരിസ്ഥിതി ക്ലബ്ബ് നന്നായി തന്നെ പ്രവർത്തിക്കുന്നുണ്ട്. പ്രകൃതിയെ തൊട്ടറിഞ്ഞ് കൊണ്ട് കുട്ടികൾക്ക് നല്ല ഒരു അനുഭൂതി സൃഷ്ടിച്ച കൊണ്ടാണ് ഞങ്ങളുടെ പരിസ്ഥിതി ക്ലബ്ബ് പ്രവർത്തിക്കുന്നത്.

2000 ത്തിൽ ഏറെ വിദ്യാർത്ഥികൾപഠിക്കുന്ന മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വിദ്യാർത്ഥികൾക്ക് എത്തിച്ചേരാൻ നിലവിലുള്ള റോഡ് പലപ്പോഴും പ്രതിബന്ധം സൃഷ്ടിക്കുന്നു.NH-ൽ നിന്നും സ്കൂളിലേക്ക് വരുന്ന റോഡ് ഇടുങ്ങിയതും കുണ്ടും കുഴിയും നിറഞ്ഞതാണ് .മഴക്കാലത്തും മറ്റും മഴവെള്ളം റോ ഡിൽ കെട്ടിക്കിടക്കുന്നു .അതിലൂടെ പോകുന്ന,വാഹനങ്ങൾ വിദ്യാർത്ഥികളുടെ യാത്ര ദുഷ്കരമാകുന്നു.ഇതിനൊരു പരിഹാരം കണ്ടത്താത്തതിനാലും ഇതിനെതിരെ മറ്റ ക്ലബ്ബുകളെക്കാളും ഉത്തരവാദിത്വം വഹിക്കേണ്ടത് പരിസ്ഥിതി ക്ലബ്ബ് അംഗങ്ങളായ ഞങ്ങളായതിനാൽ ഞങ്ങൾ പി. ഡബ്ല്യു. ടി യിലും പഞ്ചായത്തിലും നിവേദനം സമർപ്പിക്കുകയുണ്ടായി.

വിഷം തീണ്ടുന്ന പച്ചക്കറികളോട് ഞങ്ങളുടെ വിദ്യാലയത്തിലും പ്രകൃതിയോട് ഇണങ്ങിക്കൊണ്ട് ഒരു കുഞ്ഞ് പച്ചക്കറിത്തോട്ടം വളർന്നു വരുന്നുണ്ട്. പ്രകൃതിയെയും മണ്ണിനെയും മറക്കുന്ന കാലഘട്ടത്തിൽ ജീവിക്കുന്ന മനുഷ്യനും പച്ചപ്പെന്തെന്നോ അറിയാത്ത വിദ്യാർത്ഥികളെയും പ്രകൃതിയെ മനസ്സിലാക്കാൻ ഒരുമയുടെ തണലിൽ വിദ്യാലയത്തിനു വേണ്ടി ഒരുക്കുന്നു.

പ്രകൃതിയുടെ നിറവിലേക്ക്

**പരിസ്ഥിതി അംഗങ്ങൾ**

# ഇന്ത്യൻ ജ്യോതിശാസ്ത്രത്തിന്റെ നാൾവഴികള്

## ജോതിശാസ്ത്രം

ഗ്രഹങ്ങൾ, നക്ഷത്രസമൂഹങ്ങൾ, താരപഥങ്ങൾ, ധൂമകേതുക്കൾ തുടങ്ങിയവയേയും ഭൂമിയുടെ അന്തരീക്ഷത്തിന് പുറത്ത് നടക്കുന്ന പ്രതിഭാസങ്ങളേയും കുറിച്ച പഠിക്കുന്ന ശാസ്ത്രശാഖയാണ് ജ്യോതിശാസ്ത്രം. ആദിമസംസ്കാരങ്ങളിലെ ജ്യോതിശാസ്ത്രജ്ഞന്മാര് ചിട്ടയായ ആകാശനിരീക്ഷണം നടത്തിയിരുന്നു. എങ്കിലും ജ്യോതിശാസ്ത്രം ഒരു ശാസ്ത്രശാഖയായി വളർന്നിരുന്നില്ല. ദൂരദർശിനിയുടെ കണ്ടുപിടുത്തത്തോടെയാണ് ജോതിശാസ്ത്രം ഒരു 'ശാസ്ത്രശാഖ' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്.ചിട്ടയായപരീക്ഷണങ്ങളിൽഏർപെട്ട ജ്യോതിശാസ്ത്രജ്ഞന്മാർ നിരവധിനേട്ടങ്ങൾ സ്വന്തമാക്കി . ജ്യോതിശാസ്ത്രം ഭാരതത്തിൽ ജ്യോതിശാസ്ത്രത്തെക്കുറിച്ച് ഏറ്റവും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത് വേദങ്ങളിൽ നിന്നുമാണ് 'ലഗധമുനി' രചിച്ച വേദാംഗജ്യോതിഷം ആണ് ഭാരതത്തിൽ നിന്ന് ലഭിച്ച ഏറ്റവും പ്രാചീനമായ ജ്യോതിഷഗ്രന്ഥം .മൈത്രായന ഉപനിഷത്തുക്കളിലും ഗ്രഹങ്ങളെക്കുറിച്ച വ്യക്തമായ ചനകൾഉണ്ട്.ആര്യഭടൻ,ബ്രഹ്മഗുപ്തൻ,വാരാഹമിഹിരൻ എന്നീ പ്രതിഭകൾജീവിച്ചിരുന്ന അഞ്ചാറു നൂറ്റാണ്ടുകൾ 'ഭാരതീയജ്യോതിശാസ്ത്രത്തിന്റെ പാഷ്ലലകാലഘട്ടം എന്നാണ് അറിയപ്പെടുന്നത്. ഇക്കാലത്ത് ഗ്രീക്ക് റോമൻ ജ്യോതിശാസ്ത്രം ഭാരതീയ ജ്യോതിശാസ്ത്രത്തെത്തന്നെ സ്വാദീനിച്ചു. ഇങ്ങനെ രൂപം കൊണ്ടതാണ് സിന്ധദ്ധ ജ്യോതിശാസ്ത്രം ആര്യബടൻ,ബ്രന്മഗുപ്തൻ വാരാഹമിഹിരൻ ഭാസ്കരാചാര്യൻ തുടങ്ങിയവർ ഇതിന് നിരവധി സംബാവനകൾ നൽകി.

## ഐ എസ് ആർ ഒ

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനമാണ് ഐ എസ് ആർ ഒ എന്ന് ചുരുക്കപ്പേരിലറിയപ്പെടുന്ന ഇന്ത്യൻ സേപേസ് റിസേർച്ച് ഓർഗനൈസേസൻ 1969 ആഗസ്റ്റ് പതിനഞ്ചിനാണ് ഐ എസ് ആർ ഒ നിലവിൽ വന്നത്. ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന് അടിത്തറപാകിയത് വിക്രം സാരാഭായി എന്ന അതുല്യ പ്രതിബയായിരുന്നു. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹറുവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായിരുന്ന ഐ എസ് ആർ ഒ 1961 നംവമ്പർ

21 ന് തുമ്പയിൽനിന്ന് നൈക്ക് അപ്പാച്ചെ എന്ന ഇന്ത്യയുടെ ആദ്യ റോക്കറ്റ് വിക്ഷേപിച്ചു. പന്നീട് കേന്ദ്രസർക്കാർ ബഹിരാകാശഗവേഷണവകുപ്പിന് തുടക്കം കുറിക്കുകയും ഐ എസ് ആർ ഒ യെ കുടക്കീഴിൽ കൊണ്ടുവരുകയും ചയ്തു. ഈ കാലഘട്ടത്തിൽ വിക്രം സാരാഭായ് , ഡോ. എ പി ജെ അബ്ദുൾ കലാം ,ഡോ. കസ്തൂരിരംഗൻ ഡോ അണ്ണാദുരൈ ഡോ യു ആർ റാവു എന്നിവരെ ശിഷ്യരായി ലഭിച്ചു. ഇന്ത്യൻ ജ്യോതിശാസ്ത്രത്തെ ഉന്നതങ്ങളിലേക്ക് എത്തിച്ചു.

## വിക്രം സാരാഭായ് സ്പേസ് സെന്റർ

ഇന്ത്യൻ ബഹിരാകാശ ഗവേഷണസ്ഥാപനത്തിന്റെ ഒരു പ്രധാന ശാഖയാണ് വിക്രം സാരാബായ് സ്പേസ് സെന്റർ തിരുവനന്തപുരം ജില്ലയിലെ തുമ്പയിലാണിത് സ്ഥിതിചെയ്യുന്നത്.ഐ എസ് ആർ ഒ യുടെ ദൗത്യത്തിനു വേണ്ടിയുള്ള റോക്കറ്റുകളും മറ്റ് വിക്ഷേപണ വാഹനങ്ങളെയും നിർമ്മിക്കുന്നത് വി എസ് എസ് സി ആണ് 1962 ലാണ് ഇത് സ്ഥാപിതമായത് .തുമ്പ ബഹിരാകാശ ഗവേഷണ കേന്ദ്രം എന്നായിരുന്നു ഇതിന്റെ നാമം 1963 നവംബർ 21 ന് നൈക്ക് അപ്പാർച്ചെ എന്ന റോക്കറ്റ് തുമ്പയിൽ നിന്ന് വിക്ഷപിച്ചു. ഇതോടെ തുമ്പ വിക്രം സാരഭായുടെ കർമ്മമണ്ഡലമായിത്തീർന്നു. പിന്നീട് വിക്രംസാരാഭായിയുടെ മരണശേഷം അദ്ദേഹത്തോടുള്ള ബഹുമാനാർഥം വിക്രമസാരാഭായി ബഹിരാകാശകേന്ദ്രമെന്ന് പുനർനാമകരണം ചെയ്തു.ക്രത്രിമോപഗ്രഹങ്ങൾ ഐ.എസ് ആർ ഒ സ്ഥാപിച്ചതുമുതൽ ഒട്ടേറെ ക്രിത്രിമോപഗ്രഹങ്ങൾ നാം നിർമിച്ചുകഴിഞ്ഞു .ഇവയെ നാലുതരത്തിൽ തരം തിരിക്കാവുന്നതാണ് .ഐ എസ് ആർ ഒ പരമ്പര ഇൻസാറ്റ് പരമ്പര ചെക്സ്സാറ്റ് (കൽപ്പന) പരമ്പര സാങ്കേതികവിദ്യാപരീക്ഷണ ഉപഗ്രങ്ങൾ എന്നിവയാണത്.

ഇന്ത്യയുടെ ആദ്യത്തെ കൃതി മോപഗ്രഹമാണ് ആര്യഭട്ട 1974 ലാണ് ഇത് വിക്ഷേപിക്കപ്പെട്ടത് എ ഡി അഞ്ചാം നൂറ്റാണ്ടിൽ ഭാരതത്തിൽ ജീവിച്ചിരുന്ന പ്രശസ്ത ജ്യോതിശാസ്ത്രജ്ഞനായിരുന്നആരഭടന്റെ ബഹുമാനാര്ഥമാണ് ആദ്യ കൃത്രിമോപഗ്രഹത്തിന് ആര്യഭട്ട എന്ന് പേരിട്ടത് ഇന്ത്യ നിർമ്മിച്ച ഈ ഉപഗ്രഹം സോവിയറ്റ് യൂണിയനാണ് വിക്ഷേപിച്ചത് ഇന്ത്യയുടെ രണ്ടാമത്തെ കൃത്രിമ ഉപഗ്രഹമാണ് ഭാസ്കര ഭാസ്കരാചാര്യൻ എന്ന ശാസ്ത്രജ്ഞന്റെ ബഹുമാനാർഥമാണ് പേരിട്ടത് ഇന്ത്യ വിക്ഷേപിച്ച ആദ്യത്തെ കൃത്രിമ ഉപഗ്രഹമാണിത്

## മംഗൾയാൻ

ഇന്ത്യയുടെ ആദ്യ ചൊവ്വാദൗത്യമാണ് മംഗൾയാൻഎന്നറിയപ്പെടുന്ന മാർസ് ഓർബിറ്റർ മിഷൻ ഇന്ത്യയുടെ ആദ്യ ഗ്രഹാന്തരയാത്രാപേടകം ആയിരുന്നു മംഗൾയാൻ

2015 നവംബർ 5 നാണ് മംഗൾയാൻ വിക്ഷേപിച്ചത് ചൊവ്വയിലെ ജലസാന്നിദ്ധ്യത്തെക്കുറിച്ച് ശിലാഘടനയെക്കുറിച്ചും പഠിക്കുവാനാണ് മംഗൾയാൻ വിക്ഷേപിച്ചത് 2015 നവംബർ 5 ന് പുലർച്ചെ 2:43 ന് സതീഷ് ധവാൻ സ്പേസ് സെന്ററിലെ ശ്രീഹരിക്കോട്ടയിൽനിന്ന് വിക്ഷേപിച്ച മംഗൾയാൻ മുന്നൂറ് ഭൗമദിനങ്ങൾ യാത്ര ചെയ്ത് 2016 സെപ്റ്റംബർ 24 ന് ചൊവ്വയുടെ ഭ്രമണപഥത്തിലെത്തി ഇതോടെ ചൊവ്വാദൗത്ത്യത്തിൽ പങ്കെടുത്ത അഞ്ചാമത്തെ രാജ്യമായി ഇന്ത്യ ഒന്നാമത്തെ തവണതന്നെ വിജെയ്യുന്ന ആദ്യ

ചൊവ്വാദൗത്ത്യമാണ് മംഗൾയാൻ .

3

## ചാന്ദ്രദൗത്യങ്ങൾ

ഇന്ത്യ ഇന്നവരെ പൂർത്തിയാക്കിയത് 2 ചാന്ദ്രദൗത്ത്യങ്ങളാണ് ചാന്ദ്രയാൻ 1 , ചാന്ദ്രയാൻ 2. ചാന്ദ്രയാൻ 1 പൂർണ്ണവിജയമായങ്കിലും , ചാന്ദ്രയാൻ 2 ന് പൂർണ്ണമായി വിജയിക്കാൻ കഴിഞ്ഞില്ല ഇന്ത്യയുടെ ആദ്യ ചാന്ദ്രദൗത്ത്യമാണ് ചാന്ദ്രയാൻ 1 ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ടയിൽ നിന്ന് 2008 ഒക്ടോബർ 22 ന് രാവിലെ 6:32 ന് വിക്ഷേപിച്ച പേടകമാണിത്.ഡോ.കസ്തൂരി രംഗൻ ആണ് അപ്പോഴത്തെ ഐ.എസ് .ആർ.ഒ.

ചന്ദ്രന്റെ രാസമൂലക ഭൗമശാസ്ത്രപരമായ- സവിശേഷതകളെകുറിച്ച് വ്യക്തമായി പഠിക്കുവാൻ വേണ്ടിയാണ് ചാന്ദ്രയാൻ -1 വിക്ഷേപിച്ചത്. അത് പൂർണ്ണ വിജയമായിരുന്നു. 10 വർഷത്തെ പ്രവർത്തനത്തിനു ശേഷം ചാന്ദ്രയാൻ-1 ഭൂമിയിലേക്ക് തിരിച്ചുവന്നു ചന്ദ്രനിൽ നാം വിചാരിചതിനേക്കാളധികമായി ജലം ഉണ്ടെന്ന് 2009 സെപ്റ്റംബർ 24 ന് ഡോ. കസ്തൂരി രംഗൻ നമ്മെ അറിയിച്ചു.

ചാന്ദ്രയാൻ -2 മനസ്സിൽ കോരിത്തരിപ്പ് ഉളവാക്കുന്ന വാക്ക്. 2019 ജൂലൈ 22-ന് ആന്ദ്ര പ്രദേശിലെസതീഷ് ധവാൻ സ്പേസ് സെന്ററിലെ ശ്രിഹരിക്കോട്ടയിൽനിന്നും വിക്ഷേപിച്ച ഇന്ത്യയുടെ രണ്ടാമത്തെ ചാന്ത്രദൗത്യമാണ് ചന്ത്രയാൻ-2. ചന്ത്രൻെ മറുഭാഗത്തെ ജലത്തിൻെ സാന്നിദ്ധ്യം തിരിച്ചറിയാൻ വിക്ഷേപിച്ച ഉപഗ്രഹമാണിത്. ലാന്റെർ,റോവർ,ചാന്ദ്രപേടകം എന്നീ മൂന്നുഭാഗങ്ങളായിരുമന്നു ചന്ദ്രയാൻ-2-ന് ഉണ്ടായിരുന്നത്. ലാന്റർ വിക്രവും റോവർ പ്രഗ്യാൻ-ഉം ആണ്.

ചന്ദ്രനിലേക്കയക്കുന്ന സോഫ്റ്റ് ലാന്റിങ്ങില് 2.1 കിലോമീറ്റർ ഉയരത്തിൽ നിൽ

---

3

ക്കുമ്പോൾ വിക്രം ലാന്ററിന് ചാന്ദ്രയാന്റെ പ്രധാന ഭാഗവുമായുള്ള ബന്ധം നിലച്ചു. ഭാരതത്തിലെ മാത്രമല്ല, ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞന്മാർ ഉറ്റുനോക്കിയിരുന്ന ആ ദൗത്യം പരാജയത്തിന്റെ വക്കിലെത്തിയിരുന്നെങ്കിലും,ഇതുവരെ കണ്ടെത്താതിരുന്ന കുറച്ച് വിവരങ്ങളലളെങ്കിലും തരാൻ ചാന്ദ്രയാൻ-2 ന് സാധിച്ചു.ഡോ.കെ.ശിവനാണ് ഇപ്പോഴത്തെ ഐ.എസ്.ആർ.ഒ യുടെ ചെയർമാൻ.

## ഇന്ത്യയുടെ ഭാവി

[4] ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ ഭാവി കുട്ടികളായ നമ്മളിലാണ്. വിക്രം സാരാഭായിയെ പോലെയും അബ്ദുൽ കലാമിനെ പോലയുമുള്ളവർ നമ്മുക്കിടയിലും ഉണ്ടാകും.സ്വയം കഴിവുകൾ വികസിപ്പിച്ച് ജ്യോതിശാസ്ത്രമേഖലയിൽ താൽപര്യം ജനിപ്പിച്ച് അവിടെയെത്താൻ കഴിവുള്ളവർ ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു.

4സംസ്ഥാന സി വി രാമൻ ഉപന്യാസമത്സരത്തിലെ സമ്മാനാർഹമായ ഒരു പ്രബന്ധം.

# കളി

കളി പറഞ്ഞു കളി തുടങ്ങി

കളിയിലവർ ചതിമറന്നു

കളിയിലൊരു പിഴവ് വന്നു

പിഴവ് ചൂണ്ടി പഴി പറഞ്ഞു

പഴികൾ കേട്ടിട്ട് അരിശം വന്നു

അരിശം മൂത്ത് അടി തുടങ്ങി

അടിയിലവർക്ക് പരിക്ക് പറ്റി

പരിക്ക് പറ്റി  കിടപ്പിലായി



***Jintu***
***8 c***

# സ്മാർട്ട്-40 ക്യാമ്പ് 2019-20




വനിതാ ശിശു വികസന വകുപ്പിന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ സ്കൂളിൽ 2019 നവംബർ 11,12,13 തിയതികളിലായി 8,9 ക്ലാസുകളിലെ കുട്ടികൾക്കായി 'Smart 40 Camp' സംഘടിപ്പിച്ചു. School SMC Chairman. ശ്രീ. ഹൈറുദ്ദീൻ അർകളുടെ അധ്യക്ഷതയിൽ PTA President ശ്രീ.മനോജ് ചന്ദനക്കാവിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. തുടർന്ന് 3 ദിവസങ്ങളിലായി ആകർഷകമായ വിവിധ പ്രവത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ പല ജീവിതനൈപുണികൾ സ്വയത്തമാക്കുന്നതിന് വേണ്ട പരിശീലനം നൽകി. ഇതിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും പുതിയ ഉണർവ്വും,ഓജസ്സും കൈവരിക്കുന്നതിന് ഉതകുന്ന അനുഭവങ്ങളാണ് പകർന്ന് കിട്ടിയത്. അവരിൽ അത് മവിശ്വസം വളർത്തുന്നതിനും നേതൃത്വപാടവം ഉണ്ടാക്കുന്നതിനും ജീവിത സാഹചര്യങ്ങൾ സമചിത്തതയോടെ നേരിടുന്നതിനും ആത്മധാര്യം ലാഭിക്കാൻ സഹായിച്ച ക്യമ്പ് തികച്ചും പ്രയോജനപ്രദമായിരുന്നു.

Sabumol teacher
convenor.

## മനുഷ്യ ശക്തി

ഒരു ദിവസം ഒരു കുറുക്കനും ചെന്നായയും വഴക്കടിക്കുകയായിരുന്നു.കുറുക്കൻ പറഞ്ഞു ഞാനാണ് ഈ ലോകത്തിലെ ഏറ്റവും ശക്തിമാൻ.ചെന്നായ പറഞ്ഞു അല്ല ചെറുപ്പക്കാരനായ മനുഷ്യനാണ് ഈ ലോകത്തിലെ ഏറ്റവും ശക്തിമാൻ. അപ്പോൾ കുറുക്കൻ പറഞ്ഞു എന്നാൽ നീ ഒരു ചെറുപ്പക്കാരനായ മനുഷ്യനെ കാണിച്ചു തരുക, ഞാനവനെ തോൽപ്പിച്ച് കാണിച്ച് തരാം. അപ്പോൾ അതു വഴി വയസ്സനായ ഒരു മനുഷ്യൻ വന്നു.കുറുക്കൻ അതിനു നേരെ പോകാൻ തുടങ്ങിയപ്പോൾ അതു വഴി ചെറുപ്പക്കാരനായ മനുഷ്യൻ വരുന്നത് കണ്ട് ചെന്നായ പറഞ്ഞു അതാ ഒരു ചെറുപ്പക്കാരനായ മനുഷ്യൻ.അപ്പോൾ കുറുക്കൻ അയാൾക്ക് നേരെ ചെന്ന് മുരണ്ടു. അപ്പോൾ വേട്ടക്കാരനായ ആ മനുഷ്യൻ കൈയ്യിലുണ്ടായിരുന്ന തോക്ക് വെച്ച് കുറുക്കന്റെ തലക്ക് ആഞ്ഞൊരു തല്ല് കൊടുത്തു. അപ്പോൾ കുറുക്കന് താനല്ല മനുഷ്യനാണ് ഏറ്റവും ശക്തിമാനെന്ന് മനസ്സിലായി.

**മനുഷ്യനാണ് ഏറ്റവും ശക്തിമാൻ**

മുവിത്ര.എസ്

7.g

# സിവി രാമൻ സംസ്ഥാന തല ഉപന്യാസ മത്സരം

ഇരുപതാം നൂറ്റാണ്ടിലെ ലോക പ്രശസ്തഭാരതീയ ശാസ്ത്രജ്ഞനായ സി വി രാമന്റെ സ്മരണാർത്ഥം രാമൻ ഇഫക്ട് സംസ്ഥാനതല ഉപന്യാസ മത്സരം വയനാട് ജില്ലയിലെ മീനങ്ങാടി ഗവ:ഹയർ സെക്കണ്ടറി സ്കൂൾസാക്ഷ്യം വഹിച്ചു.പതിനാല് ജില്ലകളിൽ നിന്ന് ഹൈസ്കൂൾ ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി 56 കുട്ടികൾ മത്സരിച്ച ഈ മത്സരം പുതുമ കൊണ്ടും സംഘാടക മികവു കൊണ്ടും ഏറെ ശ്രദ്ധേയമായി. ആദ്യമായാണ് ഈ മത്സരം വയനാട്ടിലേക്ക് ചുരം കയറുന്നതെന്നും ശ്രദ്ധേയമാണ്.ഉദ്ഘാടന സമ്മേളം വയനാട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഇബ്രാഹീം തോണിക്കര നിർവ്വഹിച്ചു. ഒരു മണിക്കൂർ നീണ്ട മത്സരങ്ങൾക്ക് ശേഷം വയനാടിന്റെ പ്രകൃതിഭംഗിയിലൂടെ കാരാപ്പുഴ ഡാം സന്ദർശിച്ചത് മത്സരാർത്ഥികൾക്കും രക്ഷിതാക്കൾക്കും മറക്കാത്ത ഒരനുഭവമായി. ഡാമിന്റെയും വശ്യതയാർന്ന പൂന്തോട്ടത്തിന്റെയും ദൂരമനോഹരിതയും ആസ്വദിച്ച് മടങ്ങിയെത്തിയ വിദ്യാർഥികളെ കാത്തിരുന്നത് വിഭവ സമൃദ്ധമായ ഉച്ചഭക്ഷണമായിരുന്നു. മത്സരിച്ച മുഴുവൻവിദ്യാർത്തികൾക്കും ട്രോഫികളും 1,2,3,സ്ഥാനം നേടിയ വിദ്യാർഥികൾക്ക് പ്രത്യേക സമ്മാനങ്ങൾ ഒരുക്കിയതും മാതൃഭൂമി കൽപ്പറ്റ ബ്യൂറോയായിരുന്നു.സമാപന സമ്മേളനം ബഹുമാനപ്പെട്ട M LA ശ്രീ IC ബാലകൃഷ്ണൻ നിർവ്വഹിച്ചു. 1 ,2,3 സ്ഥാനങ്ങൾ നേടിയ വിദ്യാർഥികൾക്ക് ക്യാഷ് പ്രൈസും സർട്ടിഫിറ്റുകളും വേദിയിൽ വിതരണം ചെയ്തു.

വയനാട്ടിൽ ആദ്യമായി എത്തിയ ഈ മത്സരത്തെ നെഞ്ചോട് ചേർത്താണ് സ്കൂൾ അധികൃതരും പിടിഎ, എംപിടിഎ, എസ്എംസി കമ്മിറ്റികൾ വരവേറ്റത്.നമ്മുടെ അഥിതികളായെത്തിയ മത്സരാർഥികൾക്കും രക്ഷിതാക്കൾക്കും ഈ പരിപാടി മനസ്സിൽ നിന്നുംമായാതെ എന്നെന്നും നിലനിൽക്കുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ട്. ഒപ്പം മത്സരം നല്ല രീതിയിൽ നടത്താനായെന്ന ചാരിതാർത്ഥ്യവും. അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുകയും ശാസ്ത്ര മേഖലയിൽ മികച്ച വിജയം സംഭാവന ചെയ്യുന്ന ഈ വിദ്യാലയത്തിലേക്ക് മേള കൊണ്ടു വന്നതിന് വിദ്യാഭ്യാസ വകുപ്പിനും സ്കൂൾ അതികൃതർക്കും,സയൻസ് ക്ലബ് അസോസിയേഷനും ഒരായിരം നന്ദി അറിയിക്കുന്നു.



**ANANTHAJITH KS**
**9.H**

# ദൈവാനുഗ്രഹം

ഒരു ഗ്രാമത്തിൽ ഒരു ബ്രാഹ്മണനും അയാളുടെ ഭാര്യയും ജീവിച്ചിരുന്നു. അവർ തികച്ചും ദരിദ്രരായിരുന്നു. അവർ ആരോഗ്യസ്ഥിതി മോശമായിരുന്നതിനാൽ ബ്രാഹ്മണന് പാടത്ത് ജോലിയെടുക്കാൻ കഴിഞ്ഞില്ല. ഒരു ദിവസം വിശപ്പ് സഹിക്കാനാവാതെ അയാളുടെ ഭാര്യ അയാളെ ശകാരിക്കുകയും വിലകെട്ടവൻ എന്ന് വിളിച്ചതിക്ഷേപിക്കുകയും ചെയ്തു. അതിൽ മനം നൊന്ത് ബ്രാഹ്മണൻ എവിടെയെങ്കിലും പോയി പണം സംഭാദിക്കാൻ തീരുമാനിച്ചു.

ബ്രാഹ്മണൻ അയാളുടെ തീരുമാനം ഭാര്യയെ അറിയിച്ചു. കൂടാതെ യാത്രക്കിടയിൽ ഭക്ഷിക്കുന്നതിന് ഏതാനും ലഡ്ഡു ഉണ്ടാക്കി കൊടുക്കണമെന്ന് അയാൾ ഭാര്യയോട് ആവശ്യപ്പെട്ടു.

അതുകേട്ട് ബ്രാഹ്മണന്റെ ഭാര്യ വീണ്ടും കോപിഷ്ടയായി. "ലഡ്ഡു ഉണ്ടാക്കുന്നതിന് ആവശ്യമായ യാതൊന്നും ഇവിടെയില്ല. ഒന്നും വാങ്ങുന്നതിന് പണവുമില്ല."അയാളുടെ ഭാര്യ പുലമ്പി.

തികഞ്ഞ വെറുപ്പോടെ ബ്രാഹ്മണന്റെ ഭാര്യ അടുപ്പിൽ നിന്നും കുറെ ചാരം വാരിയെടുത്ത് ഏതാനും ലഡ്ഡു ഉണ്ടാക്കി എന്നിട്ട് വീർപ്പിച്ച മുഖത്തോടെ അവ വേറെ സഞ്ചിയിലാക്കി. ബ്രാഹ്മണനെ ഏല്പിച്ചു. "ലഡ്ഡു ഈ സഞ്ചിയിലുണ്ട്". ബ്രാഹ്മണന്റെ ഭാര്യ പറഞ്ഞു.

അടുത്ത പ്രഭാതത്തിൽ ബ്രാഹ്മണന്റെ ഭാര്യ നൽകിയ സഞ്ചിയുമായി യാത്ര തിരിച്ചു. ഉച്ചയായപ്പോൾ വിശപ്പിനാലും ക്ഷീണത്താലും തളർന്നവശനായ അയാൾ വഴിയരികിൽ കണ്ട ഒരു പുളി മരത്തിന്റെ തണലിൽ ഇരുന്ന് തികഞ്ഞ ആർത്തിയോടെ സഞ്ചിയിൽ നിന്നും ലഡ്ഡു എടുത്ത് കടിച്ചു. ചാരത്തിന്റെ രുചി അറിഞ്ഞ ഉടൻ അയാൾ അടുത്ത് കണ്ട കുളത്തിലേക്ക് ഓടിപ്പോയി കൈകാലുകളും, മുഖവും ശുദ്ധിയാക്കി വീണ്ടും പുളിമരച്ചുവട്ടിലിരുന്ന് വിങ്ങിപ്പൊട്ടിയ മനസോടെ അയാൾ പ്രാർത്ഥനയിൽ മുഴുകി.

അയാളുടെ പ്രാർത്ഥനകേട്ട ദൈവങ്ങൾ അയാൾക്കൊരു സഞ്ചി കൊടുത്തു. അതിൽ കൈയ്യിട്ട് നോക്കിയപ്പോൾ നാല് ലഡ്ഡു അയാളുത തിന്നു. അതുകഴിഞ്ഞ് അയാൾ സന്തോഷത്തോടെ വീട്ടിലേക്ക് പോയി. പിന്നീടുള്ള കാലം അവർ സന്തോഷമായി ജീവിച്ചു.



***Jintu***
***8 c***

# അരുത് മാനവരെ..........

നീളെ ഒഴുകിയ ഞാൻ ഇന്നാകുന്നു
നിൻ അടിയൻ........എന്റെയുള്ളിലെ
നന്മയുടെ വെളിച്ചം നിനക്കേത്രെ
ഉപകാര പ്രതമാണ് മാനവരെ.........
മണൽ വാരിയും നീ എന്നെ ഉപദ്രവിക്കരുതേ......
നേത്ര നാഡിയിലൂടെ ഒഴുകുന്ന
രക്തത്തെപോൽ സഹായകരമാണ് ഞാൻ........
എത്ര സ്വാർത്ഥയാണ് ഉള്ളത്..........
എന്റെയീ പ്രവാഹം ഓരോ ജീവന്റെയും
തുടിപ്പിനാലുള്ള അടിസ്ഥാനമാ........
ആടിയുലയുന്ന പ്രകൃതിയുടെ താണ്ഡവം
നീ അറിയും മനുഷ്യാ............
താണ്ഡവത്തിൻ ഫലം ഒരുന്നാൾ ഞാൻ
കാരണം നീയറിയും.....ദുഷ്ടാ.......
എന്റെയുള്ളിലെ തുടിപ്പ് നിൻ ഹൃദയത്തിൻ
തുടിപ്പിൻ അടിസ്ഥാനം.....................
ഒരുനാൾ വരും എന്റെ സ-
ന്താനങ്ങളുടെ മരണത്തിന്
തിരിച്ചടി നിനക്ക്............
ഞാനൊരുകുത്തിയൊഴുകുന്ന
പ്രവാഹമായി നിൻ സ്വപ്നങ്ങളുടെ
ഇരുണ്ട കാർമുകിലായി .................
എന്റെ ഉള്ളിലെ പ്രവാഹത്തിന്
നിന്റെയുള്ളിലെ പ്രവാഹ തുടിപ്പിന്റെ
നീറ്റൽ നീറുന്ന സ്നേഹം ഉണ്ടാവും..........



നന്ദന വിനോദ് 8 I

# WHAT MAKES A GOOD TEACHER ?


Study after study shows the Single most important factor determining the quality of the education a child receives is the quality of his teacher.

What makes a great teacher ?

Teaching is one of the most complicated jobs today. It demands broad knowledge of subject matter, a caring attitude and a large of learning. knowledge of discipline and classroom management techniques and a desire to make a difference in the lives of young people. With all these qualities required its no wonder that its hard to find great teachers.

- Great teacher's set high expectations for all students .
- Great teachers have dear, written out objectives .

Great teachers engage students and get them to look at issues in a variety of way.



**ABHINAV A.D**
**9.G**

# മണ്ണ്

*മണ്ണിനാൽ സൃഷ്ടിക്കപ്പെട്ടു.*
*ബാല്യത്തിൽ മണ്ണിനോടു പ്രണയമായി*
*യൗവ്വനത്തിൽ മണ്ണിനോടു കാമമായി*
*കാമവെറിയിൽ മണ്ണിൽ ചാരിത്ര്യത്തെ*
*കിടച്ചു കീറലായി.........*
*അതിരു കടന്നപ്പോൾ മണ്ണ്....*
*രാവണരൂപം പൂണ്ടു പ്രതികാരത്തിനെത്തി..*
*കാലമേറെ കഴിഞ്ഞപ്പോൾ.....*
*മണ്ണിനെടു പ്രണയമായി.....*
*ഒടുവിൽ മണ്ണിൽ എന്നെ ലയിപ്പിച്ചു.....*



**അനന്യ.എൻ.വി**

**9 J**

# ചന്ദ്രൻ

ചന്ദ്രനെ നോക്കി ചിരിക്കുന്ന പൈതൽ
ചന്ദ്രനെ മാടി വിളിക്കുന്ന പൈതൽ
ചന്ദ്രനോടൊത്തു കളിക്കുവാനായി
മോഹം കിടുങ്ങി നിൽക്കുന്ന പൈതൽ
ചന്ദ്രന്റെ പുഞ്ചിരി കണ്ടുറങ്ങുന്ന പൈതൽ

പ്രഭാതത്തിൽ ചന്ദ്രനെവിടെ
സൂര്യനെ മാത്രം കാണുന്നു
ചന്ദ്രനെ കാണാതെ
വിഷമിച്ചിരിക്കുന്ന പൈതൽ



**Fathimathu Suhaila**
**7 G**

# ഇനിയെന്ത്...........

*എരിഞ്ഞു തീർന്ന്*
*പുകച്ചു തള്ളിയ ബാല്യവും*
*കുതിച്ചു പാഞ്ഞ്*
*പകുത്തു നൽകി*
*പോയ് മറഞ്ഞത്*
*വിറച്ചു നിന്ന്*
*ചുമച്ച് തള്ളുന്ന നാളുകളും*
*കിതച്ചു വന്ന്*
*തളർന്നുറങ്ങുന്ന രാത്രിയും*
*ഭയം നിറച്ച്*
*കാത്തിരിക്കും മരണക്കിടക്കയും*



**അനശ്രീ.ടി.പി**

**7 c**

# പ്രളയഗാനം

കനത്തമഴയിൽ കിനത്ത മലയും തണത്തുകനിരും നേരത്ത് പെരുനത്ത പാറക്കല്ലും മരവും തുടുത്തു വിട്ടു താഴോട്ട്.കടുത്ത ശബ്ദം കേട്ടു പാതാറുവലന്നിടത്തേക്ക് ഓടുന്ന. അടുത്തു വന്നാദുരന്തമെല്ലാം പടുത്ത വീടും കവരുന്ന കുറച്ച് ദൂരെ ഭൂതാനം മല പറിച്ചെറിഞ്ഞു ജീവനകൾ. ഉറച്ച പർവ്വതം ഉരുട്ടിനീക്കി.നാട്ടിൽ പ്രളയങ്ങൾ തറച്ചുമന്മരം വീടുകളെല്ലാം വിറച്ചു വീണ വെലള്ളത്തിൽ നശിച്ചുസമ്പാദ്യങ്ങളെയോർത്ത് തുറിച്ച് നോക്കും മർത്ത്യന്മാർ.നിലമ്പൂർദേശം മുങ്ങിയഖിലം കലങ്ങിമറിയും പ്രളയത്തിൽ നിലമ്പൂർദേശം മുങ്ങിയഖിലം കലങ്ങിമറിയും പ്രളയത്തിൽ.ഒലിച്ചുപ്പാലം കൈപ്പിനിക്കടവിൽ നില്ല വാഹനചലനങ്ങൾ വലങ്ങുനാടും നഗരവുമെല്ലാം ഒലിച്ച് പോയത് ലക്ഷ്യങ്ങൾ മിഴിച്ചുനിന്ന മാനവരെല്ലാം വിളിച്ചുദൈവത്തെ ഒന്നായ്. ഒതിച്ചുയർന്ന സ്നേഹം നാട്ടിൽ മാനവരെല്ലാം കൈകോർത്തു.നിറച്ചുവങ്ങികൾ കാരുണ്യത്തിൽ പ്രവാഹമായിവിടെ അലതീർത്തു.കുറച്ചു  വെയ്ക്കാൻ ഇന്നീ മണ്ണിൽ മുളച്ചു സ്നേഹവസന്തൾ ഇതാണ കേരളമക്കൾ നമ്മൾ ഒരെറ്റമാലയിൽ മുത്തുകളായ് ഇതാണ കേരളമക്കൾ നമ്മൾ ഒരെറ്റമാലയിൽ മുത്തുകളായ് .ദുരന്തമെല്ലാം വരുത്തിവെച്ചതിലൻ കാരണം നമ്മുടെ ഹസ്ത്ങ്ങൾ.ഇരച്ചുവെട്ടി നിരത്തി ഗിരികൾ അടച്ചു. പലവിധ ഹർമ്യങ്ങൾ.കുറച്ചുകാലം ഇവിടെ വസിക്കാൻ വേണോ ഇതുപോൽ നിർമ്മിതികൾ. കുറച്ചുകാലം ഇവിടെ വസിക്കാൻ വേണോ ഇതുപോൽ നിർമ്മിതികൾ.അഹന്ദമത്സരമെല്ലാം മാറ്റി. അഹന്ദമത്സരമെല്ലാം മാറ്റി. പെരുത്തു ചിന്തിക്കു നമ്മൾ.



അലോണ ആന്റെണി VI -F

# പൂക്കൾക്ക് പറയാനുള്ളത്

കൊട്ടും കാറ്റത്ത് ആടിയുലയും പൂവുകൾ
തൻ ഭംഗിയെ ആകർഷാപൂരിതമാം
ശോഭയിൽ ഇതൾ കൊഴിഞ്ഞിട്ടുമെങ്കിലും തൻ
ധൈര്യമാം അതികാഠിധ്യവും, മനോരഹിതവും...

പുഷ്പത്തിൽ വിടരും പുഴക്കൾ
തൻെ മാധുര്യം,ഭംഗി,അതെല്ലാം
വളരെ പൂർണിരവും, അറ്റുപോകാതിരിക്കാൻ
മാതൃസ്നേഹത്തിൻ തുല്യമെ സഹോ..

തൻ സൗന്ദര്യം നിലനിർത്തും ലക്ഷ്യത്തെ
കരസ്ഥമാക്കീട്ടും മാനുഷികപ്രവത്തി
തവ തുല്യമെ പുഴകൾ തൻ മാധുര്യം.....

നിത്യം ആത്മവിശ്വാസം,കൈവരിച്ചീട്ടും
പുഴക്കൾ തൻ പ്രവർത്തികൾ താൻ
മറ്റുള്ളവരെ കാണ്ടും തൽചെറുതാണെങ്കിലും
പ്രവർത്തി അതിശ്രേഠം.....

പുഴകൾ തൻ അമ്മതൻ കാരുണ്യത്തിൻ തുല്യമെ.....
മാതൃവാത്സത്തിൻ ഭാഗമെ ഓർത്തിടാം
പുഴകൾ തൻ സ്നേഹത്തെ......
രക്ഷിക്കും, തൻ  സഹപ്രവർത്തകരെ
പരിപാലിച്ചിട്ടും തൻ വിശ്വാസ്ഥ
തവ കാഠിന്യമേ....

**എല്ലാവരും ഒരുപോലെ ഇഷ്ടപ്പെടുന്ന കലാരൂപ മാണ് നാടൻ പാട്ടുകൾ. എത്ര പ്രയാസകരമായ നാടൻപാട്ടുകളും അതിന്റെ വായ് ത്താരിയും ഏത് വിഭാഗത്തിൽ പെട്ട കുട്ടികളും വളരെ പെട്ടെന്ന് ഹൃദിസ്ഥമാക്കുന്നു. അങ്ങനെയെങ്കിൽ പഠന പ്രവർ ത്തനത്തിലും നാടൻപാട്ട് രീതികൾ അവലംബിച്ചാൽ കുട്ടികൾക്ക് പ്രവർത്തനം എളുപ്പമാകുമോ എന്ന ഒരു പരിശോധനയാണ് ശ്രീ. ദാമോദരൻ മാസ്റ്റർ ഇവിടെ നടത്തിയിരിക്കുന്നത്. "മന്ദാരക്കാവിലെ വേലപൂരം കാണാൻ എന്താണ് കുഞ്ഞാഞ്ഞെ നമ്മക്കും പോകേണ്ടെ" എന്ന നാടൻപാട്ട് രീതിയിലും വായ് ത്താരിയിലും ഇംഗ്ലീഷ് ഭാഷയുടെ സാമാന്യ വർത്ത മാന കാലം അവതരിപ്പിച്ചിരിക്കുകയാണ് മീനങ്ങാടി ഹൈസ്കൂളിലെ ഹിന്ദി അധ്യാപകനായ ശ്രീ. ദാമോ ദരൻ മാസ്റ്റർ ഇവിടെ ചെയ്തിരിക്കുന്നത്. വായ് ത്താരിയോടു കൂടി ഇത് പാടി പഠിക്കുക**

**സാമാന്യ വർത്തമാനകാലം - നാടൻപാട്ട് രൂപത്തിൽ**

**(മന്ദാരക്കാവിലെ..** എന്ന രീതി)

simple present Tene ലെ വാക്യമതുണ്ടാക്കാൻ
എന്തൊക്കെ വേണമെന്ന് അറിയേണ്ടേ കൂട്ടുകാരേ
വാക്യമതേതായാലും Subject, verb ഇല്ലാതെ
വീക്യമതാകില്ല ഓർക്കേണം കൂട്ടുകാരെ

Verb ന്റെ രൂപങ്ങൾ ഓരോ കാലത്തിലും
വ്യത്യസ്തമാണെന്ന് ഓർക്കേണം കൂട്ടുകാരെ
Subject മാറുമ്പോൾ മാറീടേണം Verb ഉം
എങ്ങനെയാണെന്ന് താഴെ കുറിച്ചീടാം
I, You, They, We പിന്നെ He, She, It, That
ഒത്തിരി Subjects ഉണ്ടെന്നറിയാലോ
ഏകവചനത്തിലും, ബഹുവചനത്തിലും
Subjects വന്നിടുമ്പോൾ Verb കൾ മാറുന്നു.
I, You, They, We ആണ് Subject ഉള്ളതെങ്കിൽ
Simple Present Tense ൽ verb കൾ ഒറ്റയ്ക്ക്
ഇത്തരം Subjects വാക്യത്തിൽ വന്നിടുമ്പോൾ
ചേർക്കില്ല മേമ്പൊടി Verb ന്റെ കൂടെയപ്പോൾ
I go, You go എന്നും, They go , We go എന്നും
മാത്രമേ ചേർക്കാവൂ ഓർമ്മയുണ്ടാകേണം.
He goes, She goes, It goes, That goes
ഇത്തരം വാക്യങ്ങൾ മറക്കരുതേ നിങ്ങൾ
കാക്ക കരയുമ്പോൾ Crow crows എന്നാണല്ലോ
കാക്കകൾ ആകുമ്പോൾ crows crow എന്നാണല്ലോ
ഈച്ച പറക്കുമ്പോൾ Fly flies ആണെല്ലോ
ഈച്ചകൾ ആകുമ്പോൾ Flies fly എന്നാണല്ലാ
We ആണെങ്കിൽ go മതി Vijayan ന് go പോരാ
Vijayan ന് goes എന്ന് തന്നെ എഴുതേണം.
ഇത്തരം കാര്യങ്ങൾ ഓർക്കുവാനെപ്പോഴും

നിത്യവും ഉരുവിടുക എന്നാൽമറക്കില്ല.

Go ആണ് തനിരൂപം മേമ്പൊടി ചേർത്താൽ goes

എന്ന കാര്യം നിങ്ങൾ ഓർക്കണമെപ്പോഴും

ഇങ്ങനെ തനിരൂപത്തിൽ മേമ്പൊടികളായി

S ആയോ es ആയോ verb ന്റെ കൂടെ കാണാം

Man go എന്നാണേല് സായ്പിന് തെറ്റാണ്

Man goes എന്നത് മാത്രം ശരിയാണ്.

simple present Tene എങ്ങനെയുണ്ടിപ്പോൾ

പാൽപായസമാണെന്ന് കണ്ടില്ലേ കൂട്ടരെ



# ജീവിതസായാഹ്നം

ജരാനരബാധിച്ച ജീവിതസായാഹ്നം
ജനാലതൻ അഴികളിൽ വീർപ്പടക്കുന്നിതാ
അഭിശപ്തജൻമമെന്നോർത്തു കരയുന്നു.
ഒരുനാൾതൻ മക്കൾക്ക തുണയായി നിന്നവർ
ഇന്നവർ മക്കൾ ദൂരെയെങ്ങോപോയി
തൻകാര്യം നോക്കി സുഭിക്ഷരായ് മേവുന്നു.
ഉരുളയുരുട്ടി നീ ഉച്ചയൂണുണ്ണുമ്പോൾ
ഉരുകുന്ന ഹൃദയത്തെ ഓർത്തീടണം
വൃദ്ധസദനത്തിൻ നാലുചുമരുകൾ
വാർദ്ധക്യനൊമ്പരസാക്ഷികളായ്
കൂട്ടുകുടുംബമാം ആവാസരീതികൾ
ഇന്നില്ല പക്ഷെ സ്വാർത്ഥതയെങ്ങും നിറഞ്ഞുനിൽപ്പൂ
പരിതപിക്കുന്നൊരു മാനസമേ നീയിന്നു
പരമാർത്ഥമെന്തെന്നറിഞ്ഞീലയോ
ബാന്ധവർ തന്നുടെ സ്നേഹത്തണലുകൾ
ബാദ്ധ്യതയാകുന്ന നിമിഷങ്ങളിൽ
വയോജനമന്ദിരജീവീതമെന്നെന്നും
വരമാകും വാഴ്‌വിൻസമാപനത്തിൽ
പ്രായമായോർക്കുള്ള മന്ദിരമെങ്ങെങ്ങും
കൂട്ടുന്നതാശാസ്യമല്ല തന്നെ
ജീവിതരീതികളിങ്ങനെ പോകുകിൽ
വാർദ്ധക്യമെല്ലാർക്കും ശാപമാകും
ഇന്നു ഞാൻ നാളെ നീ എന്ന വചനങ്ങൾ
ഓർക്കുക കൂട്ടരെ നിങ്ങളെന്നും....

രാജേന്ദ്രൻ എം
സംസ്കൃതാധ്യാപകൻ
ജി എച് എസ് എസ്  മീനങ്ങാടി




# തണൽ മരം

നാളത്തെ തണലിനായി എന്നുള്ളം കൈ കൊണ്ട്
ഈ തണൽ മരം ഞാൻ നട്ടു
ഇവിടെ ഈ തണൽ മരം ഞാൻ നട്ടു

ഒരു പുഷ്പം പോലും ഇല്ലാതെയായാൽ
വിജനമാം ഭൂമിയിൽ മാത്രം
നാം ഈ വിജനമാം ഭൂമിയിൽ മാത്രം

ചില്ലകൾ തോറും കൈകൾ ക്കോർത്തു നാം
ഈ തണൽ മരത്തിൻ ചോട്ടിൽ
ഇവിടെ ഈ തണൽ മരത്തിൻ ചോട്ടിൽ
കാറ്റുപോൽ വെറുക്കമീകാലമിതെന്തിന്
കൈകളിൽ ചേർത്ത് പിടിച്ചു
നാം ഈ കൈകളിൽ ചേർത്ത് പിടിച്ചു

നാളത്തെ തണലിനായി എന്നുള്ളം കൈകൊണ്ട്
ഈ തണൽ മരം ഞാൻ നട്ടു
ഒരു പുതു ജീവനായി ഞാൻ നട്ടു



***Asbhin***
***10H***

# ഇന്നും തടങ്കലിൽ

ഇന്നും തടങ്കലിൽ പാർപ്പിച്ചൊരെൻ
മനസ്സിന്നുംമരിച്ചങ്ങു മൺമറഞ്ഞീടുന്നു
നോട്ടത്തിൽ മൗനവും നിഷ്ഠൂര-
ഓർമ്മയും എന്നോ മരിച്ചങ്ങു
മൺമറഞ്ഞീടുന്നു
ഇന്നും തടങ്കലിൽ പാർത്തൊരെൻ
ജീവിതം ഇന്നും ഈ ലോകത്തിൽ
വ്യർത്ഥമായ് പോകവേ
കാണും മുഖങ്ങളിൽ നിശ്ചലമായി
ഞാൻ കണ്ടു കനത്ത കിനാവനേകം
ജീവിതമാകവേ കൂരിരുട്ടിൻ കുളിർ
കൊമ്പു കുത്തി പറിക്കുന്ന പോലെ
ഇനിയെത്ര നാളീ നാൽചുമരിൻമേൽ
ജീവശവമായ് കിടക്കണം ഞാൻ




***പവിത്ര പി.എസ്***

***10 I***

# മേരി ക്യൂറി

അർബുദം പോലെയുള്ള രോഗങ്ങൾക്കുള്ള ചികിൽസയിൽ നിർ ണ്ണായകമായ റേഡിയോ ആക്റ്റിവ് മൂലമായ റേഡയോ ആക്റ്റീവ് മൂലമായ റേഡിയം കണ്ടു പിടിച്ച പോളിഷ്



ശാസ്ത്രജ്ഞയാണ് മേരി ക്യൂറി എന്ന മാഡം ക്യൂറി. നോബൽ സമ്മാനം ലഭിക്കുന്ന ആദ്യ

വനിതയായിരുന്നു ക്യൂറി. രഹസ്യമായി നടത്തിയിരുന്ന ഫ്ലോട്ടിംഗ് സർ

വ്വകലാശാലയിലാണ് ക്യൂറി പഠനമാരംഭിച്ചത്. പാരീസിലെ ക്യൂറി ഇൻസ്റ്റിറ്റ്യൂട്ടും വാഴ്സോയിലെ ക്യൂറി ഇൻസ്റ്റിറ്റ്യൂട്ടും

സ്ഥാപിച്ചത് മേരി ക്യൂറിയാണ്. 1898 ൽ തന്റെ നാടിന്റെ നാമം ചേർത്ത് പോളോണിയം

എന്ന പുതിയ മൂലകം കണ്ടുപിടിച്ചു. റേഡിയത്തിനടുത്തിരുന്ന് പരീക്ഷണം നടത്തിയതുകൊണ്ട് വികിരണാഘാതം മൂലം മേരി

രോഗിയായി. ലോകത്തിന് വലിയ സംഭാവനകൾ നൽകിയ ആ

മഹതി 1934 ജുലയ് 4- ന് ലോകത്തോട്

വിടപറഞ്ഞു.



**Diyalakshmi P.S**
**9 B**

# SAVE NH766 , SAVE WAYANAD

Traffic ban through NH766 is a serious problem that our Wayanad is facing now. At present there is only traffic ban at night but the officials is trying to totally ban the traffic through NH766. This national highway is passing through Bandipur National Park and Wayanad Wildlife sanctuary.At present the ban is from 9PM to 6AM. The traffic though this road is ban because it is passing through the National Park. It is a problem to the Wild animals thats why the traffic is banned. This year is the tenth anniversary of this ban from 2009 onwardsthe traffic is banned through this National Highway. It is said that the vehicels are making problem to the free travelling of Wild animals. And animals are being dead by accidents by the vehicles. So for the protection of Wild animals and especially environment the night traffic is banned through NH766. Like every thing this also has merits and demerits. The officials is only considering the positive side,but they should also think about its demerits.By looking on one of the side we can say that this is for a good thing. It is done for the protection of Wild animals. The vehicles are quit disturbing the peaceful life of Wild animals. The number of animals to the 'RED DATA BOOK', the book which records the animals who are facing the threat of extinction. Thus for saving their lives the traffic ban in essential. By accidents by vehicles some animals had dead while through the journey through NH766. By considering these problems the traffic ban is a good thing.

Yes, the traffic through NH766 is a environmental problem but is against the independent journey of a citizen. This is against the right of human being for his free travel. This is a great problem to the people of wayanad. This is the road which connects Kerala and Karnataka. The night traffic also creates many problems to the people. So when the road is fully banned it will be a great problem to the Wayanadians. It will lead to financial loss of Wayanad. This is the major trade route so when it will be bannad it will lead to the financial crisis of farmers and bussiness men. A major part of rice and vegetables that we are eating are imported from Karnataka. So when the road is banned it will also lead to food crisis. The vehicles which imports the food and other items have to travel several kilometers additional. It will lead to the reduction of quantity of food items and it will also lead to the rise in price of vegetables and rice. This will adversely affect the life of common people. The farmers will suffer a lot because their products are being imported to Karnataka. A person in urgent have no other choice if he have to wait till 6AM if he had reached the check post after 9PM. So the ban is a major problem to the life of

Wayanadians.

The officials are suggesting many methods for the solution of this problem. One of them is the road from Mananthavady. But it cannot be accepted as one has to travel several distances in additional. And some discussed about over bridge through NH766. But it is not good for the environment. Eco bridge is an option that the officials has to think about the solution for the problem. An Eco bridge is an over bridge to connect the forests seperated by a road. It is the over bridge for animals to cross the roads. And above it an artificial forest is being created. It will neither create problem to the enivironment and it will be a viable solution for the problem of traffic ban through NH766. In many countries there exists Eco bridges.

Several strikes are being done by many people for the right of independent traffic. Some people are taking strike by without eating food. The students of Wayanad had done a strike which Kerala had never seen,more than 10'000 students participate in the strike at Sulthan Bathery. The whole Wayanad had united for saving NH766.

It is a thing which affects the environment but is a major problem to the people of Wayanad. It is against there right of freedom of traffic. The officials must find a viable solution by considering both the environment and Wayanadians Eco bridge is an option that the officials can consider. If the traffic is banned fully it will become a major problem to the life of people of Wayanad. So,NH766 should not be banned and the Government must find a viable solution.



**DEVNA.M**
**SHANKAR 9G**

# മറക്കാതിരിക്കാം

വീടിന്റെ ഉമ്മറത്തെ ചാരുകസേരയിൽനിന്ന് ചന്ദ്രൻ ചേട്ടൻ ചാടി മുറ്റത്തേക്ക് വീണു. വഴിയിൽ കൂടെ മർക്കോസ് ചേട്ടൻ അയ്യോ എന്നു വിളിച്ച് ഓടി വന്നു. രാധ ടീച്ചറും വീടിനുള്ളിൽനിന്നു ഓടി വന്നു "എന്റെ ഭഗവാനേ ഇങ്ങേർക്ക് ഇത് എന്തു പറ്റി" എന്ന് രാധ ടീച്ചർ അലറി വിളിച്ചു. അപ്പോൾ ചന്ദ്രൻ ചേട്ടന്റെ കണ്ണു തുറന്നു. സത്യാവസ്ഥ അറിയാൻ വേണ്ടി മർക്കോസ് ചേട്ടൻ ചന്ദ്രൻ ചേട്ടനോട് ചോദിച്ചു " എന്താ ചന്ദ്രേട്ടാ പറ്റിയേ?". രാധ ടീച്ചറുടെ സ്വരം ആന യെ തോൽപ്പിച്ചു. :ഉച്ചയൂണും കഴിഞ്ഞു, ചാരുകസേരയിൽ ഇരുന്നു ഉറങ്ങിയതാ" എന്ന് മർക്കോസ് ചേട്ടനോട് ആന ചിന്നം വിളിക്കുന്നതുപോലെ പറഞ്ഞു. ഇതു കേട്ട മർക്കോസ് ചേട്ടൻ എഴുന്നേറ്റ് നിന്ന് മുണ്ടും മടക്കിക്കുത്തി രാധ ടീച്ചറോട് പറഞ്ഞു, എന്റെ ടീച്ചറെ അടുപ്പത്തെന്തോ കരിയുന്നു നിങ്ങൾ അങ്ങോട്ട് ചെല്ല്. അപ്പോൾ ടീച്ചർ തിരിച്ച് ഒരടിവെച്ച് കഴിഞ്ഞപ്പോൾ പറഞ്ഞു, അയ്യോ എന്റെ ഭഗവാനേ ഞാൻ ഇനി ചന്ദ്രേട്ടന് എന്ത് കൊടുക്കും എന്ന് പറഞ്ഞുകൊണ്ട് വന്നതിനേക്കാൾ വേഗത്തിൽ തിരിച്ചോടി. പെട്ടെന്ന് പുറത്തു നിന്നു വല്യ ചിരി അതു മർക്കോസ് ചേട്ടന്റേതായിരുന്നു. രാധ ടീച്ചർ വീണ്ടും തിരിച്ചുവന്നു എന്താ കാര്യം എന്ന് തിരക്കി. അപ്പോഴാണ് അറിഞ്ഞത് ചന്ദ്രേട്ടൻ ഉറക്കത്തിൽ സ്വപ്നം കണ്ട് ഒരു ദിവസം തന്റെ മൂത്ത മകൻ വന്ന് തന്നേയും രാധയേയും കൂട്ടി വിമാനത്തിൽ പോവുകയായിരുന്നു. അപ്പോൾ ചന്ദ്രൻചേട്ടനും രാധചേച്ചിയും തമ്മിൽ വഴക്കായി. പെട്ടന്ന് രാധച്ചേച്ചി തന്നെ ഒറ്റ ഉന്ത് താൻ വിമാനവും പൊളിച്ച് വിമാനത്തിൽ നിന്ന് താഴേക്ക് വീഴുന്നതായിട്ടാണ്. നിങ്ങൾ ഇന്ന് ഭക്ഷണം കഴിക്ക എന്ന് പറഞ്ഞ് രാധ ടീച്ചർ അകത്തേയ്ക്ക് പോയി. നിങ്ങൾക്ക് ഇന്ന് ഇവിടുന്ന് ചോറ് കിട്ടൂല എന്ന് മർക്കോസ് ചേട്ടൻ ചന്ദ്രൻ ചേട്ടനോട് പറഞ്ഞു. മർക്കോസ് ചന്ദ്രൻ ചേട്ടനേയും കൂട്ടി പീടിയയിലേക്ക് പോയി. പോകുന്ന വഴിക്ക് മർക്കോസ് ചേട്ടൻ ബസ്റ്റാന്റിൽ ഒരാൾ തന്റെ അടുത്തുനിൽക്കുന്ന ഒരു സ്ത്രീയുടെ ബാഗിൽനിന്ന് എന്തൊക്കെയോ മോഷ്ടിക്കുന്നതു കു. അതുക മർക്കോസ് ചേട്ടൻ അവനേ കൈയോടെ പിടികൂടി. എന്നിട്ട് അധ്വാനിച്ച് കിട്ടുന്ന ഒരു രൂപയാണെങ്കിലും അത് മോഷ്ടിച്ചു കിട്ടുന്ന നോട്ടു കെട്ടിനേക്കാൾ മൂല്യം എന്ന് ഗുണതോഷിച്ചു. എന്നിട്ട് വെറുതേ വിട്ടു. തൊട്ടപ്പുറത്തുള്ള പീടികയിൽ പോയി അവർ രു പേരും ചായ കുടിച്ചു. ആ പീടികയിലെ രാഘവൻ ചേട്ടൻ ചന്ദ്രൻ ചേട്ടനോട് കൈമുട്ടിലെന്താ പറ്റിയേ എന്ന് ചോദിച്ചു, മർക്കോസ് ചേട്ടൻ പറഞ്ഞു, ഇങ്ങേരുടെ ഭാര്യ വിമാനത്തിൽനിന്ന് ഉന്തി താഴെയിട്ടതാ എന്ന്. എടാ മർക്കോസേ കാര്യം പറയടാ എന്ന് രാഘവൻ ചേട്ടൻ പറഞ്ഞു. അടിമുടി വിടാതെ മർക്കോസ് ചേട്ടൻ കാര്യം പറഞ്ഞു, ഇത് കേട്ടപാടെ രാഘവൻ ചേട്ടൻ തേനീച്ചക്കൂട് ഇളകിവന്നതുപോലെ തിടുക്കത്തിൽ വന്ന് ചന്ദ്രൻ ചേട്ടനോട് ചോദിച്ചു. ഈ പറഞ്ഞ

തൊക്കെ സത്യമാണോടാ? കോഴി മുട്ടയിടുന്നതിന് മുമ്പ് മൂളുന്നതുപോലെ ചന്ദ്രൻ ചേട്ടൻ മൂളി. പെട്ടെന്ന് രാഘവൻ ചേട്ടൻ പൊട്ടിച്ചിരിച്ചു. പിന്നീട് ആ പീടികയിൽ വന്നവരെല്ലാവരും പൊട്ടിച്ചിരിച്ചുകൊയേിരുന്നു. രു ദിവസത്തേക്ക് രാഘവൻ ചേട്ടന് കുമ്മട്ടി പടിയിലേക്ക് പോകാൻ സാധിച്ചിട്ടില്ല. പരദൂഷണപ്പെട്ടി പൊട്ടിച്ച് അവിടെ മുഴുവൻ പ്രളയം പോലെ നിറഞ്ഞിരുന്നു. മൂന്നു ദിവസം കഴിഞ്ഞപ്പോൾ ചന്ദ്രൻ ചേട്ടൻ മേലെ കുമ്മട്ടിയിലേക്ക് ഇറങ്ങി. അപ്പോഴേക്കും പരദൂഷണ ചീവീട് തന്റെ കൂട്ടിലേക്ക് തിരിച്ചു കേറിയിരുന്നു. രാഘവൻ ചേട്ടൻ പി.ടി മാഷിനെ ക ധൃതിയിൽ ചാടി എഴുന്നേറ്റ് ഒരു ചായ അടിക്കാൻ പോയി. പി.ടി. മാഷ് പറഞ്ഞു. ഇതെല്ലാരും ഉല്ലോ രാഘവനും ചന്ദ്രനും, മർക്കോസും. ഞാൻ ഇനി എത്രകാലം ജീവിച്ചിരിക്കുമെന്നെനിക്കറിയില്ല എന്നു. എന്റെ ആയുസ് കുറഞ്ഞുവരികയാണ്. ഞാൻ നിങ്ങളെ കുഞ്ഞുനാളിൽ പഠിപ്പിച്ചതാണ്. എന്നിട്ട് നിങ്ങൾ എന്നെ മറന്നിട്ടില്ല. ഇതുപോലെ ഒരു വിദ്യാർത്ഥികളെയും ഞാൻ കിട്ടില്ല. ആളുകൾ ആയാൽ ഇങ്ങനെ ആവണം. അല്ല നമ്മുടെ മുഹമ്മദ് എന്തിയേ അവന്റെ പേരക്കുട്ടിയെയും കൊ് അവന്റെ മകൻ വന്നു എന്ന് ഞാൻ പറഞ്ഞത് കേട്ടു ശരിയാണോ? അതെ ശരിയാണ് എന്ന് ചന്ദ്രൻ ചേട്ടൻ പറഞ്ഞു. അപ്പോൾ പി.ടി മാഷ് പറഞ്ഞു, നിങ്ങൾ ഈ ബന്ധം മരണം വരെ കൊുപോകണം. ഗുരു-ശിഷ്യ ബന്ധം മറക്കരുത്. ഇത് നിങ്ങളും ന ിങ്ങളുടെ മക്കളായി പങ്കുവയ്ക്കണം. ആ ബന്ധം നിങ്ങളുടെ അല്ലെങ്കിൽ ആ ഗുരുവിന്റെയോ മരണം വരെ കൊു പോകാന് ശ്രമിക്കണം. ജീവിതം ഒരു പെട്ടിയാണ്. ഞാൻ നിങ്ങളെ താക്കോൽ എവിടെ എന്നു കാണിച്ചുതന്ന ആൾ മാത്രമാണ്. താക്കോൽ തന്നതും ഇടാൻ പഠിപ്പിച്ചതും നിങ്ങളുടെ കൂട്ടുകാരാണ് എന്ന് പറഞ്ഞു കഴിഞ്ഞതും പി.ടി മാഷ് തലകറങ്ങി വീണു. കൈയിലെ വടി നിലത്ത് വാസമർപ്പിച്ചു. അവർ തന്റെ ജീവനേക്കാൾ സ്നേഹിച്ച തന്റെ ഗുരുവിന്റെ ജീവന്റെ ഉയരങ്ങളിലേക്ക് പോയി. ഇപ്പോഴും അവരുടെ ജീവൻ ജീവിതമെന്ന മഹാ പെട്ടി കുകൊിരിക്കുകയാണ്.....



നിസ് റ്റ ജോഷി

8

# Dreams

Hold fast to dreams

For if dreams die

Life is a broken-winged bird

That cannot fly

Hold fast to dreams

For when dreams go

Life is a barren field

Frozen with snow



*Feba REJI*

# രാത്രിയാത്രാ നിരോധനം ഒരു പാരിസ്ഥിതിക പ്രശ്നം ആണോ

രാത്രിയാത്രാ നിരോധനം ഇന്ന വയനാട്ടുകാർ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് പത്തുവർഷമായി ഇത് നിലവിൽ വന്നിട്ട്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്താനായി നിരവധി ആളുകൾ പരിശ്രമിച്ച കൊണ്ടിരിക്കുകയാണ്. ഒട്ടനവധി അഭിപ്രായങ്ങൾ ഈ പ്രശ്നത്തിന്റെ അ ടിസ്ഥാനത്തിൽ ഉയർന്നുവന്നിരിക്കുന്നു. ആളുകൾ രണ്ടു ചേരിയായി തിരിഞ്ഞിരിക്കുന്നു. ഒരു കൂട്ടർ ഈ നിരോധനം എടുത്തുകളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി പ്രക്ഷോഭപരിപാടികളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. പരിസ്ഥിതി വാദികൾ ആയ മറ്റു കൂട്ടർ ഈ നിരോധനം നിലനിർത്തണമെന്നും,രാത്രി മാത്രം എന്നത് മാറ്റി പൂർണമായ നിരോധനം കൊണ്ടുവരണമെന്നും വാദിക്കുന്നു. മുത്തങ്ങ വന്യജീവി സങ്കേതത്തിലൂടെ ആണ് ഈ പാത കടന്നുപോകുന്നത്. രണ്ടു സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന പാത ആണിത്.

ഒരു വന്യജീവി സങ്കേതത്തിലൂടെ കടന്നുപോകുന്നു എന്നതിനാൽ ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഈ പാതയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നു. മൃഗങ്ങളുടെ സ്വതന്ത്രമായ വിഹാരത്തിന് ഈ പാത തടസ്സമാകുന്നു എന്നതിനാലാണ് രാത്രിയാത്രാ നിരോധനം ആദ്യമായി ഏർപ്പെടുത്തിയത്. വംശനാശ ഭീഷണി നേരിടുന്ന കടുവ പോലുള്ള മൃഗങ്ങൾ ധാരാളമായി ഉള്ളതിനാൽ ഇത് ഒരു സംരക്ഷിത വനം ആയി നിലനിർത്തേണ്ടത് അനിവാര്യമാണ്. മൃഗങ്ങളുടെ മരണത്തിന് വാഹനങ്ങളും മനുഷ്യരും കാരണം ആകാതിരിക്കണമെങ്കിൽ ഈ രാത്രി യാത്രാ നിരോധനം ആവശ്യമാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടെങ്കിലും ഈ പാതയിൽ നിരോധനം ഏർപെടുത്തുന്നത് മനുഷ്യരുടെ സഞ്ചാര സ്വാതന്ത്ര്യം തടയുന്ന ഒന്നാണ്. കഴിഞ്ഞ 10 വർഷമായി രാത്രി 9 മണി മുതൽ രാവിലെ 6 മണി വരെ ഉള്ള യാത്രാ നിരോധനം അലട്ടുന്നുണ്ട്. വയനാടിന്റെ സാമ്പത്തിക കാര്യത്തിലും ഈ പാതയ്ക്ക് വലിയ പ്രധാന്യമുണ്ട്. കർണാടകയിലേക്ക്കയറ്റി അയക്കുന്ന ചരക്കുകൾ ഈ പാതയിലൂടെയാണ് പോകുന്നത്. പൂർണമായ നിരോധനം ഏർപ്പെടുത്തിയാൽ വയനാടിന്റെ സാമ്പത്തിക സ്ഥിതിക്ക് വലിയ ആഘാതം ആയിരിക്കും. കർണാടകത്തിൽ ഉൽപാദിക്കുന്ന പച്ചക്കറികളും, അരിയും കൊണ്ടുവരുന്നത് ഈ പാതയിലൂടെയാണ്. ഈ പാതയിൽ നിരോധനം ഏർപ്പെടുത്തിയാൽ അനേകം കിലോമീറ്ററുകൾ അധികമായി സഞ്ചരിക്കേണ്ടിവരും. ഇത് വിലക്കയറ്റത്തിന് കാരണമാകും.

***രാത്രിയാത്ര നിരോധനം ഒരു വലിയ പ്രശ്നമാണ്. ഒട്ടനവധി നല്ല വശങ്ങളും അതിലേറെ ചീത്ത വശങ്ങളുമുണ്ട്. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടും അതോടൊപ്പം നമ്മുടെ സഞ്ചാര സ്വാതന്ത്ര്യം തടയാതെയുമുള്ള ഒരു പരിഹാര മാർഗമാണ് ഉണ്ടാവേണ്ടത്. കർണാടക സർക്കാരുമായി ചേർന്ന് ഒരു ബദൽ പാതയോ, പരിഹാരമൊ കണ്ടെത്തണം.ഈ പാതയുടെ മുകളിലൂടെ മേൽപ്പാലം പണിയുന്ന ഒരു നിർദേശം ഉയർന്നു വന്നിരുന്നു ഇത് പരിഗണിക്കാവുന്നതാണ്. ശാസ്ത്രീയമായി ഇതിന്റെ സാധ്യതകളെക്കുറിച്ച് പഠിച്ച ഇത് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ നിർമ്മിച്ചാൽ അതൊരു വലിയ പരിഹാരം ആയിരിക്കും. പരിസ്ഥിതിക്ക് ഒരു ആഘാതവും ഏൽപ്പിക്കാതെ മനുഷ്യരുടെ ആവശ്യങ്ങളും പരിഗണിച്ച് ഇതിനൊരു മാറ്റം വരുത്തണം. അല്ലെങ്കിൽ ഇത് വയനാട്ടുകാരെ എന്നും ബുദ്ധിമുട്ടിലാക്കുന്ന ഒരു പ്രശ്നമായി തുടരും.***

# ഇന്നത്തെ ലക്ഷ്യം നാളത്തെ വിജയം

ദിവസംതോറും ഉന്നതങ്ങളിലേക്ക് പോയിക്കൊണ്ടിരിക്കുന്ന ഇന്ത്യയെന്ന മഹാരാജ്യത്ത് ബാലവേല നിരോധിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസവും കളിയും വിശ്രമവും ആരോഗ്യപരമായ വളർച്ചയും ജീവിതത്തിന്റെ പ്രദാന ഭാഗമായ കുട്ടിക്കാലവും എന്തെന്നറിയാത്ത ആയിരക്കണക്കിന് കുട്ടികളാണ് ഫാക്ടറികളിലും വീടുകളിലും ആയി ജോലി ചെയ്തു വരുന്നത്2006 - ൽ കുട്ടികളെ പണിയെടുപ്പിക്കുന്നത് നിയമവിരുദ്ധമായി പ്രഖ്യാപിച്ചെങ്കിലും 13 വയസ്സിന് മുകളിലുള്ളവർക്ക് മുതിർന്നവർ ചെയ്യുന്ന തരത്തിലുള്ള ഏതു ജോലിയും ചെയ്യാം എന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. പതിമൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾ ജോലി ചെയ്യുന്നില്ല എന്നല്ല ഇതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. ഇതിൽ അധികം കുട്ടികളും ബീഡി സിഗരറ്റ് പോലുള്ള വ്യവസായ മേഖലകളിൽ ക്രൂരപീഡനങ്ങളോടെ പണിയെടുക്കുന്നു എന്നതാണ് സങ്കടകരമായ കാര്യം ദാരിദ്ര്യം ആണ് കുട്ടികളെ ജോലിചെയ്യാൻ വിടുന്നത് എങ്കിലും കാർഷികമേഖല പോലുള്ള മേഖലയിൽ ഒരുപാട് കുട്ടികൾ ജോലി ചെയ്യുന്നു എന്നതാണ് വാസ്തവം പെൺകുട്ടികളടക്കം പീഡനത്തിനിരയാകുന്നതും ഇത്തരം മേഖലകളിൽ ആണ് .50 ലക്ഷം കുട്ടികൾ ഇപ്പോഴും സജീവം ആണെന്നാണ് ഒടുവിലത്തെ കണക്കുകൾ പറയുന്നത്. എന്നാൽ ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികളുടെ കണക്ക് ഇതിനേക്കാൾ കൂടുതലാണെന്നാണ് കുട്ടികളുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുന്നവർ പറയുന്നത്. നാലും അഞ്ചും വയസ്സുമുതൽ ബാലവേല തുടങ്ങുമെന്നാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 2002 മുതൽ അന്താരാഷ്ട്ര തൊഴിൽ സംഘടന ( ILO) ജൂൺ 12 ലോക ബാലവേല വിരുദ്ധ ദിനമായി ആചരിക്കുന്നത്. ഉൽപാദന - വിതരണ മേഖലകൾ ബാലവേലവിമുക്തമാക്കുക ( End Child Labour in Supply Chains) എന്ന സന്ദേശമാണ് ഇതുവഴി അർത്ഥമാക്കുന്നത് 2001 ലെ ഡൈസെസ് റിപ്പോർട്ടുകൾ പ്രകാരം അഞ്ചിനും പതിനാലിനും ഇടയിൽ പ്രായമുള്ള 1.26 കോടി കുട്ടികൾ ഇന്ത്യയിൽ ജോലി ചെയ്തിരുന്നു. എന്നാൽ 2011 ലെ സെൻസസ് പ്രകാരം 43.53 ലക്ഷമായി കുറഞ്ഞിട്ടുണ്ടെന്നാണ് രാജ്യസഭയിൽ അവതരിപ്പിച്ച റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത് ഇന്ത്യയിൽ തൊഴിലെടുക്കുന്ന

കുട്ടികൾ 23.16 ശതമാനം വീട്ടുകളിൽ ഇപ്പോഴും ജോലി ചെയ്യുന്നു. കുഞ്ഞുങ്ങളെ നോക്കാൻ ,പാചകം ചെയ്യാൻ , വസ്ത്രം അലക്കാൻ ,വീട് വൃത്തിയാക്കാൻ ,ഇസ്തിരിയിടാൻ ,പൂന്തോട്ടം പരിപാലിക്കാൻ ,വിറകും വെള്ളവും ശേഖരിക്കാൻ ,വൃദ്ധരെ പരിപാലിക്കാൻ തുടങ്ങി സർവ്വ വീട്ടുജോലികളും വിശ്രമമില്ലാതെ ജോലിചെയ്യാൻ നിര്ബന്ധപ്പെടുകയാണ് ഈകുട്ടികള് തൊഴിലെടുക്കുന്ന കുട്ടികളിൽ 11 ശതമാനം പേര് ഹോട്ടലുകളിൽ പണിയെടുക്കുന്നു. കുടുമ്പങ്ങളുടെ തകര്ച്ച ,ദാരിദ്ര്യം , പട്ടണി , നിരക്ഷരത തുടങ്ങിയവയാണ് ബാലവേല വര്ധിപ്പിക്കുന്നതിനുള്ള പ്രധാന കാരണം രക്ഷിതാക്കളുടെ നിര്ബന്ധപ്രകാരമാണ് 65% കുട്ടികളെും തൊഴിലെടുക്കുന്നതെന്ന് കേന്ദ്ര വനിതാ ശിശു വികസന മന്ത്ര്യലയത്തിന്റെ പടനം പറയുന്നത് ബാലവേല ശ്രദ്ദയിൽപ്പെടാൻ പോലീസ് ചൈയിൽട് ലൈൻ എന്നിവരെ ആരയങ്കിലും അറിയിച്ച് ഇത്തരം കുട്ടികളെ രക്ഷിക്കുന്നതിനും യഥാര്ത്ത കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാനും നമ്മള്ക്ക കഴിയും അങ്ങനെ ശ്രമിച്ചാലെ നല്ലൊരു തലമുറയെ വാര്ത്തെടുക്കാൻ നമുക്കു കഴിയൂ...



**Ebin Mathew 10 F**

# Hope

I hope for a world
which is like heaven
where , we can see the beauty
of nature as wow!

I hope for a world
where people love and share
communicate each other honestly
happy joy forever
hope for a world .
Where animals as friend of humans
swimming with sharks and
playing with lion cubs

I hope for a world
where all my wishes
where true and enlighty
like flying in the air
and going to the moon

I hope for a child
where not jeolous and partiality

among people and
love and cares for others

I hope to be live in such a world
which is same as heaven



**LAKSHMIPRIYA**
**9-G**

# അത്യാഗ്രഹി

ഒരു ഗ്രാമത്തിൽ ഒരു കുടിലിൽ സ്മിത എന്ന പേരുള്ള അച്ചാറു വില്പനക്കാരിയുണ്ടായിരുന്നു . അവൾ അപ്പോഴുംസന്ധ്യക്ക് പണം അണ്ണാറാ ണ് പാണി . അതിനു ശേഷം ആ കാശിന്റെ പകുതി തുകകൊണ്ട് അച്ചാറിനാ വിശമായ മാങ്ങയും മറ്റു സാധനങ്ങളും വാങ്ങിയത് അങ്ങനെയിരിക്കെ ഒരു ദിവസം സ്മിത അച്ചാർ വിൽക്കാൻ ചന്തയിൽ പോയി . അച്ചാർ വിറ്റു . അതിനു ശേഷംവീടുകളിലും നിരന്തരം കയറിയിറങ്ങി . അവളുടെ അച്ചാർ കഴിഞ്ഞു .അപ്പോഴാണ് ഒരു ചെറിയ പയ്യൻ : "ഏട്ടത്തി കുറച്ചു അച്ചാറുണ്ടോ " എന്നു ചോദിച്ചു . അപ്പോൾ സ്മിത : " അയ്യോ മോനെ എൻ്റെ അച്ചാർ തീർന്നുപ്പോയി . നാളെ ഉറപ്പായിട്ടും ഞാൻ നിനക്ക് അച്ചാർ തരാം" . ആ പയ്യൻ വിഷമത്തോടെ വീട്ടിൽ പോയി പിന്നെ സ്മിതക്ക് വല്ലാത്ത വിഷമമായി. അവൾ മനസ്സിൽ ഓർത്തു "എനി ആർക്കും എൻ്റെ അച്ചാർ തികയാതിരിക്കാൻ പാടില്ല എല്ലാവർക്കും അച്ചാർ തികയണം". അങ്ങനെയവൾ വീട്ടിലേക്ക് മടങ്ങി . അവൾ അവളുടെ പണം എണ്ണി . എന്നിട്ട് ആലോചിച്ചു . ഇന്നു എനിക്ക് കുറെ പണം കിട്ടി . മാങ്ങയും മറ്റു സാധനങ്ങളും എന്ന് കുറെ വാങ്ങണം . പിന്നെ അവൾ ചന്തയിൽ പോയി . വീട്ടിലേക്ക് മടങ്ങി . നേരം സന്ധ്യയായി ഭക്ഷണം കഴിച് ഉറങ്ങി . പിറ്റേ ദിവസം രാവിലെ അച്ചാറുണ്ടാക്കാൻ തുടങ്ങി . മാങ്ങ അരിഞ്ഞു . ചട്ടി കത്തി കൊണ്ടിരിക്കുന്ന അടുപ്പത്ത് വെച്ചു . മാങ്ങ അതിലിട്ടു . മസാലയിട്ടിളക്കിയിളക്കി അങ്ങനെ നിരന്തരം ചെയ്തു . അങ്ങനെ അവൾ ചട്ടിയിൽ നോക്കിയപ്പോൾ അച്ചാർ കുറവാണ് . സ്മിത ആലോചിച്ചു : “ ഇനി ഞാൻ എന്തു ചെയ്യും അച്ചാർകുറവാനലൊളത് ഗ്രാമത്തിലെ ഗ്രാമവാസിൾക്ക് തികയിത്തില്ല” .അവൾ ആലോചിച്ചു ആലോചിച്ചു കൊണ്ടിരുന്നു . അങ്ങനെ അവൾക്ക് ഒരു ഉപായം കിട്ടി . അവൾ വിചാരിച്ചു , ആരും കാണാതെ ഭസ്മത്തി എണ്ണ ഒഴിക്കാം അങ്ങനെ അത് അവൾ നിർവഹിച്ചു . സും ........................................................ ചട്ടി നിറയെ അച്ചാർ . അവൾ അച്ചാർ ഭരണിയിൽ നിറച്ചു . പിന്നെ ചന്തയിൽ പോയി

*അത് വിറ്റു പണമുണ്ടാക്കി. ഇങ്ങനെ നിരന്തരമായി സ്മിത അച്ചാർ വിറ്റു പണമുണ്ടാക്കി . പിന്നെ നിരന്തരമായി സ്മിത അച്ചാർ വിറ്റു അങ്ങനെ ഇരിക്കെ ഒരു ദിവസം രാമു എന്ന് പേരുള്ള ഒരാൾ സ്മിതയെ കാണാൻ വന്നു. എന്നിട്ട് പറഞ്ഞു : “രാജാവ് എന്നെ സദ്യ ഉണ്ടാക്കാൻ വിളിച്ചിരിക്കുന്നു . അതൊരു വല്യ സഭയിലെക്കാണ് അതിന്നു ഒത്തിരി അച്ചാര് വേണം” .സ്മിത അച്ചാർ കൊടുത്തു പണം വാങ്ങി രാമു കൊട്ടാരത്തിലേക്ക് മടങ്ങി . സഭയിൽ സദ്യയുട രാമുവിനോട് പറഞ്ഞു "ഇത് നീയുണ്ടാക്കിയ അച്ചാറല്ല . ഇതു ഒരു ഗുണവുമില്ല" . രാജാവ് രാമുവിനോട് ചോദിച്ചു : " രാമു ഇതു നീയുണ്ടാക്കി അച്ചാറാല്ല . ഏതു ആരുണ്ടാക്കിയതാണ് " രാമു : “ഇതു ഈ ഗ്രാമത്തിൽ അങ്ങെമൂലയിൽ താമസിക്കുന്ന സ്മിത എന്ന് പേരുള്ള ഒരു സ്ത്രീ ഉണ്ടാക്കിയതാണ് . എന്നോട് പൊറുക്കണം രാജാവേ എനി ഞാൻ ഇങ്ങനെ ചെയ്യുകയില്ല” അങ്ങനെയിരിക്കെ ഒരു ദിവസം സ്മിതയുടെ വീട്ടിൽ അവൾ എന്താണ് ചെയുന്നത് നോക്കാൻ അവളുടെ വീട്ടിൽ മറഞ്ഞു നിന്നുകൊണ്ട് കാഴ്ച്ചകൾ കണ്ടു . രാമു സ്മിതയുടെ മുമ്പിൽ വന്നു നിന്നു എന്നിട്ടു പറഞ്ഞു : ” നീ എന്താണ് ചെയുന്നത് അച്ചാറിൽ മായം ചേർക്കുന്നുവോ. ഞാനിത് രാജാവിനോട് പറയും ” . സ്മിത : "അയ്യോ രാമു നീയിതു രാജാവിനോട് പറയരുത്" . “ പറ്റില്ല കാരണം സദ്യയിൽ കൊടുത്ത അച്ചാറിൻറെ മായം കൊണ്ട് ഞാനിപ്പോൾ കൊട്ടാരത്തിനു പുറത്താണ് എന്നെ കൊട്ടാരത്തിൽ നിന്ന് പുറത്താക്കി . ഇതു ഞാൻ രാജാവിനോട് പറയും എന്നും “ . പറഞ്ഞുകൊണ്ട് കൊട്ടാരത്തിലേക്കു പോയി . പിന്നീട് രാജാവിനോട് നടന്ന കാര്യങ്ങൾ സത്യസന്ധതയോടെ ബോധ്യ പെടുത്തി .അങ്ങനെ രാജാവ് സവിതയ കൊട്ടാരത്തിലേക്ക് വിളിച്ചു വരുത്തി . എന്നിട്ട് “ഈ ഗ്രാമത്തിൽ നിന്ന് മറ്റു ഗ്രാമത്തിലേക്ക് പോക “ എന്ന് പറഞ്ഞു അപ്പോൾ സ്മിത കേണപേക്ഷിച്ചു . അപ്പോൾ രാജാവ് ഇവിടെ നിന്ന് പോകണ്ട എന്ന് ഇതാണ് നാം പറയുന്നത് ഒരിക്കലു അത്യാഗ്രഹം ചെയ്യാൻ പാടില്ലാ എന്ന് ഗുണപാഠം പറഞ്ഞു അങ്ങനെ സ്മിത അച്ചാർ സത്യസന്ധതയോട അച്ചാറുണ്ടാക്കി ചന്തയിൽ വിൽക്കാൻ തുടങ്ങി നല്ലപണമുണ്ടാക്കി ജീവിതം മുന്നോട്ടു നീട്ടി .*

*FATHIMATH SWALIHA*
*7 D*

## മഴക്കാലം

ഇടവമാസത്തിൽ ഇടിമുഴങ്ങി
ചറപറചറപറ മഴത്തുടങ്ങി
തോട്ടും പുഴയും നിറഞ്ഞൊഴുകി
പക്ഷിമൃഗാതികൾ നനഞ്ഞുപ്പോയി
റോഡുകളെല്ലാം പുഴകളായി
വാഹനമൊക്കെ വഴിയിലായി
കുട്ടികൾ ആഹ്ലാദപൂർവമായി
മഴയിൽ നനയാൻ തിടുക്കമായി
മാനുഷ്യരെല്ലാം ഭയന്നുപ്പോയി
കുടയും പിടിച്ചവർ ഓട്ടമായി

Krishnendhu D.R

# ഞാറ്റുവേലപൂക്കൾ

*ആടിത്തുങ്ങിയുലയുന്ന വെള്ളിലാവള്ളികളുടെ നടുവിൽ കൂടി ആമോദത്തോടെ അവർ അങ്ങനെ കളിക്കുകയായി ,രാമുവും കിങ്ങിണിയും.അമ്മയുടെ ശകാരാവാക്കുകൾ ശ്രുവിക്കാതെയാണ് ചേച്ചിയും അനിയനും ലീലകളാടുന്നത്.രാമുവിന്റെ പരിഹാസകരമായ കളികൾ കണ്ട് ദേഷ്യം പൂണ്ട് കിങ്ങിണിയുടെ തലയിൽ കലി വന്നു.ഭ്രാന്തുപിടിച്ച കാളയെപോലെ പേരക്ക നിലത്ത് വലിച്ചെറിഞ്ഞവൾ അടുക്കളയിലേക്ക് പോയി. അതു വേണ്ടായിരുന്നുവെന്ന് രാമു മനസിൽ ഒന്നു ചിന്തിച്ചു .അന്നു രാത്രി അവൾ തന്റെ സഹോദരൻ കൂടെ ഉറങ്ങിയില്ല . എന്നും നിലാവിന്റെ പുഞ്ചിരിയിൽ തന്നെ തലോടിക്കൊണ്ട് കഥകൾ പറഞ്ഞുതരുന്ന ചേച്ചി ഇന്ന് എന്തേ തന്റെ കൂടെ കിടന്നില്ല എന്ന ചിന്തയിലായി രാമു.ചേച്ചി അമ്മയുടെ കൂടെയാണ് കിടന്നത് തന്നെയുമല്ല ചേച്ചിയുടെ മുറിയിൽ വെളിച്ചമുണ്ട് . അവൻ പതുക്കെ തന്റെ കട്ടിലിൽ നിന്ന് ഇറങ്ങി ചേച്ചിയുടെ മുറിയിലേക്ക് പോയി. അമ്മ കാര്യമായ് എന്തോ പറയുകയാണ് .സാധാരണ എന്തുപറഞ്ഞാലും തന്നയാണ് അമ്മ ആദ്യം വിളിക്കുക .എന്നാൽ ഇന്ന് ചേച്ചിയെയാണ് വിളിച്ചത് . മാത്രമല്ല ചേച്ചി വളരെയധികം അസ്വസ്ഥതയായിരുന്നു .വളരെയധികം വിഷണ്ണയായിരിക്കുന്നു.*

പിറ്റേന്നു രാവിലെ സൂര്യന്റെ കിരണങ്ങൾ വരുന്നതിനുമുമ്പുതന്നേ ആരോ പ്രാർത്ഥനാഗീതം ചൊല്ലുകയാമണ്. രാമു പതുക്കെ ജനൽ കമ്പികളിൽ പിടിച്ച് പുറത്തേക്കുനോക്കി .അവൻ അത്ഭുതത്തോടെ നോക്കി ,പതിവില്ലാതെ ചേച്ചി നിലവിളക്കുമായ് തുളസിതടത്തിലേക്കു പോയി പ്രാർത്ഥന ഉരുവിടുകയായിരുന്നു.തന്റെ ചേച്ചിക്ക് എന്താണ് സംഭവിച്ചത് എന്ന് അവൻ അങ്ങനെ നിന്നു .ഏതായാലും താൻചെയ്ത കളിയാക്കലുകൊണ്ടല്ല ചേച്ചിക്ക് സംഭവിച്ചത് .ഇന്നലെ രാത്രി അമ്മയോടൊത്തുള്ള സംഭാഷണ- ത്തിലാണ് ചേച്ചിക്ക് സംഭിച്ചത്.അവൻ ചേച്ചിയുടെ അടുക്കൽ ചെന്നു എന്നിട്ടു ചോദിച്ചു ' എന്തേ നീ എന്നോടൊന്നും മിണ്ടാത്തത് 'രാമുവിനെ കെട്ടിപിടിച്ചവൾ മുത്തം നൽകി കരഞ്ഞുകൊണ്ടു പറഞ്ഞു 'ഇനി ഒരാഴിച്ചകഴിഞ്ഞാ മോൻ എല്ലാം സ്വന്തം ചെയ്തു പഠിക്കണോട്ടോ......ഒരു മൂളലോടെ അവൻ തലയാട്ടി .'എന്താ അവൾ ആ ഉത്തരം കൊണ്ട് ഉദ്ദേശിച്ചത് എനിക്ക് മനസിലാകുന്നില്ല 'വളരെ അസ്വസ്ഥതയോടെ അവൻ അമ്മയുടെ അടുത്തേക്ക് ഓടി .'അമ്മേ ചേച്ചിക്കെന്താ പറ്റിയത് 'അവൾ വേറൊരു വീട്ടിലേക്ക് പോവ്വാ 'എന്ത് അവൾക്ക് ഇവിടത്തെ ഭക്ഷണം ഇഷ്ടപെടുന്നില്ലേ ?ഒരു ചിരിയോടെ അമ്മ പറഞ്ഞു 'എടാ മോനേ അവൻ വേറൊരു വീട്ടിലേക്ക് പോകാൻ സമയമായി .അവളുടെ കല്യാണം ഒരാഴ്ച്ചക്കകം നടക്കും'.കല്ല്യാണം എന്നത് രാമു ഒരു പ്രാവിശ്യമേ കണ്ടിട്ടുള്ളു. അത് രമ ചേച്ചിയുടെയാണ് .അന്ന് രമചേച്ചി തന്റെ കുടുംബത്തെ വിട്ട് വേറൊരാളുടെ കൂടെ പോയി . അന്ന് രമ ചേച്ചി നന്നായി കരഞ്ഞിരുന്നു.എന്റെ ഈശ്വരാ ചേച്ചിയും ഞങ്ങളെ ഉപേക്ഷിച്ച് വേറൊരാളുടെ കൂടെ പോവുകയാണോ ? അവന് കാര്യം മനസിലായി .അവൻ ചേച്ചിയുടെ കൂടെ കിടന്നു .അന്ന് രാത്രി അവർ തമ്മിൽ ഒന്നു പറഞ്ഞില്ല ഒരാഴിച്ച കഴിഞ്ഞു അന്ന് എല്ലാവരും രാമുവിന്റ വീട്ടിൽ കല്യാണത്തിനു വന്നിരുന്നു . രാമവിന്റെ പുത്തനുടുപിട്ടിട്ടും അവന്റെ മുഖത്ത് പുഞ്ചിരി അപ്രത്യക്ഷമായിരുന്നു . കല്യാണം കഴിഞ്ഞ് ചേച്ചി പോകുമ്പോൾ അവന് കരച്ചിൽ വന്നു .ചേച്ചി വിങ്ങികരഞ്ഞുകൊണ്ട്കാറിൽ കയറി പോയി .ചേച്ചി നട്ടുവളർത്തിയ മുല്ലവള്ളിയിൽ പൂമൊട്ടുകൾ ഉണ്ടാവുന്നതു കാണാൻപോലും ചേച്ചിവന്നില്ല .രാമവിന് വളരെ സങ്കടമായി. ഇത്രയും കാലം ഒരുമിച്ചു നടന്നിട്ടും പെട്ടെന്ന് ഒരുദിനം ചേച്ചിയെങ്ങോട്ടോ പോകുന്നു ഇതുശെരിയല്ല .അവന്റെ മനസിൽ ദേഷ്യം വന്നു .അന്ന് അവൻ എല്ലാകാര്യവും ഒറ്റക്കാണ് ചെയ്തത് .അന്ന് അവൻ മനസിലാക്കി അവൻ വലുതായെന്ന്. ചേച്ചി വീടുവിട്ടുപോയാലും അവളുടെ ഓർമ മനസിൽ എന്നും ഉണ്ട് .അവളുടെ വികൃതികൾ മറക്കാം പക്ഷേ അവളുടെ ഓർമകൾ മറക്കാൻ അവന് ഒരിക്കലും കഴിയില്ല.



നന്ദന വിനോദ്

# സർപ്പക്കാവ്

എനിക്കുണ്ടൊരു തറവാട്
നാലുകെട്ടും നടുമുറ്റവും
പടിഞ്ഞാറുണ്ടൊരു സർപ്പക്കാവ്
കാറ്റും മരവും വള്ളിക്കുട്ടം
അപൂർവ സസ്യജാലങ്ങളും
വൻ മരം താഴെ സർപ്പത്തറ
നാഗരാജാവ് കുടികൊള്ളും കാവ്
കുംഭമാസം ആയില്യം സർപ്പത്തിൽ തിരുക്ഷേത്രം
അന്നേ നാളിൽ സർപ്പക്കാവിൽ
വിശേഷാൽ പൂജ നടന്നീടും
ആണ്ടിൽ അന്നേ തൊഴുതീടു.........
പാലും നൂറും കമുങ്ങിൻ പൂകുലയും
നിവേദ്യമായി പ്രകൃതിയെ തൻതനിമ
നിലനിർത്താം........

*krishnendhu.D.R*

## എന്റെ ഗ്രാമം.........

എന്തു മനോഹരമീ ഗ്രാമം.....
എന്തൊരു സുന്ദരമീ ഗ്രാമം.....
കാടും പുഴയും കാട്ടാറും....
ഒത്തൊരുമിച്ചൊരു കുഗ്രാമം......
മഴയും വെയിലും പുലരികളും...
വയലും മലയും തോടുകളും........
ധാർഷ്ട്യം കൊള്ളും കുഗ്രാമം......
കുയിലും പാട്ടും മയിലുകളും........
എന്നും പ്രിയമാണെന്നെന്നും.......
മാമരമുണ്ട് മാനവരുണ്ട്........
തേൻ പുഴയുണ്ടെൻ ഗ്രാമത്തിൽ....
എന്തു മനോഹരമീ ഗ്രാമം....
എന്തൊരു സുന്ദരമീ ഗ്രാമം.....

ആദിത്യ.ഇ.ബി

*7 A*

## അമ്മ

നേരം പുലർന്നിട്ട
രവി വരും നേരത്ത്
മിഴി തുറക്കാതെ കിടന്ന നേരം
മിഴിതുറക്കാനമ്മ പലവിധം മൊഴിയുന്ന
കേൾക്കാത്ത മട്ടിൽ കിടന്ന വീണ്ടും
ഞാൻ കേൾക്കാത്ത മട്ടിൽ കിടന്ന വീണ്ടും
വയ്യാതെ പിന്നയും അമ്മ മൊഴിഞ്ഞു
ഒന്നെഴുന്നേൽക്കെടാ പൊന്നുമോനേ
ഈ അമ്മക്കു ദീനമാ പൊന്നുമോനേ
മെല്ലെയെഴുന്നേറ്റ വന്നുഞാൻ അപ്പഴോ
പാലില്ല കടിയില്ല ഒന്നുമില്ല
കോപവും വാശിയും തിങ്ങിനിറഞ്ഞെൻ
മനമാകെ അഗ്നിയിൽ ജ്വലിച്ചുപോയി
സത്യമന്തെന്നറിയാതെ ഞാൻ അമ്മയെ
പലതും പറഞ്ഞു പരിഹസിച്ചു
ആദ്യമായമ്മ കരഞ്ഞതു കണ്ടപ്പോൾ
എൻമനമാകെ തകർന്നുപോയീ..........
പിന്നെ ഞാൻ നോക്കുന്ന നേരത്തെന്നമ്മ
വീണു കിടക്കുന്ന വെറും നിലത്ത്
ഒരുപാട് നേരം വിളിച്ചുനോക്കി അമ്മ
ഉണരുന്ന മട്ടതു തീരയില്ല
മെല്ലെ വിതുമ്പി ഞാൻ ഉള്ളിൽ  പറഞ്ഞു
എന്നമ്മ എൻ ദൈവമായിരുന്നു



നിരഞ്ജ്ന് കെ  ഇന്ദ്രൻ

# തോമസ് ആൽവാ എഡിസൺ

## മെൻലോപാർക്കിലെ മാന്ത്രികൻ

ലോകത്ത് ഏറ്റവും കൂടുതൽ കണ്ടുപിടിത്തങ്ങൾ നടത്തിയ ശാസ്ത്രജ്ഞനാണ് . "കണ്ടുപിടിത്തങ്ങളുടെ രാജാവ്" എന്നറിയപ്പെടുന്ന തോമസ് ആൽവാ എഡിസന്റെ 84 വർഷത്തെ ജീവിതിനിടെ 1093 കണ്ടുപിടിത്തങ്ങൾ അദ്ദേഹം നടത്തി. ഇന്ന് 'അതില്ലെങ്കിൽ എങ്ങനെ ജീവിക്കും ' എന്ന് തോന്നി പോകുന്ന മഹത്തയ നിരവധി കണ്ടുപിടിത്തങ്ങൾ .... ആവിശക്തിയിൽ ഇഴഞ്ഞു നീങ്ങിയ ലോകത്തിന് പരിഷ്കാരങ്ങളുടെ ആധുനിക ലോകത്തേക്ക് കുതിക്കാൻ അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങൾ പാതയൊരുക്കി .

വൈദ്യുതി ബൾബ് , ഫോണോഗ്രാഫ് , ഓഹരി വില പ്രദർശിപ്പിക്കുന്ന ടിക്കർ, വോട്ടിങ് യന്ത്രം, കാർ ബാറ്ററി ,വൈദ്യുതി ഉല്പാദന -വിതരണ സംവിധാനങ്ങൾ ,തുടങ്ങി മനുഷ്യജീവിതത്തെ മാറ്റി മറിച്ച നിരവധി കണ്ടുപിടിത്തങ്ങളും കണ്ടെത്തലുകളും നടത്തിയ അദ്ദേഹം 'മെൻലോ പാർക്കിലെ മാന്ത്രികൻ ' എന്നറിയപ്പെടുന്നു .

പരീക്ഷണങ്ങൾക്കിടയിൽ ഒരു രാസവസ്തുവിൽ നിന്ന് തീ പടർന്ന് അദ്ദേഹത്തിന്റെ ഓഫീസും പ്രസ്സും അഗ്നിക്കിരയായി .ഒരു റെയിൽവേ ഉദ്യോഗസ്ഥനിൽ നിന്ന് ചെവിക്കുറ്റിക്ക് നല്ലൊരു അടിയും കിട്ടി .തുടർന്ന് അദേഹത്തിന് വലിയ പനി പിടിപ്പെട്ടു .അസുഖം മാറിയപ്പോൾ വലതു ചെവിയുടെ കേൾവിയും നഷ്ട്ടപ്പെട്ടു .മറ്റേതിന്റെ കേൾവി ഭാഗികമായും .പിന്നീട് ഈ അരചെവിയുമായി ആണ് അദ്ദേഹം കണ്ടുപിടിത്തങ്ങളുടെ ലോകത്തെ ചക്രവർത്തി പദവിയിലേക്ക് സഞ്ചരിച്ചത് .

1931 ഒക്ടോബർ 18 ന ന്യൂ ജേഴ്സിയിലെ വെസ്റ്റ് ഓറഞ്ചിൽ അദ്ദേഹം അന്തരിച്ചു .ഒക്ടോബർ 21 ന അമേരിക്കയിലെ സകല വൈദ്യുത ദീപങ്ങളും ഒരു മിനിറ്റു നേരം അണച്ച് ലോകത്തിനു വെളിച്ചം നൽകിയ ആ മഹാപ്രതിഭയെ ആദരിച്ചു.

നേഹ ബിജു
*9A*

# വരയുടെ വർണ്ണലോകം



# സബ് ജില്ല-ജില്ല ഐറ്റി മേളയിലെ വിജയികൾ



## STATE SASTROLSAVAM WINNERS



*ABINANDA SHAJU-*
*DIGITAL PAINTING*



*DAN MATHEW SAJ*
*WEB PAGE DESIGN*



*DEVNA M SANKER*
*STRAW BOARD*
*MAKING*

## മീനങ്ങാടിയുടെ കരുത്ത് ---ജില്ലാ കായികമേള



# KALAMELA STATE WINNERS

## മീനങ്ങാടിയിലെ നക്ഷത്രങ്ങൾ



## പദശേഖരം


a©m-Sn-¡p¶.....................................................21
accolade..........................................................3
crowned..........................................................23
desire...............................................................35
electronics.......................................................22
encouraging.....................................................42
expectations.....................................................67
glowing ball of fire.........................................56
Man goes..........................................................75
NH766..............................................................81
personalities.....................................................16
reflected...........................................................43
satiate................................................................3
set it..................................................................15
stuff...................................................................14
brilliance..........................................................30
heaven..............................................................88
impossible........................................................24
परिवारस्य..........................................................18
भीगार...............................................................47
'We learn to serve'..........................................50
التخلص..............................................................34
मातृदेवो भव......................................................41
അത്യാഗ്രഹം ചെയ്യാൻ പാടില്ലാ.........................90
അലത്തല്ലി........................................................20
ആസ്വാദനത്തിന്റെ..........................................10
ഇൻസ്റ്റാൾ.........................................................51
എഴുത്തുപരീക്ഷ................................................48
ഐ എസ് ആർ ഒ 1961......................................58
ചന്ദ്രന്റെ പുഞ്ചിരി.............................................69
നാൽച്ചുമരിൻമേൽ............................................78
നേരത്തെന്നമ്മ.................................................95
പച്ചക്കറിത്തോട്ടം.............................................57
പിരണ്ടോടി........................................................26
പ്രകൃതി..............................................................29
പ്രോഗ്രാമിങ്ങ്...................................................38
ബ്രാഹ്മണന്റെ ഭാര്യ.........................................65
ഭാരതീയവിജ്ഞാനകേദാരം..............................44
ഭൗതികം..............................................................4
മാതൃസ്നേഹത്തിൻ...........................................72
ലിറ്റിൽ കൈറ്റിൽ...........................................40
വൃദ്ധസധനങ്ങളുടെ എണ്ണം..............................53
വെട്ടിക്കീറി.......................................................27
സമചിത്തതയോടെ..........................................62
സർഗ സ്പർശം...................................................8
സാന്ത്വനമായിന്നണയുകയോ............................17
സോഫ്റ്റ് ലാന്റിങ്ങില്.......................................60




E-mail :littlekites15048@gmail.com